33rd Year of Service 2025

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Price $1.00

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

February 07, 2025 | Vol. XXXIII No. 06 | Periodicals Postage Paid

4 ഉന്നത റാങ്കിനായി കോഴ
7 ക്നാനായ വിമൻസ് ഫോറത്തിന് പുതിയ നേതൃത്വം
8 ഐഎസ്ആർഒയുടെ നൂറാം വിക്ഷേപണം
13 10 പേർക്കു കൂടി വീടൊരുങ്ങുന്നു
18 ഓർമാ അന്താരാഷ്ട്ര പ്രസംഗമത്സരം

## സുരേഷ് ഗോപിയുടെ പ്രസ്താവന വിവാദമായി



ന്യൂഡൽഹി: ആദിവാസി ഗോത്രവിഭാഗങ്ങൾക്കു നേരാംവണ്ണം പുരോഗതി ഉറപ്പാക്കണമെങ്കിൽ ആദിവാസി വകുപ്പിന്റെ ചുമതലയിൽ ഉന്നതകുലജാതർ വരണമെന്ന കേന്ദ്രമന്ത്രി സുരേഷ് ഗോപിയുടെ പ്രസ്താവന വിവാദമായി. ന്യൂഡൽഹിയിൽ ബിജെപിയുടെ തെരഞ്ഞെടുപ്പ് പ്രചാരണത്തിനിടെയാണ് കേന്ദ്ര പെട്രോളിയം, ടൂറിസം സഹമന്ത്രി വിവാദം തൊടുത്തത്. അതുപോലെ, മുന്നാക്ക സമുദായങ്ങളുടെ ക്ഷേമത്തിനായി ആദിവാസി നേതാക്കൾക്ക് പോർട്ട്ഫോളിയോ നൽകണമെന്നും അദ്ദേഹം പറഞ്ഞു. ഇത്തരമൊരു മാറ്റം നമ്മുടെ ജനാധിപത്യ സംവിധാനത്തിനുള്ളിൽ ഉണ്ടാകണം. ആദിവാസി സമൂഹം നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ ബ്രാഹ്മണരോ നായിഡുമാരോ പോലുള്ള ഉന്നതജാതിക്കാരുടെ നേതൃത്വം അനിവാര്യമാണെന്നായിരുന്നു സുരേഷ് ഗോപിയുടെ വാക്കുകൾ. എന്നാൽ ആദ്യപരാമർശം വിവാദമായതോടെ കേന്ദ്രമന്ത്രി പിന്നീട് പ്രസ്താവം പിൻവലിച്ചു. (ശേഷം 30-ാം പേജിൽ)

## കേന്ദ്ര ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണത്തിന് വിജിലൻസ്

തിരുവനന്തപുരം: കേന്ദ്ര ജീവനക്കാർക്കെതിരെയുള്ള അഴിമതി ആരോപണങ്ങളിൽ അന്വേഷണം തുടരാൻ വിജിലൻസിനു കേരള സർക്കാരിന്റെ നിർദേശം. അന്വേഷണത്തിന്റെ പേരിൽ തങ്ങളുടെ ഉദ്യോഗസ്ഥരെ പോലീസ് അകാരണമായി പീഡിപ്പിക്കുന്നതായി കസ്റ്റംസ് പരാതി നൽകിയിട്ടുണ്ടെങ്കിലും തൽക്കാലം കേരള സർക്കാർ ഇതു ഗൗരവത്തിൽ എടുക്കില്ലെന്നാണു സൂചന. അഴിമതിക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിക്കണമെന്നാണു മുഖ്യമന്ത്രി പിണറായി വിജയന്റെ നിർദേശം.

യാതൊരു തെളിവുമില്ലാതെ കേരളത്തിലെ വിജിലൻസ് ഉദ്യോഗസ്ഥർ കസ്റ്റംസ് ഉദ്യോഗസ്ഥരുടെ വീടുകൾ റെയ്ഡ് ചെയ്യുകയാണെന്നും പരസ്പര ബഹുമാനവും വിശ്വാസ്യതയും കാത്ത് സൂക്ഷിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദേശം നൽകണമെന്നും ആവശ്യപ്പെട്ട് (ശേഷം 28-ാം പേജിൽ)

## കേന്ദ്ര ബജറ്റ്: 12.75 ലക്ഷം വരെ വാർഷിക വരുമാനത്തിന് നികുതിയില്ല

ന്യൂഡൽഹി: മൂന്നാം നരേന്ദ്ര മോദി സർക്കാരിന്റെ ആദ്യ സമ്പൂർണ ബജറ്റിൽ ധനമന്ത്രി നിർമല സീതാരാമൻ 12 ലക്ഷം രൂപവരെ വാർഷിക വരുമാനമുള്ളവരെ ആദായനികുതിയിൽനിന്ന് ഒഴിവാക്കി. റിബേറ്റ് അടക്കം 12.75 ലക്ഷം രൂപ വരെയുള്ളവർ ഇനി നികുതി അടയ്ക്കേണ്ട. എന്നാൽ, ജിഎസ്ടി നിരക്കുകളിൽ പ്രതീക്ഷിച്ച പരിഷ്കാരമുണ്ടായില്ല. കേരളത്തെ അവഗണിച്ച കേന്ദ്ര ധനമന്ത്രി നിർമല സീതാരാമന്റെ ബജറ്റ് പ്രസംഗത്തിലുടനീളം ഈ വർഷം നിയമസഭാ തെരഞ്ഞെടുപ്പ് നടക്കുന്ന ബീഹാറിനായിരുന്നു പ്രത്യേക പരിഗണന.

ആണവമേഖലയിൽ സ്വകാര്യ പങ്കാളിത്തം, ഇൻഷ്വറൻസ് മേഖലയിൽ സമ്പൂർണ വിദേശനിക്ഷേപം (എഫ്ഡിഐ പരിധി 74-ൽനിന്ന് 100 ശതമാനമാക്കി) തുടങ്ങി ദൂരവ്യാപക ഫലങ്ങളുണ്ടാക്കുന്ന സുപ്രധാന നയതീരുമാനങ്ങളും ധനമന്ത്രിയുടെ എട്ടാമത്തെ ബജറ്റിലുണ്ട്. സ്വകാര്യ കമ്പനികളുടെ പങ്കാളിത്തത്തോടെ 2047-ഓടെ കുറഞ്ഞത് 100 ജിഗാവാട്ട് ആണവോർജം ഉത്പാദിപ്പിക്കുകയാണു ലക്ഷ്യമെന്ന് മന്ത്രി പറഞ്ഞു. ആണവോർജ നയപരിഷ്കാരങ്ങൾ ചരിത്രപരമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ചൂണ്ടിക്കാട്ടി.

ആദായനികുതി പരിധി 12 ലക്ഷമാക്കി ഉയർത്തി. സ്റ്റാൻഡേർഡ് ഡിഡക്ഷൻ കൂട്ടിയാൽ 12.75 ലക്ഷം രൂപ വരെ നികുതിയില്ല. പ്രതിരോധ മേഖലയ്ക്ക് 6.81 ലക്ഷം കോടി രൂപ. വീട്ടുവാടകയിലെ നികുതിയിളവ് പരിധി ആറു ലക്ഷമാക്കി. ആദായനികുതി അടയ്ക്കുന്നതിലെ കാലതാമസത്തിൽ ശിക്ഷാനടപടി ഉണ്ടാകില്ല. നവീകരിച്ച ഇൻകം ടാക്സ് റിട്ടേണുകൾ നല്കാനുള്ള കാലാവധി നാലു വർഷമാക്കി. മുതിർന്ന പൗരന്മാരുടെ ടിഡിഎസ് പരിധി ഒരു ലക്ഷമാക്കി ഉയർത്തി. (ശേഷം 30-ാം പേജിൽ)



മൂന്നാം നരേന്ദ്ര മോദി സർക്കാരിന്റെ ആദ്യ സമ്പൂർണ പൊതുബജറ്റ് അവതരിപ്പിക്കാൻ പാർലമെന്റിലെത്തിയ കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ.

### ലൈംഗികാതിക്രമ കേസ്:
## മുകേഷിനും മണിയൻപിള്ള രാജുവിനുമെതിരെ കുറ്റപത്രം സമർപ്പിച്ചു

കൊച്ചി: ആലുവ സ്വദേശിനിയായ നടിയുടെ പരാതികളിൽ നടനും എംഎൽഎയുമായ എം. മുകേഷ്, നടനും നിർമാതാവുമായ മണിയൻപിള്ള രാജു, സംവിധായകൻ ശ്രീകുമാർ മേനോൻ എന്നിവർക്കെതിരെ രജിസ്റ്റർ ചെയ്ത കേസുകളിൽ പ്രത്യേക





അന്വേഷണസംഘം (എസ്ഐടി) കുറ്റപത്രങ്ങൾ സമർപ്പിച്ചു.

എറണാകുളം ജുഡീഷൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിലാണ് കുറ്റപത്രങ്ങൾ സമർപ്പിച്ചത്.

മുകേഷിനെതിരെ ഉയർന്ന ആരോപണങ്ങൾ തെളിഞ്ഞെന്നും മണിയൻപിള്ള രാജുവിനെതിരായ കേസിൽ സാഹചര്യത്തെളിവുകളുണ്ടെന്നും കുറ്റപത്രങ്ങളിൽ പറയുന്നു.

കഴിഞ്ഞവർഷം ഓഗസ്റ്റിലാണ് ആലുവ സ്വദേശിനി മുകേഷിനെതിരെ പരാതി നൽകിയത്.

സിനിമയിൽ അവസരം വാഗ്ദാനം ചെയ്തും താരസംഘടനയായ 'അമ്മ'യിൽ അംഗത്വം നൽകാമെന്ന് ഉറപ്പുനൽകിയും ലൈംഗികമായി ചൂഷണം ചെയ്തെന്നായിരുന്നു പരാതി. 2010-ലായിരുന്നു കേസിനാസ്പദമായ സംഭവം.

സംഭവം നടന്ന് വർഷങ്ങൾ പിന്നിട്ടെങ്കിലും ഡിജിറ്റൽ തെളിവുകൾ ശേഖരിക്കാൻ പ്രത്യേക അന്വേഷണസംഘത്തിനു കഴിഞ്ഞത് നേട്ടമായി. ഇ-മെയിൽ സന്ദേശങ്ങളും വാട്സ്ആപ്പ് ചാറ്റുകളും പരാതിക്കാരുമായി മുകേഷ് ഒരുമിച്ച് യാത്ര ചെയ്തതിന്റെ സാഹചര്യത്തെളിവുകളും ഇവരെ ഒരുമിച്ചു കണ്ട സാക്ഷികളുടെ മൊഴികളും ഉൾപ്പെടെയുള്ള തെളിവുകളാണ് ലഭിച്ചിട്ടുള്ളത്. കേസിൽ മുകേഷിനെ അറസ്റ്റ് ചെയ്യുകയും ജാമ്യത്തിൽ വിടുകയും ചെയ്തിരുന്നു.

കുട്ടിക്കാനത്തുനിന്ന് ലൊക്കേഷനിലേക്ക് കാറിൽ പോകുന്നതിനിടെ ലൈംഗികച്ചുവയോടെ സംസാരിക്കുകയും കടന്നുപിടിക്കാൻ ശ്രമിക്കുകയും ചെയ്തുവെന്നാണ് മണിയൻപിള്ള രാജുവിനെതിരായ പരാതി. 2009-ലായിരുന്നു സംഭവം.

പരസ്യചിത്രത്തിന്റെ ചിത്രീകരണത്തിനായി അവസരം വാഗ്ദാനം ചെയ്തതനുസരിച്ച് എത്തിയപ്പോൾ കുണ്ടന്നൂരിലെ പഞ്ചനക്ഷത്ര ഹോട്ടലിൽവെച്ച് പീഡിപ്പിച്ചെന്നാണ് ശ്രീകുമാർ മേനോനെതിരായ കേസ്.

Visit Our Website: www.keralaexpress.com

**nella CONSULTING**
ACCOUNTING | TAX | CONSULTING



# FOR ALL YOUR PERSONAL AND BUSINESS TAX SERVICES

**TOMY NELLAMATTAM, E.A.**
**Enrolled to Practice Before IRS**
Nella Consulting Inc
755 Milwaukee Ave, Glenview, IL 60025
**(847) 486-4112 (Office)**
**(847) 302-8556 (cell)**

*FREE ELECTRONIC FILING*
*FULL TIME IN ACCOUNTING & TAX SERVICES*



Partner
**ALVIN NELLA, CPA, MBA**



Steve Crifase

LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

## Trusted Representation
## Achieves Aggressive Financial Results

- ★Over $ 50M Recovered and Collected For Our Clients
- ★Top AV Peer Review Rated Since 1991 For Pre-eminent Legal Ability and Professional Ethics
- ★Free Confidential Consultation On All Matters Home Visits Available
- ★Personal Injuries-Wrongful Death - Work Injuries

**Your call is Always Welcome**

# Crifase Law Firm

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, IL 60603
**312-855-0511**

Serious Lawyers For Serious Cases
Call Today To See What Your Case Is Really Worth
Recent Financial Recoveries
For Our Clients And Their Families

| | |
|---|---|
| $1,500,000.00 | Jury Verdict Car Crash Neck Injury |
| $5,000,000.00 | Car Crash – Brain Injury |
| $700,000.00 | Medical Malpractice Stillborn Baby |
| $1,500,000.00 | Wrongful Death – Car Crash |
| $750,000.00 | Medical Malpractice – Fetal Injury |
| $600,000.00 | Medical Malpractice – Fetal Injury |
| $200,000.00 | Work Injury – Shoulder Surgery |
| $149,000.00 | Slip and Fall – Knee Injury |
| $239,000.00 | Work Injury – Shoulder Surgery |
| $190,000.00 | Car Crash – Back Injury |
| $338,000.00 | Work Injury – Shoulder/Wrist Surgery |

**We Want A Long Term Relationship With You**

Steve Crifase
http://www.crifaselaw.com/
Steve@CrifaseLaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago IL 60603
Phone: (312) 855-0511
Fax: (312) 855- 0537

**Fee Discounts Available To Malayalee Clients On Specific Cases**

BBB A+ Rating Better Business Bureau
AV PREEMINENT® Peer Rated for Highest Level of Professional Excellence 2018


MEDICARE PLANS
QUESTIONS ANSWERED
• ZERO PREMIUM PPO PLANS
• PRESCRIPTION DRUG BENEFIT
• DENTAL, VISION & HEARING
• WORLD WIDE COVERAGE
• FREE GYM MEMBERSHIP
• SUPPLEMENT BENEFITS
CONTACT
Raj Surendran, MBA
Senior Medicare Specialist
708-945-3985
www.questwealthgroup.com
rsurendran007@gmail.com


ARACKAL
VACATION HOME
UZHAVOOR, KOTTAYAM, KERALA
5 BEDROOMS (3 BR A/C), 6 BATHROOMS
LIVING, DINING & KITCHEN
READY TO OCCUPY FOR WEEKLY OR MONTHLY RENT
UZHAVOOR CHURCH & PARTY HALL NEARBY
FOR BOOKING:
USA: RAJU ARACKAL
@ 404 567 9189
INDIA: JOBIN MATHEW
@ 9961605244
EMAIL: JOBIONMATHEW@YAHOO.COM


JAIBU MATHEW KULANGARA
& ASSOCIATES
For Personal & Business
TAX SERVICE
Jaibu Mathew Kulangara, E.A.
Entrolled to Practice before IRS
Christine Mathew
Lead Associate
7215 W.Touhy,
Suite 6
CHICAGO, IL 60631
773 792 2117 OFFICE
847 298 0786 HOME
312 718 6337 CELL
773 792 2118 FAX
E-mail:tax@jaibu.com
Web:www.jaibu.com
TAX
Free Electronic Filing

# ഉന്നത റാങ്കിനായി കോഴ: നാക് ഇൻസ്പെക്ഷൻ കമ്മിറ്റി ചെയർമാൻ ഉൾപ്പെടെ പിടിയിൽ


ന്യൂഡൽഹി: ഉന്നത റാങ്കിങ് നൽകുന്നതിനായി ആന്ധ്രയിലെ സ്ഥാപനത്തിൽനിന്നു കോഴ സ്വീകരിച്ച കേസിൽ നാക് ഇൻസ്പെക്ഷൻ കമ്മിറ്റി ചെയർമാനും ആറ് അംഗങ്ങളും ഉൾപ്പെടെ 10 പേരെ സിബിഐ അറസ്റ്റ് ചെയ്തു. നാക് ഇൻസ്പെക്ഷൻ കമ്മിറ്റി ചെയർമാൻ സമരേന്ദ്ര നാഥ് സാഹ, നാക് കമ്മിറ്റി അംഗവും ജെഎൻയു പ്രഫസറുമായ രാജീവ് സിജാരിയ, മറ്റ് അംഗങ്ങളായ ഡി. ഗോപാൽ, രാജേഷ് സിങ് പവാർ, മാനസ് കുമാർ മിശ്ര, ഗായത്രി ദേവരാജ, ബുലു മഹാറാണ എന്നിവരാണ് അറസ്റ്റിലായത്.

ആന്ധ്രയിലെ കൊണേരു ലക്ഷ്മയ്യ എജ്യുക്കേഷൻ ഫൗണ്ടേഷനു വേണ്ടിയായിരുന്നു കോഴ. ഈ സ്ഥാപനത്തിന്റെ വൈസ് ചാൻസലർ ജി.പി. സാരഥി വർണ, വൈസ് പ്രസിഡണ്ട് കൊണേരു രാജ ഹരീൻ, സ്ഥാപനത്തിനു കീഴിലുള്ള കെ.എൽ. സർവകലാശാല ഡയറക്ടർ എ. രാമകൃഷ്ണ എന്നിവരും അറസ്റ്റിലായിട്ടുണ്ട്.

നാക് റാങ്കിങ്ങിൽ എപ്ലസ്പ്ലസ് ഗ്രേഡ് ലഭിക്കാനായിരുന്നു കോഴ നൽകിയത്. 37 ലക്ഷം രൂപ, സ്വർണം, ഒരു ഐഫോൺ 16 പ്രോ മൊബൈൽ ഫോൺ, 6 ലാപ്ടോപ്പുകൾ തുടങ്ങിയവ സിബിഐ പിടിച്ചെടുത്തു. കേസുമായി ബന്ധപ്പെട്ട് ഇന്ത്യയിൽ 20 ഇടങ്ങളിൽ റെയ്ഡ് നടത്തി.

കൊണേരു ലക്ഷ്മയ്യ എജ്യുക്കേഷൻ ഫൗണ്ടേഷന്റെ പ്രസിഡണ്ട് കൊണേരു സത്യനാരായണ, നാക് മുൻ ഡപ്യൂട്ടി അഡൈ്വസർ എൽ. മഞ്ജുനാഥ റാവു, ബെംഗളൂരു സർവകലാശാല പ്രഫസർ എം. ഹനുമന്തപ്പ, നാക് ഉപദേഷ്ടാവ്- എം.എസ്. ശ്യാംസുന്ദർ എന്നിവരെയും പ്രതിപ്പട്ടികയിൽ ചേർത്തിട്ടുണ്ട്. ഇവരുടെ അറസ്റ്റ് ചെയ്തിട്ടില്ല.

# മുൻ മുഖ്യതെരഞ്ഞെടുപ്പ് കമ്മീഷണർ നവീൻ ചാവ്‌ല അന്തരിച്ചു



ന്യൂഡൽഹി: മുൻ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ നവീൻ ചാവ്‌ല (79) അന്തരിച്ചു. 2009 ഏപ്രിൽ മുതൽ 2010 ജൂലൈ വരെ ചാവ്‌ലയായിരുന്നു മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ. ബിജെപിയുടെ പരാതി പരിഗണിച്ച് അദ്ദേഹത്തെ തെരഞ്ഞെടുപ്പ് കമ്മീഷണർ സ്ഥാനത്തു നിന്ന് നീക്കണമെന്ന് ശിപാർശ ചെയ്യുകയുണ്ടായെങ്കിലും സർക്കാർ നടപടിയെടുത്തില്ല. ലോക്സഭാ മുൻ പ്രതിപക്ഷ നേതാവായിരുന്ന എൽ.കെ. അഡ്വാനിയും 204 എംപിമാരും 2006-ൽ ചാവ്‌ലയ്ക്കെതിരെ രാഷ്ട്രപതി എപിജെ അബ്ദുൾ കലാമിന് പരാതി നല്കി. ഈ വിഷയം ബിജെപി സുപ്രീംകോടതിയിൽ എത്തിക്കുകയും ചെയ്തു.

1945 ജൂലൈ 30-ന് ന്യൂഡൽഹിയിൽ ജനിച്ച ചാവ്‌ല 1969-ലാണ് ഐഎഎസിലെത്തിയത്. മദർ തെരേസയുടെ ജീവചരിത്രകാരൻ എന്ന നിലയിലും പ്രശസ്തനാണ്. ഫോട്ടോഗ്രാഫർ രഘു റായിയുമായി ചേർന്ന് 'ഫെയ്ക്ക് ആൻഡ് കംപാഷൻ, ദ ലൈഫ് ആൻഡ് വർക്ക് ഓഫ് മദർ തെരേസ' എന്ന പുസ്തകവും പ്രസിദ്ധീകരിച്ചു. സ്ത്രീയോ പുരുഷനോ അല്ലാത്ത വോട്ടർമാർക്ക് 'മറ്റുള്ളവർ'എന്ന വിഭാഗത്തിൽ രജിസ്റ്റർ ചെയ്യാൻ അനുവദിക്കണമെന്ന നിർദേശം മുന്നയിച്ചത് ചാവ്‌ലയാണ്.

# വൈദികന്റെ ഒന്നരക്കോടി തട്ടിയ രണ്ടുപേർ പിടിയിൽ

കോട്ടയം: ഓൺലൈൻ ട്രേഡിംഗിലൂടെ വൈദികന്റെ ഒന്നരക്കോടി രൂപ തട്ടിയെടുത്ത സംഭവത്തിൽ രണ്ടുപേർ പിടിയിൽ. താമരശേരി പെരുമ്പള്ളി കുന്നത്ത് വീട്ടിൽ മുഹമ്മദ് മിനാജ് (21), ചെറുപ്ലാട് ഷംനാദ് (32)എന്നിവരെയാണ് കടുത്തുരുത്തി സ്റ്റേഷൻ ഹൗസ് ഓഫീസർ ഇൻസ്പെക്ടർ റെനീഷ് ഇല്ലിക്കൽ അറസ്റ്റ് ചെയ്തത്.

കോതനല്ലൂർ തൂവാനീസ പ്രാർത്ഥനാലയത്തിലെ അസി. ഡയറക്ടർ ഫാ. ടിനേഷ് കുര്യൻ പിണർക്കയിലിൽ നിന്നാണ് പണം തട്ടിയെടുത്തത്. ഓൺലൈൻ ട്രേഡിങ്ങിലൂടെ അമിത ലാഭം നല്കാമെന്നു വാഗ്ദാനം ചെയ്താണ് പ്രതികൾ വൈദികനെ കബളിപ്പിച്ചത്. പ്രമുഖ കമ്പനിയുടെ പേരിലുള്ള മൊബൈൽ ആപ്പ് ഉപയോഗിച്ചാണ് തട്ടിപ്പ്സംഘം വൈദികനെ കുടുക്കിയത്.ഇതേത്തുടർന്ന് സുഹൃത്തുക്കളിൽ നിന്നും ബന്ധുക്കളിൽ നിന്നും പണം സ്വരൂപിച്ച് ഒന്നരക്കോടി രൂപ നിക്ഷേപിക്കുകയായിരുന്നു.

തുടർന്നു പോലീസ് നടത്തിയ അന്വേഷണത്തിൽ ഉത്തരേന്ത്യൻ സംഘമാണ് തട്ടിപ്പിനു പിന്നിലെന്നു കണ്ടെത്തി. വിവിധ അക്കൗണ്ടുകളിലേക്കാണ് പണം തട്ടിപ്പ് സംഘം വകമാറ്റിയിരിക്കുന്നതെന്നും കണ്ടെത്തിയിരുന്നു. ഇതേത്തുടർന്ന് നടത്തിയ അന്വേഷണത്തിലാണ് കേരളത്തിലെ വിവിധ എടിഎമ്മുകളിൽ നിന്ന് എട്ടു തവണയായി 1.40 ലക്ഷം രൂപ പിൻവലിച്ചതായി കണ്ടെത്തിയത്.

# എയർ ഇന്ത്യ അന്താരാഷ്ട്ര വിമാനങ്ങളുടെ എണ്ണം കൂട്ടുന്നു

ന്യൂഡൽഹി: അന്താരാഷ്ട്ര വിമാന സർവീസുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ എയർ ഇന്ത്യ തയ്യാറെടുപ്പുകൾ തുടങ്ങി. ആദ്യഘട്ടത്തിൽ ഡൽഹിയിൽനിന്ന് പുറപ്പെടുന്ന ഇന്റർനാഷണൽ ഫ്ളൈറ്റുകളുടെ എണ്ണത്തിലായിരിക്കും വർദ്ധന വരുത്തുക. അധിക സർവീസുകൾ ഏപ്രിൽ മുതൽ ആരംഭിച്ചേക്കും.

അന്താരാഷ്ട്ര യാത്രയ്ക്കുള്ള വർദ്ധിച്ചുവരുന്ന ഡിമാൻഡ് കണക്കിലെടുത്താണ് ടാറ്റാ ഗ്രൂപ്പിന്റെ ഉടമസ്ഥതയിലുള്ള എയർ ഇന്ത്യ അന്താരാഷ്ട്ര ശൃംഖല മെച്ചപ്പെടുത്താൻ തീരുമാനിച്ചത്. മാറ്റങ്ങളിലൂടെ മുൻനിര ആഗോള കാരിയർ എന്ന സ്ഥാനം വീണ്ടെടുക്കാനുള്ള എയർ ഇന്ത്യയുടെ സുപ്രധാന തന്ത്രത്തിന്റെ ഭാഗമായാണ് പുതിയ വിമാനങ്ങൾ ഏർപ്പെടുത്തുന്നത്.

ഈ മാറ്റങ്ങൾ നിലവിലെ കണക്ടിവിറ്റി മെച്ചപ്പെടുത്തുകയും യാത്രക്കാർക്ക് കൂടുതൽ ആകർഷകമായ ഓപ്ഷനുകൾ നല്കുകയും ചെയ്യുമെന്നാണ് എയർ ഇന്ത്യ പ്രതീക്ഷിക്കുന്നത്. ഡൽഹി-നെയ്റോബി (കെനിയ) റൂട്ടിൽ ആഴ്ചയിൽ മൂന്ന് സർവീസുകളാണ് നടത്തുന്നത്. ഏപ്രിൽ മുതൽ ഇത് ആഴ്ചയിൽ നാല് സർവീസായി ഉയർത്തും. എയർ ഇന്ത്യയാണ് മേഖലയിലെ ഏക എയർലൈൻ. ബോയിങ്-787-8 വിമാനങ്ങളാണ് സർവീസ് നടത്തുന്നത്. ഡൽഹിക്കു പുറമെ നെയ്റോബിയുമായി ബന്ധിപ്പിക്കുന്ന ഏകനഗരം മുംബൈ ആണ്.

ഡൽഹി-സിയോൾ (ദ.കൊറിയ) റൂട്ടിലും ആഴ്ചയിൽ നാല് സർവീസ് ഉള്ളത് ഏപ്രിൽ ഒന്നു മുതൽ അഞ്ചായി വർദ്ധിപ്പിക്കും. മേഖലയിൽ കൊറിയൻ എയറുമായാണ് എയർ ഇന്ത്യയുടെ മത്സരം. ബോയിങ് 787-9 ഉപയോഗിച്ച് അവർ ആഴ്ചയിൽ ആറ് സർവീസ് നടത്തുന്നു. സിയോളിലേക്ക് നോൺസ്റ്റോപ്പ് ഫ്ളൈറ്റുകൾ ഉള്ള ഇന്ത്യയിലെ ഏക നഗരമാണ് ഡൽഹി.

ഡൽഹി-വിയന്ന (ഓസ്ട്രിയ) സർവീസ് ആഴിചയിൽ മൂന്നെണ്ണമാണ് നിലവിൽ ഉള്ളത്. ഇത് ആഴ്ചയിൽ നാലാക്കാനാണ് തീരുമാനം. മെയ് 11 മുതൽ അധിക സർവീസുകൾ പ്രാബല്യത്തിൽ വരും. വിയ്നയിലേക്ക് ബോയിങ് 187-8 വിമാനങ്ങളാണ് സർവീസ് നടത്തുന്നത്. ഈ മേഖലയിലെ ഏക എയർലൈൻ എയർ ഇന്ത്യയാണ്. മുമ്പ് ലുഫ്താൻസ ഗ്രൂപ്പ് ഈ റൂട്ടിൽ സർവീസ് ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നെങ്കിലും പ്രാബല്യത്തിൽ വന്നില്ല.

ഡൽഹി-സൂറിച്ച് (സ്വിറ്റ്സർലൻഡ്) ഫ്ളൈറ്റുകൾ ആഴ്ചയിൽ നാല് എന്നുള്ളത് മെയി 11 മുതൽ അഞ്ച് സർവീസായി ഉയർത്തും.

മേഖലയിൽ സ്വിറ്റ് ഇന്റർനാഷണൽ എയർലൈൻസുമായാണ് എയർ ഇന്ത്യ മത്സരിക്കുന്നത്. അവർ എയർബസ് എ 330-300 വിമാനങ്ങൾ ഉപയോഗിച്ച് പ്രതിദിനം സർവീസ് നടത്തുന്നുണ്ട്.

# വലിയ വാഹനമോടിക്കുന്നവർക്കും ഇരുചക്രവാഹനയാത്രികർക്കും ഒരേ അവകാശം: കോടതി

കൊച്ചി: പൊതു റോഡുകളിൽ വലിയ വാഹനങ്ങൾ ഓടിക്കുന്നവർക്കുള്ള അതേ അവകാശങ്ങൾ ഇരുചക്രവാഹനം ഓടിക്കുന്നവർക്കും ഉണ്ടെന്നു ഹൈക്കോടതി.

രാത്രികാലങ്ങളിൽ, മോട്ടർ വാഹനചട്ടങ്ങൾ ലംഘിച്ചു ലൈറ്റുകൾ ഘടിപ്പിച്ചു പോകുന്ന ഭാരവാഹനങ്ങൾക്കു മുന്നിൽപ്പെടുന്ന ചെറുവാഹനങ്ങൾ അപകടത്തിൽപ്പെടുന്ന സംഭവങ്ങൾ കൂടിവരികയാണെന്നു ജസ്റ്റിസ് അനിൽ കെ. നരേന്ദ്രൻ, ജസ്റ്റിസ് എസ്. മുരളീകൃഷ്ണ എന്നിവരുൾപ്പെട്ട ഡിവിഷൻ അഭിപ്രായപ്പെട്ടു. ചട്ടവിരുദ്ധമായി ലൈറ്റുകൾ ഘടിപ്പിക്കുന്ന വാഹനങ്ങൾക്കു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കിട്ടുന്നത് എങ്ങനെയാണെന്ന് അന്വേഷിക്കണമെന്നു കോടതി പറഞ്ഞു. മൂന്നാറിൽ കെഎസ്ആർടിസി ഡബിൾ ഡെക്കർ ബസുകൾക്കു മാനദണ്ഡങ്ങളിൽ സർക്കാർ ഇളവു നൽകിയതുമായി ബന്ധപ്പെട്ട് സ്വമേധയാ എടുത്ത ഹർജിയാണു കോടതി പരിഗണിച്ചത്. സർക്കാരിന്റെയും കെഎസ്ആർടിസിയുടെയും റിപ്പോർട്ട് കോടതി തേടി.

# അനധികൃതമായി താമസിച്ച ബംഗ്ലാദേശികൾ പിടിയിൽ

കോട്ടയം: പറവൂരിൽ അനധികൃതമായി താമസിച്ചിരുന്ന 27 ബംഗ്ലാദേശികൾ പിടിയിൽ. ഓപ്പറേഷൻ ക്ലീൻ പദ്ധതിയുടെ ഭാഗമായി ജില്ലാ പോലീസ് മേധാവി ഡോ. വൈഭവ് സക്സേനയുടെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിലാണ് പറവൂർ മന്നം ഭാഗത്തു താമസിച്ചിരുന്ന ബംഗ്ലാദേശികളെ പിടികൂടിയത്.

മന്നം സ്വദേശി ഹർഷാദ് ഹുസൈൻ വാടകയ്ക്കെടുത്ത വീട്ടിൽ നിന്നാണ് ഇവരെ കസ്റ്റഡിയിലെടുത്തത്. പലതരം ജോലികളാണ് ബംഗ്ലാദേശികൾ ഇവിടെ ചെയ്തുകൊണ്ടിരുന്നത്. ഇന്ത്യയിലെ പലയിടങ്ങളിൽ തങ്ങിയ ശേഷമാണ് ഇവർ പറവൂരിലെത്തിയത്. ബംഗ്ലാദേശിൽ നിന്നും അതിർത്തിയിലെ പുഴ കടന്നാണ് ഇന്ത്യയിലേക്കു വന്നതെന്ന് പിടിയിലായവർ പറഞ്ഞു. ഇന്ത്യൻ രേഖകളെല്ലാം ബംഗ്ലാദേശിൽ വെച്ച് ഏജന്റുമാർ ശരിയാക്കി നല്കിയതാണെന്നും പിടിയിലായവർ പറഞ്ഞു. ഇവർക്ക് ഇവിടെ സഹായം ചെയ്തു നല്കിയവരും നിരീക്ഷണത്തിലാണ്. പരിശോധന ശക്തമാക്കുമെന്ന് ജില്ലാ പോലീസ് മേധാവി ഡോ. വൈഭവ് സക്സേന പറഞ്ഞു.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIII
Number 06
February 07, 2025

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Cir2culation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

KERALA EXPRESS (USPS 011-008)
is published Weekly for $54.00 per year
by Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

**Periodicals Postage Paid Chicago, Illinois and additional mailing offices**

**POST MASTER:**
Send Address Changes to
Kerala Express, Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

### മഹദ്വചനം

സത്യം വെറുമൊരു വാക്കല്ല. ജീവിതം മുഴുവൻ സത്യമാക്കി തീർക്കണം.

**ഗാന്ധിജി**

ആയിരം മുന്നറിയിപ്പുകളേക്കാൾ അനുഭവത്തിന്റെ ഒരു മുള്ള് വിലപ്പെട്ടതാണ്.

**ജോൺ ലോവൽ**


Law Office of Sovmya George
IMMMIGRATION LAW FIRM
SERVICES:
Asylum
Cancellation of Removal
EB-1 | EB-2 | EB-3
EB-2 NIW
L-1A
Marriage-Based Green Card
Family-Based Green Card
U Visa
VAWA
U.S. Citizenship
Work Permit,
Re-entry Permit, etc.
"We Handle Cases All Across the USA!"
-Sovmya George, Esq.
Contact:
www.lawofficesg.com
call/text: 972-905-0948
sovmya.george@lawofficesg.com
Read our stellar reviews


K.O. JOSE & ASSOCIATES, INC.
Certified Public Accountants
• Compilation
• Setup Small Business Corporations
• Personal & Business Income Taxes
• Free Electronic Filing
• Non-Profit Tax Exemption from IRS
• Install Accounting Packages
• Retirement and Estate Planning
K.O. JOSE, CPA
Tel: 847-724-3020 • Cell: 847-833-6038
CPA
America Counts on CPAs
taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com


B&M
AUTO COLLISION CTR
Anish Eapen and Bob Trytko want to wish you a Happy New Year
Fast and
EFFICIENT
Quality
REPAIR
WE WORK WITH ALL INSURANCE COMPANIES,
CALL ANISH EAPEN @ 773-263-9863
4440 West Addison
Chicago, IL 60641
Tel: 773-685-3200
Fax: 773-685-7388
www.bmautocollision.com

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ
സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# ചരിത്രവിജയം കുറിച്ച് ഐഎസ്ആർഒ

ശ്രീഹരിക്കോട്ടയിൽനിന്ന് 46 വർഷം മുൻപ് ആരംഭിച്ച ഇന്ത്യൻ ബഹിരാകാശ ഗവേഷണ സംഘടനയുടെ (ഐഎസ്ആർഒ) ബഹിരാകാശ വിക്ഷേപണക്കുതിപ്പ് നൂറിന്റെ നിറവിലെത്തിനിൽക്കുന്നു. സതീഷ് ധവാൻ സ്പെയ്സ് സെന്ററിൽനിന്ന് ഗതിനിർണയ സംവിധാനങ്ങൾക്കുള്ള എൻവിഎസ് 02 ഉപഗ്രഹവുമായി ജിഎസ്എൽവിഎഫ് 15 റോക്കറ്റ് കുതിച്ചുയർന്നപ്പോൾ ഐഎസ്ആർഒയ്ക്കും ഇന്ത്യക്കും അഭിമാനനേട്ടമായി. ശ്രീഹരിക്കോട്ടയിൽനിന്ന് 1979-ൽ തുടങ്ങിയ യാത്രയാണ് ഒട്ടേറെ നിർണായകപടവുകൾ താണ്ടി നൂറാം വിക്ഷേപണമെന്ന നാഴികക്കല്ലിലെത്തി നിൽക്കുന്നത്.

തദ്ദേശീയ ഉപഗ്രഹ നിർമാണത്തിനു കൂടുതൽ കരുത്തേകുന്നതാണ് ഇപ്പോഴത്തെ 'ജിഎസ്എൽവി-എഫ് 15 എൻവിഎസ്-02' വിജയം. ഈയിടെ സ്പേഡെക്സ് ഇരട്ട ഉപഗ്രഹങ്ങളുടെ സംയോജനം ബഹിരാകാശത്തു വിജയകരമായി പൂർത്തിയാക്കി ഡോക്കിങ് ശേഷി നേടിയതിലൂടെ സങ്കീർണമായ ഏതു സാങ്കേതികവിദ്യയിലും നമുക്കു കയ്യൊപ്പു ചാർത്താനാകുമെന്നു തെളിയിച്ച ഐഎസ്ആർഒയുടെ മറ്റൊരു അഭിമാനവിജയമാണിത്. ലോകരാഷ്ട്രങ്ങൾക്കു മുന്നിൽ നമ്മുടെ സ്വയംപര്യാപ്തതയുടെ പ്രഖ്യാപനങ്ങളാണ് ഇന്ത്യയുടെ സമീപകാല വാനവിജയങ്ങളെല്ലാം.

ഗതിനിർണയ ഉപഗ്രഹം വിജയകരമായി ഭ്രമണപഥത്തിലെത്തിച്ചതിലൂടെ സാധ്യതയുടെ പുതിയ ഉയരംകൂടി ജിഎസ്എൽവി കാണിച്ചുതരുന്നു. വൈദേശിക ആശ്രയത്വം കുറയ്ക്കുന്നതിനും ഭാരമേറിയ ഉപഗ്രഹങ്ങളെ ഭൂസ്ഥിര ഭ്രമണപഥത്തിൽ എത്തിക്കുന്നതിനുമായി ഇന്ത്യ വികസിപ്പിച്ചെടുത്ത റോക്കറ്റാണ് ജിഎസ്എൽവി (ജിയോസിംക്രണസ് സാറ്റലൈറ്റ് ലോഞ്ച് വെഹിക്കിൾ). സ്ഥാനനിർണയം, ഗതിനിർണയം, സമയം എന്നിവ കൃത്യതയോടെ ലഭ്യമാക്കാൻ ജിപിഎസിനു പകരം ഐഎസ്ആർഒ വികസിപ്പിക്കുന്ന ഏഴ് ഉപഗ്രഹങ്ങളുടെ ശ്രേണിയായ 'നാവികി'ലെ (നാവിഗേഷൻ വിത് ഇന്ത്യൻ കോൺസ്റ്റലേഷൻ) രണ്ടാം ഉപഗ്രഹമാണ് എൻവിഎസ്-02.

വിക്രം സാരാഭായ് വിഭാവനംചെയ്ത നമ്മുടെ ബഹിരാകാശ ഗവേഷണം പിന്നീടുള്ള തലമുറകളിലെ ശാസ്ത്രജ്ഞരിലൂടെ വളർന്നതിൽ ശ്രീഹരിക്കോട്ടയിലെ വിക്ഷേപണകേന്ദ്രത്തിന്റെ പങ്ക് നിർണായകമാണ്. 1971-ൽ പ്രവർത്തനം തുടങ്ങിയെങ്കിലും 1979 ഓഗസ്റ്റ് 10-നായിരുന്നു ശ്രീഹരിക്കോട്ടയിൽനിന്നുള്ള ആദ്യ ബഹിരാകാശ വിക്ഷേപണം. രോഹിണി ടെക്നോളജി പേലോഡും വഹിച്ച് എസ്എൽവി ആയിരുന്നു വിക്ഷേപിച്ചത്. പക്ഷേ, ദൗത്യം പൂർണ വിജയമായിരുന്നില്ല. തിരിച്ചടിയിൽനിന്ന് കരകയറി തൊട്ടടുത്ത വർഷം രോഹിണി ഉപഗ്രഹവുമായി എസ്എൽവി-3ഇ2 വിജയകരമായി വിക്ഷേപിച്ചു. 1980 ജൂലായ് 18-നായിരുന്നു ഇത്. അവിടെനിന്നിങ്ങോട്ട് 100-ാം വിക്ഷേപണത്തിലെത്തിനിൽക്കുമ്പോൾ ഇന്ത്യ ചന്ദ്രനെയും സൂര്യനെയുമെല്ലാം കൂടുതൽ അറിഞ്ഞിരിക്കുന്നു.

ഇതിനകം പലതരം ബഹിരാകാശ ദൗത്യങ്ങൾക്കു സാക്ഷിയായ, ആന്ധ്രപ്രദേശിലെ ശ്രീഹരിക്കോട്ട സതീഷ് ധവാൻ സ്പേസ് സെന്ററിൽനിന്നുള്ള ഈ വിക്ഷേപണവിജയം പുതിയ ആകാശസ്വപ്നങ്ങൾക്കുകൂടി വാതിൽതുറക്കുന്നു. 1971-ലാണ് ശ്രീഹരിക്കോട്ട ദ്വീപിൽ റോക്കറ്റ് വിക്ഷേപണകേന്ദ്രം പ്രവർത്തനം തുടങ്ങിയത്. ഇന്ത്യയുടെ ഐതിഹാസിക ദൗത്യങ്ങളായ ചന്ദ്രയാൻ 1 (2008), മംഗൾയാൻ (2013), ചന്ദ്രയാൻ 3 (2023) എന്നിവയുടെയൊക്കെ ഉപഗ്രഹവിക്ഷേപണം നടന്നതു ശ്രീഹരിക്കോട്ടയിലാണ്. സമീപവർഷങ്ങളിൽ പല നിർണായക ദൗത്യങ്ങളും ഒട്ടേറെ വാണിജ്യ നിക്ഷേപങ്ങളും പിഴവില്ലാതെ, കുറഞ്ഞ ചെലവിൽ പൂർത്തിയാക്കാൻ കഴിഞ്ഞതോടെ വിശ്വസ്ത വിക്ഷേപണകേന്ദ്രമായി ശ്രീഹരിക്കോട്ട മാറിക്കഴിഞ്ഞു.

ശ്രീഹരിക്കോട്ട റെയ്ഞ്ച് എന്ന പേര് 2002-ലാണ് സതീഷ് ധവാൻ സ്പെയ്സ് സെന്റർ എന്നാക്കി മാറ്റിയത്. നിലവിൽ രണ്ട് വിക്ഷേപണത്തറകളാണ് (ലോഞ്ച് പാഡ്) സതീഷ് ധവാൻ സ്പെയ്സ് സെന്ററിൽ ഉള്ളത്. 2005-ലാണ് രണ്ടാം വിക്ഷേപണത്തറ യാഥാർത്ഥ്യമായത്. മൂന്നാം വിക്ഷേപണത്തറയ്ക്ക് അടുത്തിടെ കേന്ദ്രമന്ത്രിസഭ അനുമതി നൽകിയത് അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന ബഹിരാകാശ പര്യവേക്ഷണ മേഖലയുടെ ആവശ്യം പരിഗണിച്ചാണ്. 3984.86 കോടി രൂപ ചെലവിൽ നിർമിക്കുന്ന ലോഞ്ച് പാഡ് നാലു വർഷത്തിനകം പൂർത്തിയാക്കുകയാണ് ലക്ഷ്യം.

ഭൂമിയുടെയും മനുഷ്യന്റെയും ഭൂതഭാവികളെപ്പറ്റിയുള്ള ഉത്തരങ്ങളാണ് ഐഎസ്ആർഒ തേടുന്നത്. വാർത്താവിനിമയ, വിദൂരസംവേദന രംഗങ്ങളിലെല്ലാം പുതിയ നേട്ടങ്ങളിലേക്കാണു നമ്മുടെ ബഹിരാകാശ ഗവേഷണത്തിന്റെ യാത്ര. വി. നാരായണൻ ഐഎസ്ആർഒ ചെയർമാനായശേഷമുള്ള ആദ്യ വിക്ഷേപണമെന്ന പ്രത്യേകതയും ഇപ്പോൾ കൈവരിച്ച വലിയ വിജയത്തിലുണ്ട്. അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള ഐഎസ്ആർഒ സംഘം സാധ്യതകളുടെയും വിജയങ്ങളുടെയും പുതിയ ആകാശം തേടുമ്പോൾ അവരുടെ ദൗത്യത്തിന് അഭിവാദ്യം നേരാം. തിരുവനന്തപുരം തുമ്പയിലെ കടൽത്തീരത്തുനിന്ന് 1963 നവംബറിൽ ഉയർന്ന ആദ്യ റോക്കറ്റ് ഇന്ത്യൻ ബഹിരാകാശക്കുതിപ്പിന്റെ പ്രതീക്ഷാഭരിതമായ തുടക്കമാണ് അടയാളപ്പെടുത്തിയതെന്ന് അഭിമാനത്തോടെ ഓർമിക്കുകയും ചെയ്യാം.

# വികസിത ഭാരത സ്വപ്നം

ജോർജ് കള്ളിവയലിൽ

വികസിത ഭാരത സ്വപ്നത്തിലാണ് ഇന്ത്യ. സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികം ആഘോഷിച്ച ഭാരതത്തിന്റെ സാമ്പത്തിക വളർച്ചയിലാണു ഇന്ത്യയും ലോകവും ഉറ്റുനോക്കുന്നത്. പാർലമെന്റിന്റെ ബജറ്റ് സമ്മേളനത്തിനു തുടക്കം കുറിച്ച് രാഷ്ട്രപതി ദ്രൗപതി മുർമു നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിൽ സാമ്പത്തിക വളർച്ചയിലും വികസിത ഭാരതത്തിലേക്കുള്ള യാത്രയിലുമാണു ശ്രദ്ധ.

കേന്ദ്ര ബജറ്റിനു മുന്നോടിയായി ഇന്ത്യൻ സമ്പദ്വ്യവസ്ഥയുടെ പ്രകടനം വിശകലനം ചെയ്യുന്ന സാമ്പത്തിക അവലോകന റിപ്പോർട്ടിലും പ്രതീക്ഷകളാണേറെ.

സമ്പദ്വ്യവസ്ഥയുടെ വിശദമായ വിശകലനമാണ് ഇക്കണോമിക് സർവേ. സർക്കാർ നയങ്ങൾ, വരാനിരിക്കുന്ന സാമ്പത്തിക വർഷത്തേക്കുള്ള കാഴ്ചപ്പാട് എന്നിവയുടെ സംഗ്രഹം ഈ സാമ്പത്തിക സർവേ നൽകുന്നു. രണ്ടു ഭാഗങ്ങളായി തിരിച്ചിരിക്കുന്ന സർവേയിലെ വിലയിരുത്തലുകൾക്കു വലിയ പ്രാധാന്യമുണ്ട്. ആദ്യ ഭാഗത്ത് സാമ്പത്തിക പ്രകടനത്തെ വിശകലനം ചെയ്യുന്നു. മാക്രോ ഇക്കണോമിക് സൂചകങ്ങളെയും സാമ്പത്തിക പ്രവണതകളെയും ഇവിടെ പ്രതിഫലിപ്പിക്കുന്നു. വിദ്യാഭ്യാസം, ദാരിദ്ര്യം, കാലാവസ്ഥാ വ്യതിയാനം, ജിഡിപി വളർച്ച, പണപ്പെരുപ്പം, വ്യാപാരം എന്നിവ അടക്കമുള്ള സാമൂഹിക, സാമ്പത്തിക പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്നതാണു സർവേയുടെ രണ്ടാം ഭാഗം.

വികസിത ഭാരതം (ഹിന്ദിയിൽ വിക്ഷിത് ഭാരത്) എന്ന ലക്ഷ്യം കൈവരിക്കുന്നതിന് അടുത്ത രണ്ടു പതിറ്റാണ്ടുകളിൽ ഇന്ത്യക്ക് എട്ടു ശതമാനം വാർഷിക സാമ്പത്തിക വളർച്ച ആവശ്യമാണെന്നാണു കേന്ദ്രത്തിന്റെ സാമ്പത്തിക സർവേയുടെതന്നെ കണ്ടെത്തൽ. കഴിഞ്ഞ ദശകങ്ങളിൽ ഇന്ത്യ നേടിയ ശരാശരി ആറു ശതമാനം വളർച്ച പോരെന്നു ചുരുക്കം. എങ്കിലും ഗ്രാമീണ വികസനം അടക്കമുള്ള കേന്ദ്രപദ്ധതികൾ ഭാവിയുടെ പ്രതീക്ഷയാണെന്നു സർവേ ചൂണ്ടിക്കാട്ടുന്നു.

സുസ്ഥിര വികസനം ഉറപ്പാക്കുന്നതിനായുള്ള കേരളത്തിന്റെ പ്രാദേശിക വികസന മാതൃകയെ സാമ്പത്തിക സർവേയിൽ പ്രശംസിച്ചിട്ടുണ്ട്. ഗ്രാമവികസനത്തിനുള്ള കേരള മാതൃക മറ്റു സംസ്ഥാനങ്ങളിലും പകർത്തണമെന്ന വിലയിരുത്തൽ സംസ്ഥാനത്തിനുള്ള പൊൻതൂവലായി.

ആഭ്യന്തര സമ്പദ്വ്യവസ്ഥയുടെ അടിസ്ഥാനതത്വങ്ങൾ ശക്തമാണെന്നു സാമ്പത്തിക സർവേ പറയുന്നു. ശക്തമായ ബാഹ്യ അക്കൗണ്ടും സ്ഥിരമായ സ്വകാര്യ ഉപഭോഗവുമാണു പ്രധാനം. അടുത്ത സാമ്പത്തിക വർഷം ഇന്ത്യയുടെ മൊത്ത ആഭ്യന്തര ഉത്പാദനം (ജിഡിപി) 6.3 മുതൽ 6.8 ശതമാനം വരെ വളരുമെന്നും ലോക്സഭയിൽ സമർപ്പിച്ച സാമ്പത്തിക സർവേ കണക്കാക്കുന്നു.

2024-25 സാമ്പത്തിക വർഷത്തിലെ ജൂലൈ-സെപ്റ്റംബർ പാദത്തിൽ സമ്പദ്വ്യവസ്ഥ 5.4 ശതമാനമാണു വളർന്നത്. റിസർവ് ബാങ്ക് പ്രവചിച്ചിരുന്ന ഏഴു ശതമാനം ത്രൈമാസിക വളർച്ചയേക്കാൾ വളരെ കുറവാണിത്. ഏപ്രിൽ-ജൂൺ പാദത്തിലും ജിഡിപി റിസർവ് ബാങ്ക് കണക്കാക്കിയതിലും കുറഞ്ഞ വേഗത്തിലാണു വളർന്നത്. റിസർവ് ബാങ്കിന്റെ ഏറ്റവും പുതിയ പണനയത്തിൽ 2024-25-ലെ വളർച്ചാ പ്രവചനം 7.2 ശതമാനത്തിൽനിന്ന് 6.6 ശതമാനമായി കുറച്ചിരുന്നു. അന്താരാഷ്ട്ര നാണയനിധി (ഐഎംഎഫ്), ഏഷ്യൻ വികസന ബാങ്ക് (എഡിബി), ലോക ബാങ്ക് തുടങ്ങിയവയുടെ അനുമാനങ്ങളോടു പൊരുത്തപ്പെടുന്നതാണു സാമ്പത്തിക സർവേയിലെ കണക്കുകൾ.

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഇന്ത്യയിലെ സേവന മേഖല വളർ



ലേഖകൻ

ച്ച പ്രകടമാക്കി. മൂലധനച്ചെലവ് 2021 മുതൽ 2024 സാമ്പത്തിക വർഷംവരെ വളർന്നുവെന്നതും ശുഭകരമാണ്. കഴിഞ്ഞ വർഷം ജൂലൈ മുതൽ നവംബർ വരെ കാലയളവിൽ 8.2 ശതമാനം വളർച്ച കൈവരിച്ചു. എന്നാൽ സുപ്രധാനമായ ഉത്പാദന മേഖല തളർന്നു.

2017 ജൂലൈ മുതൽ 2018 ജൂൺ വരെയുണ്ടായിരുന്ന ആറു ശതമാനം തൊഴിലില്ലായ്മ നിരക്ക് 2023-24-ൽ (ജൂലൈ-ജൂൺ) 3.2 ശതമാനമായി കുറഞ്ഞുവെന്നും സർവേയിലുണ്ട്. എന്നാൽ ഏറ്റവും കൂടിയ നിരക്കുമായി താരതമ്യം ചെയ്തു കുറവു കാണിക്കുന്ന കണക്കിലെ കളിയും യഥാർത്ഥ തൊഴിലില്ലായ്മയും പൊരുത്തപ്പെട്ടേക്കില്ല.

പണപ്പെരുപ്പ നിരക്ക് പിടിച്ചുനിർത്തിയെന്നു സാമ്പത്തിക സർവേ പറയുന്നു. പച്ചക്കറി വില സാവധാനം കുറഞ്ഞുവരികയാണ്. വിളവെടുപ്പും വരവും കൂടുന്നുമുണ്ട്. ഇവയിലൂടെ അടുത്ത സാമ്പത്തിക വർഷത്തിന്റെ നാലാം പാദത്തിൽ ഭക്ഷ്യ വിലക്കയറ്റം കുറയാൻ സാധ്യതയുണ്ടെന്നാണു സർവേയുടെ വിലയിരുത്തൽ.

ഭൗമരാഷ്ട്രീയ പിരിമുറുക്കങ്ങൾക്കും അമേരിക്കൻ പ്രസിഡണ്ട് തെരഞ്ഞെടുപ്പിനെ ചുറ്റിപ്പറ്റിയുള്ള അനിശ്ചിതത്വങ്ങൾക്കും ഇടയിലുള്ള ശക്തമായ യുഎസ് ഡോളറാണ് 2024-ലെ രൂപയുടെ മൂല്യത്തകർച്ചയ്ക്കു പ്രധാന കാരണമെന്നാണു സർവേയുടെ കണ്ടെത്തൽ. രൂപയുടെ മൂല്യത്തകർച്ചയെ ന്യായീകരിക്കാൻ അമേരിക്കൻ ഡോളറിന്റെ മൂല്യം കൂടിയതിനെ പഴിക്കുകയേ മാർഗമുള്ളൂ.

ഇന്ത്യയിലെ മൊത്ത നിഷ്ക്രിയ ആസ്തികൾ മൊത്ത വായ്പകളുടെയും അഡ്വാൻസുകളുടെയും 2.6 ശതമാനമായി കുറഞ്ഞു. റിസർവ് ബാങ്കിന്റെ 2024 ഡിസംബറിലെ ഫിനാൻഷ്യൽ സ്റ്റെബിലിറ്റി റിപ്പോർട്ട് (എഫ്എസ്ആർ) പ്രകാരം 12 വർഷത്തെ ഏറ്റവും താഴ്ന്ന നിലയിലേക്കാണു കുറഞ്ഞത്. ആഗോള സംയോജിത പർച്ചേസിംഗ് മാനേജർമാരുടെ സൂചിക (പിഎംഐ) തുടർച്ചയായി പതിനാലാം മാസവും വികസിച്ചു. കറന്റ് അക്കൗണ്ട് കമ്മി ജിഡിപിയുടെ 1.2 ശതമാനം ആണ്.

മുംബൈ സ്റ്റോക് എക്സ്ചേഞ്ചിൽ (ബിഎസ്ഇ) ലിസ്റ്റ് ചെയ്ത ഓഹരികളുടെ മൊത്തം വിപണി മൂലധനം ആദ്യമായി അഞ്ചു ട്രില്യൺ ഡോളറിൽ എത്തിയെന്നതാണു സർവേയിൽ പറയുന്ന മറ്റൊരു നേട്ടം. അമേരിക്കയും ജപ്പാനും മാത്രമാണ് ഇന്ത്യയേക്കാൾ മുന്നിലുള്ളത്. ബിഎസ്ഇയുടെ വിപണി മൂലധനം 2024 മാർച്ചിൽനിന്ന് 2024 ഡിസംബർ അവസാനത്തോടെ 14.2 ശതമാനം വർധിച്ച് 445.2 ലക്ഷം കോടി രൂപയിലെത്തി.

വ്യക്തികൾക്കും ചെറുകിട ബിസിനസുകൾക്കും സാമ്പത്തിക സ്വാതന്ത്ര്യം വർധിപ്പിക്കുകയെന്നത് ഇന്ത്യയുടെ ഇടക്കാല വളർച്ചാ സാധ്യതകൾ നിർവചിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമുള്ള ഏറ്റവും പ്രധാനപ്പെട്ട നയ മുൻഗണനയാണെന്ന് സാമ്പത്തിക സർവേ പറയുന്നു.

# ന്യൂനപക്ഷ സ്കോളർഷിപ്പ് സർക്കാർ വെട്ടിക്കുറച്ചു

തിരുവനന്തപുരം: ന്യൂനപക്ഷ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പകുതിയാക്കി വെട്ടിക്കുറച്ച് കേരള സർക്കാർ. സാമ്പത്തിക പ്രതിസന്ധിയുടെ ഭാഗമായി പ്ലാനുകൾ 50 ശതമാനം വെട്ടിച്ചുരുക്കാനുള്ള നിർദേശത്തിന്റെ ഭാഗമായാണ് ന്യൂനപക്ഷ സ്കോളർഷിപ്പും പകുതിയാക്കിയത്. പ്രഫ. ജോസഫ് മുണ്ടശേരി സ്കോളർഷിപ്പ്, സിവിൽ സർവീസസ് ഫീസ് റീ ഇമ്പേഴ്സ്മെന്റ്, വിദേശത്തു പഠിക്കാനുള്ള സ്കോളർഷിപ്പ്, മദർ തെരേസ സ്കോളർഷിപ്പ് എന്നിവയടക്കം വെട്ടിക്കുറച്ചവയിൽ ഉൾപ്പെടുന്നു.

സ്കോളർഷിപ്പ് തുക 50 ശതമാനം വെട്ടിക്കുറച്ചതോടെ ന്യൂനപക്ഷ വിഭാഗങ്ങളിലെ സ്കോളർഷിപ്പിന് അർഹരായ പകുതിയോളം വിദ്യാർത്ഥികളുടെ ഭാവി തുലാസിലായി. സ്കോളർഷിപ്പ് തുക വെട്ടിക്കുറച്ചുകൊണ്ടുള്ള ഉത്തരവ് ഈയിടെ പൊതുഭരണ ന്യൂനപക്ഷ ക്ഷേമ വകുപ്പ് പുറത്തിറക്കി. ഐഐടി, ഐഐഎം സിഎ-ഐസിഡബ്ല്യുഎ, യുജിസി, സിഎസ്ആർ, നെറ്റ് കോച്ചിംഗ്, ഐടിസി ഫീസ് റീ ഇമ്പേഴ്സ്മെന്റ്, മദർ തെരേസ, എപിജെ അബ്ദുൾ കലാം എന്നീ ഒൻപത് സ്കോളർഷിപ്പുകളുടെ തുകകളാണ് പകുതിയാക്കി ചുരുക്കിയത്.

സ്കോളർഷിപ്പ് തുക വെട്ടിക്കുറയ്ക്കുന്നത് കേരള ചരിത്രത്തിൽ അപൂർവമാണെന്ന വാദവും ഉയർന്നിട്ടുണ്ട്. മുഖ്യമന്ത്രിക്കും ഉന്നത പോലീസ് ഉദ്യോഗസ്ഥർക്കും പറക്കാനുള്ള ഹെലികോപ്റ്ററിന്റെ വാടകയിനത്തിൽ പോലും കോടിക്കണക്കിനു രൂപ ഖജനാവിൽനിന്നു കൊടുക്കുമ്പോഴാണ് ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് തുക പകുതിയാക്കി വെട്ടിക്കുറച്ചതെന്ന വൈരുധ്യവുമുണ്ട്.

# ക്നാനായ വിമൻസ് ഫോറത്തിന് പുതിയ ദേശീയ നേതൃത്വം; ഡാനി പല്ലാട്ടുമഠം പ്രസിഡണ്ട്

ജോസ് കണിയാലി

ഡാളസ്: ക്നാനായ കാത്തലിക് വിമൻസ് ഫോറം ഓഫ് നോർത്ത് അമേരിക്കയുടെ (KCWFNA) നാഷണൽ പ്രസിഡണ്ടായി ഡാനി പല്ലാട്ടുമഠം (ഡാളസ്) തെരഞ്ഞെടുക്കപ്പെ



ഡാനി പല്ലാട്ടുമഠം (പ്രസിഡണ്ട്)

ട്ടു. കഴിഞ്ഞ നാലു വർഷക്കാലം ഡാളസ് ക്നാനായ കാത്തലിക് വിമൻസ് ഫോറത്തിന്റെ പ്രസിഡണ്ടായിരുന്നു ഡാനി.

സാൻ അന്റോണിയോ കെസിസിഎൻഎ കൺവൻഷൻ പ്രൊസഷൻ കമ്മിറ്റി ചെയർ, ഡാളസ് ക്നാനായ അസോസിയേഷൻ കൾച്ചറൽ കമ്മിറ്റി ചെയർ തുടങ്ങിയ വിവിധ നിലകളിൽ ഡാനി പല്ലാട്ടുമഠം ഇതിനോടകം പ്രവർത്തിച്ചിട്ടുണ്ട്.

ആലീസ് തമ്പി ചാമക്കാലായിൽ (സാക്രമെന്റോ), ലീല മറ്റത്തിൽ (സാക്രമെന്റോ) എന്നിവരാണ് വൈസ് പ്രസിഡണ്ടുമാർ. മരിയ സൈമൺ കൈതാരം, കാനഡ (ജനറൽ സെക്രട്ടറി), മഞ്ജു ഫിലിപ്പ് നെടുമാക്കൽ, ഫിലാഡൽഫിയ (ജോയിന്റ് സെക്രട്ടറി), രേഷ്മ അലക്സ് കൊച്ചുപുരക്കൽ, താമ്പാ (ട്രഷറർ), നിധി ഡെന്നിസ് കൊടിഞ്ഞിയിൽ, മിനസോട്ട



ആലീസ് ചാമക്കാലായിൽ
(വൈസ് പ്രസിഡണ്ട്)



ലീല മറ്റത്തിൽ
(വൈസ് പ്രസിഡണ്ട്)



മരിയ കൈതാരം
(ജനറൽ സെക്രട്ടറി)



മഞ്ജു നെടുമാക്കൽ
(ജോയിന്റ് സെക്രട്ടറി)



രേഷ്മ കൊച്ചുപുരക്കൽ
(ട്രഷറർ)



നിധി കൊടിഞ്ഞിയിൽ
(ജോയിന്റ് ട്രഷറർ)



അനിത പണയപറമ്പിൽ
(ആർവിപി)



റിയ കോട്ടൂർ
(ആർവിപി)



സെഫി മുപ്രാപ്പള്ളിൽ
(ആർവിപി)



ഷിനു പള്ളിപറമ്പിൽ
(ആർവിപി)

(ജോയിന്റ് ട്രഷറർ) എന്നിവരാണ് മറ്റ് ഭാരവാഹികൾ.

റീജിയണൽ വൈസ് പ്രസിഡണ്ടുമാരായി അനിത പണയപറമ്പിൽ (ചിക്കാഗോ), റിയ കോട്ടൂർ (ഹൂസ്റ്റൺ), സെഫി മുപ്രാപ്പള്ളിൽ (ന്യൂയോർക്ക്), ഷിനു പള്ളിപറമ്പിൽ (മയാമി) എന്നിവരും തെരഞ്ഞെടുക്കപ്പെട്ടു. രണ്ടു വർഷമാണ് (2025-2027) പുതിയ ഭരണസമിതിയുടെ പ്രവർത്തന കാലാവധി.

ക്നാനായ സമുദായത്തിന്റെ തനിമയും പാരമ്പര്യങ്ങളും അഭംഗുരം കാത്തുസൂക്ഷിച്ചുകൊണ്ട് ക്നാനായ വനിതകളുടെ സർവ്വതോമുഖമായ അഭിവൃദ്ധിയെ ലക്ഷ്യമാക്കിയുള്ള കർമ്മപരിപാടികൾക്ക് രൂപരേഖ തയ്യാറാക്കുമെന്ന് പ്രസിഡണ്ട് ഡാനി പല്ലാട്ടുമഠം കേരളാ എക്സ്പ്രസിനോട് പറഞ്ഞു.

പുതിയ നേതൃത്വത്തെ കെസിസിഎൻഎ പ്രസിഡണ്ട് ഷാജി എടാട്ട് അഭിനന്ദിച്ചു.

അടുത്ത രണ്ടു വർഷക്കാലം സാമുദായിക ഐക്യം നിലനിർത്തിക്കൊണ്ട് മെച്ചപ്പെട്ട പ്രവർത്തനങ്ങളുമായി മുന്നിട്ടു പ്രവർത്തിക്കാൻ പ്രസിഡണ്ട് ഡാനി പല്ലാട്ടുമഠത്തിന്റെ നേതൃത്വത്തിനു കഴിയട്ടെയെന്ന് ഷാജി എടാട്ട് ആശംസിച്ചു.

# പുതുപ്പള്ളി അച്ചൻ കേരളാ എക്സ്പ്രസ് ഓഫീസ് സന്ദർശിച്ചു

കുര്യൻ ഫിലിപ്പ്

ചിക്കാഗോ: മാധ്യമപ്രവർത്തകർ വാർത്തകളുടെ സത്യസന്ധതയും ആധികാരികതയും പരിശോധിച്ചതിനു ശേഷമേ പ്രസിദ്ധീകരിക്കാവൂ എന്ന് പ്രസിദ്ധ ക്രൈസ്തവ സാഹിത്യകാരനും സുവിശേഷ പ്രസംഗകനുമായ റവ.



ജോർജ് മാത്യു പുതുപ്പള്ളി പറഞ്ഞു. തെറ്റായ വാർത്തകൾ പ്രസിദ്ധീകരിക്കുന്നതും പ്രചരിപ്പിക്കുന്നതും അധർമ്മമായ പ്രവൃത്തിയാണ്. വാർത്തയിൽ സത്യമില്ലെങ്കിൽ അത് പലരെയും അകാരണമായി മുറിവേല്പിച്ചു എന്നു വരാം.

ചിക്കാഗോ ഗോസ്പൽ മീഡിയ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ കേരളാ എക്സ്പ്രസ്സിന്റെ ന്യൂസ് റൂമിൽ നടന്ന കൂടിക്കാഴ്ചയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സിജിഎംഎ രക്ഷാധികാരിയും കേരള എക്സ്പ്രസ് ചീഫ് എഡിറ്ററുമായ കെ. എം. ഈപ്പൻ റവ. ജോർജ് മാത്യുവിനെയും ഭാര്യ സാലി മാത്യുവിനെയും സ്വാഗതം ചെയ്തു.

സിജിഎംഎ വൈസ് പ്രസിഡണ്ട് ഡോ. ടൈറ്റസ് ഈപ്പൻ, ജനറൽ സെക്രട്ടറി കുര്യൻ ഫിലിപ്പ്, ജോയിന്റ് സെക്രട്ടറി ഡോ. ബിജു ചെറിയാൻ, ട്രഷറർ ജോൺസൺ ഉമ്മൻ എന്നിവർ കൂടിക്കാഴ്ചയിൽ പങ്കെടുത്തു. മലയാളത്തിലെ ഒട്ടുമിക്ക ആനുകാലികങ്ങളിലും സാഹിത്യ രചനകൾ നല്കി സജീവസാന്നിദ്ധ്യമായിരിക്കുന്ന റവ.ജോർജ് മാത്യു പുതുപ്പള്ളി അച്ചന്റെ രചനകൾ ഏതു വായനക്കാർക്കും ഹൃദ്യമാണെന്നുള്ളത് ശ്രദ്ധേയമാണ്. ലാലു ലീലയിലും ബാലരമയിലും തുടങ്ങി ദേശാഭിമാനിയിലും മലയാള മനോരമയിലും ഒക്കെ അച്ചന്റെ രചനകൾ മിക്കവാറും പ്രത്യക്ഷപ്പെടാറുണ്ട്. ചെറുപ്പത്തിൽ താൻ ഏറ്റവും ഇഷ്ടപ്പെട്ടിരുന്നത് ഏകാന്തതയെ ആയിരുന്നുവെന്ന് അച്ചൻ വെളിപ്പെടുത്തുന്നു. ആ ഏകാന്തതയിൽ താൻ ഏറ്റവും കൂടുതൽ പ്രണയിച്ചിരുന്നത് പുസ്തകങ്ങളെ ആയിരുന്നു. ഒരു വൈദികൻ ആകുവാൻ വീട്ടുകാർ മാറ്റി നിർത്തിയിരുന്ന അച്ചന്റെ ബാല്യകാലം സുഹൃത്തുക്കൾ ഇല്ലാത്തതായിരുന്നു. അതുകൊണ്ടുതന്നെ ഒത്തിരി നിയന്ത്രണങ്ങൾക്ക് വിധേയമായിരുന്നു. കോട്ടയത്തിനടുത്ത് പുതുപ്പള്ളിയിൽ ആണ് ജനനം. പുതുപ്പള്ളിയിലെ സ്കൂളുകളിൽ നിന്ന് ഹൈസ്കൂൾ വരെയുള്ള വിദ്യാഭ്യാസം പൂർത്തീകരിച്ച ശേഷംകോട്ടയം ബസേലിയോസ് കോളജിൽ നിന്ന് ബിരുദം നേടി.

കോട്ടയം പഴയ സെമിനാരിയിൽ നിന്ന് വേദശാസ്ത്രത്തിലും ബിഡിബിരുദം കരസ്ഥമാക്കി. പ്രശസ്തമായ പല ഓർത്തഡോക്സ് പള്ളികളിലും വികാരിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. 32 വർഷം മുമ്പ് തന്റെ ആത്മീയ ചിന്താഗതികളിൽ മാറ്റമുണ്ടാകുകയും പെന്തെക്കോസ്ത് വിശ്വാസം സ്വീകരിച്ച് സ്നാനപ്പെടുകയും ചെയ്തു. പിന്നീട് നിരവധി സുവിശേഷ പ്രചാരണ വേദികളിൽ സജീവ സാന്നിദ്ധ്യമായി മാറി. പവർ വിഷൻ ടെലിവിഷനിൽ തുടർച്ചയായി 15 വർഷം താൻ പ്രോഗ്രാം അവതരിപ്പിച്ചു. അച്ചനും ഭാര്യയും ഇപ്പോൾ ഡിട്രോയിറ്റിൽ മക്കളെ സന്ദർശിക്കുവാൻ എത്തിയ അവസരത്തിലാണ് ചിക്കാഗോ ഗോസ്പൽ മീഡിയ അസോസിയേഷന്റെ വിവിധ പരിപാടികളിൽ പങ്കെടുക്കുന്നതിനും കേരള എക്സ്പ്രസ് ഓഫീസ് സന്ദർശിക്കുന്നതിനുമായി ചിക്കാഗോയിൽ എത്തിയത്. ഈയവസരത്തിലും അച്ചൻ എഴുതുകയാണ്, തന്റെ അമേരിക്കൻ യാത്രാവിവരണങ്ങൾ. തന്റെ ഫേസ്ബുക്ക് പേജിലൂടെയാണ് അച്ചൻ തന്റെ അമേരിക്കൻ യാത്രാനുഭവങ്ങൾ ലളിതമായി പ്രതിപാദിക്കുന്നത്. കേരള എക്സ്പ്രസ് പത്രത്തിന് ആശംസകളും പ്രാർത്ഥനകളും നല്കിയ ശേഷമാണ് അദ്ദേഹം മടങ്ങിയത്.

# ഐഎസ്ആർഒ നൂറാം വിക്ഷേപണം നടത്തി

ശ്രീഹരിക്കോട്ട: ഐഎസ്ആർഒ ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പേസ് സെന്ററിന്റെ ചരിത്രത്തിലെ 100-ാം ബഹിരാകാശ വിക്ഷേപണം വിജയകരമായി നടത്തി. ശ്രീഹരിക്കോട്ടയിലെ രണ്ടാം വിക്ഷേപണത്തറയിൽ നിന്ന് ജനുവരി 29-ന് രാവിലെ 6.23-ന് രണ്ടാം തലമുറ നാവിഗേഷൻ ഉപഗ്രഹമായ എൻവിഎസ്-2 സാറ്റലൈറ്റുമായി ജിഎസ്എൽവി-എഫ് 15 കുതിച്ചുയർന്നു. വിക്ഷേപണം നടന്ന് 19 മിനിറ്റിൽ ഉപഗ്രഹത്തെ നിർണായക ഭ്രമണപഥത്തിലെത്തിച്ചു.



ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പേസ് സെന്ററിൽനിന്നു നാവിഗേഷൻ ഉപഗ്രഹവുമായി ജിഎസ്എൽവി-എഫ് 15 കുതിച്ചുയരുന്നു.

"ജിഎസ്എൽവി-എഫ് 15 വിക്ഷേപണ വാഹനം എൻവിഎസ്-02 എന്ന നാവിഗേഷൻ ഉപഗ്രഹത്തെ ഭ്രമണപഥത്തിൽ കൃത്യമായി എത്തിച്ചുകൊണ്ട് 2025-ലെ ആദ്യ വിക്ഷേപണം വിജയകരമായി പൂർത്തിയാക്കിയതായി അറിയിക്കുന്നു" - ഐഎസ്ആർഒ മേധാവി ഡോ. വി. നാരായണൻ പറഞ്ഞു. വി. നാരായണൻ ചുമതലയേറ്റ ശേഷം നടക്കുന്ന ആദ്യ ദൗത്യമാണിത്. മലയാളിയായി തോമസ് കുര്യനായിരുന്നു മിഷൻ ഡയറക്ടർ.

അമേരിക്കയുടെ ജിപിഎസിന് ബദലായുള്ള ഇന്ത്യയുടെ സ്വന്തം നാവിഗേഷൻ സംവിധാനമായ നാവിക് ശൃംഖലയുടെ ഭാഗമാണ് എൻവിഎസ്-02 കൃത്രിമ ഉപഗ്രഹം. സ്ഥാനനിർണയം, നാവിഗേഷൻ, സമയം എന്നിവയുടെ കൃത്യതയ്ക്കായി ഐഎസ്ആർഒ വികസിപ്പിച്ച ഏഴ് ഉപഗ്രഹങ്ങളുടെ ശ്രേണിയാണ് നാവിഗേഷൻ വിത്ത് ഇന്ത്യൻ കോൺസ്റ്റലേഷൻ (നാവിക്) ജിഎസ്എൽവിയുടെ പതിനേഴാം ദൗത്യം കൂടിയാണിത്.

1979-ലാണ് ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശത്തിൽ നിന്ന് ഐഎസ്ആർഒ ആദ്യ വിക്ഷേപണം നടത്തിയത്. ആദ്യ ദൗത്യം പരാജയപ്പെട്ടു. 46 വർഷംകൊണ്ടാണ് ഐഎസ്ആർഒ 100 വിക്ഷേപണങ്ങൾ നടത്തിയത്. അടുത്ത അഞ്ചുവർഷംകൊണ്ട് 200 വിക്ഷേപണങ്ങൾ പൂർത്തിയാക്കാനാകുമെന്ന് ഐഎസ്ആർഒ ചെയർമാൻ വി. നാരായണൻ ആത്മവിശ്വാസം പ്രകടിപ്പിച്ചു.

# വിരമിച്ച ജഡ്ജിമാരെ ഹൈക്കോടതികളിൽ നിയമിക്കാൻ സുപ്രീംകോടതി അനുമതി

ന്യൂഡൽഹി: വിരമിച്ച ജഡ്ജിമാരെ താത്കാലികാടിസ്ഥാനത്തിൽ നിയമിക്കാൻ ഹൈക്കോടതികൾക്കു ശിപാർശ ചെയ്യാമെന്ന് സുപ്രീംകോടതി. വിവിധ ഹൈക്കോടതികളിൽ കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പാക്കുന്നതിനാണ് സുപ്രീംകോടതി നടപടി. ഇത്തരത്തിൽ നിയമിതരാകുന്ന ജഡ്ജിമാർക്ക് ഡിവിഷൻ ബെഞ്ചുകളിൽ സാധാരണ ജഡ്ജിമാർക്കൊപ്പം ഇരിക്കാമെന്നും ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്ന, ജസ്റ്റിസുമാരായ ബി.ആർ. ഗവായ്, സൂര്യകാന്ത് എന്നിവരടങ്ങിയ ബെഞ്ച് വ്യക്തമാക്കി. ഹൈക്കോടതിക്ക് അഞ്ച് ജഡ്ജിമാരെ വരെ നിയമിക്കുന്നതിനായി ശിപാർശ ചെയ്യാം. എന്നാൽ ഏതു സാഹചര്യത്തിലായാലും അതത് ഹൈക്കോടതികളിലെ അനുവദിച്ച ജഡ്ജിമാരുടെ അംഗസംഖ്യയുടെ പത്തു ശതമാനത്തിൽ കൂടുതൽ താത്കാലിക നിയമനം പാടില്ലെന്നും സുപ്രീംകോടതി നിർദേശിച്ചു.

ഭരണഘടനയുടെ അനുച്ഛേദം 224 (എ) പ്രകാരമായിരിക്കും ഇത്തരത്തിലുള്ള നിയമനം നടത്താൻ സാധിക്കുക. ഹൈക്കോടതികളിലേക്ക് അഡ്ഹോക്ക് ജഡ്ജിമാരുടെ നിയമനത്തിന് 2021-ൽ സുപ്രീംകോടതി പച്ചക്കൊടി കാട്ടിയിരുന്നു. എന്നാൽ ചില മുന്നറിയിപ്പുകളോടെയാണ് കോടതി ഇക്കാര്യങ്ങൾ പരിഗണിച്ചത്. അഡ്ഹോക്ക് ജഡ്ജിമാരെ സാധാരണ ജഡ്ജിമാർക്കു പകരം ഒരു പതിവ് ബദലായി കാണാൻ കഴിയില്ല എന്നായിരുന്നു കോടതിയുടെ നിലപാട്.

# പിജി മെഡിക്കൽ പ്രവേശനം: പ്രാദേശിക സംവരണം ഭരണഘടനാവിരുദ്ധമെന്ന് സുപ്രീംകോടതി

ന്യൂഡൽഹി: മെഡിക്കൽ പിജി കോഴ്സുകളിലേക്കുള്ള പ്രവേശനത്തിൽ താമസസ്ഥലം അടിസ്ഥാനമാക്കിയുള്ള സംവരണം ഭരണഘടനാവിരുദ്ധമെന്ന് സുപ്രീംകോടതി. ഭരണഘടനയുടെ 14-ാം അനുച്ഛേദ പ്രകാരമുള്ള സമത്വത്തിനുള്ള അവകാശത്തിന്റെ ലംഘനമാണിതെന്നും ജസ്റ്റിസുമാരായ ഋഷികേശ് റോയ്, സുധാൻഷു ധൂലിയ, എസ്.വി.എൻ. ഭട്ടി എന്നിവരടങ്ങിയ ബെഞ്ച് വ്യക്തമാക്കി.

ഭരണഘടനയുടെ ആർട്ടിക്കിൾ 19 പ്രകാരം ഇന്ത്യയിൽ എവിടെയും താമസിക്കാനും തൊഴിൽ ചെയ്യാനുമുള്ള അവകാശം ഏതൊരു ഇന്ത്യൻ പൗരനും നൽകുന്നു. അതിനാൽ പിജി മെഡിക്കൽ കോഴ്സുകളിൽ ഇത്തരമൊരു സംവരണം അനുവദനീയമല്ലെന്നാണ് കോടതി ജനുവരി 29-ന് പുറപ്പെടുവിച്ച ഉത്തരവിൽ വ്യക്തമാക്കിയത്.

ഉത്തരവിന് മുൻകാല പ്രാബല്യമുണ്ടാകില്ലെന്നും കോടതി വ്യക്തമാക്കിയിട്ടുണ്ട്. നാഷണൽ എലിജിബിലിറ്റി കം എൻട്രൻസ് ടെസ്റ്റിലെ (നീറ്റ്) യോഗ്യതയുടെ അടിസ്ഥാനത്തിൽ മാത്രമേ ബിരുദാനന്തര ബിരുദ മെഡിക്കൽ പ്രവേശനം നിശ്ചയിക്കാവൂ.

എന്നാൽ ബിരുദ (എംബിബിഎസ്) പ്രവേശനത്തിന് താമസസ്ഥലം അടിസ്ഥാനമാക്കിയുള്ള സംവരണം ഒരു പരിധിവരെ അനുവദനീയമാണെന്നും കോടതി നിരീക്ഷിച്ചു.

2019-ലെ സുപ്രീംകോടതി ഡിവിഷൻ ബെഞ്ചിന്റെ വിധിയാണ് കോടതി ജനുവരി 29-ന് പുനഃപരിശോധിച്ചത്.

# മുത്തലാഖ്: രജിസ്റ്റർ ചെയ്ത കേസുകളുടെ വിവരം തേടി സുപ്രീംകോടതി

ന്യൂഡൽഹി: മുത്തലാഖ് ക്രിമിനൽ കുറ്റമാക്കുന്ന 2019-ലെ മുസ്‌ലിം വനിതാ (വിവാഹാവകാശ സംരക്ഷണം) നിയമപ്രകാരം രജിസ്റ്റർ ചെയ്ത കേസുകളുടെ വിവരങ്ങൾ തേടി സുപ്രീംകോടതി.

എഫ്ഐആറുകളുടെ എണ്ണവും കുറ്റപത്രങ്ങളും വിശദീകരിക്കുന്ന സത്യവാങ്മൂലം സമർപ്പിക്കാൻ ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്നയും ജസ്റ്റിസ് സഞ്ജയ് കുമാറും അടങ്ങിയ ബെഞ്ച് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടു. നിയമത്തിലെ മൂന്നും നാലും വകുപ്പുകൾ പ്രകാരം രജിസ്റ്റർ ചെയ്ത എഫ്ഐആറുകളുടെ എണ്ണം നൽകാനാണു കോടതി ആവശ്യപ്പെട്ടത്.

മുത്തലാഖ് പ്രഖ്യാപനം ക്രിമിനൽ കുറ്റമാക്കുന്ന 2019-ലെ നിയമത്തിന്റെ ഭരണഘടനാ സാധുത ചോദ്യംചെയ്ത് മുസ്‌ലിം സംഘടനകൾ സമർപ്പിച്ച ഒരുകൂട്ടം ഹർജികൾ പരിഗണിക്കവെയാണു കോടതി വിവരങ്ങൾ സമർപ്പിക്കാൻ ആവശ്യപ്പെട്ടത്. മുത്തലാഖിനു മാത്രമായി പ്രത്യേക ശിക്ഷ നടപ്പിലാക്കുന്നത് അനാവശ്യ നടപടിയാണെന്ന് ഹർജിക്കാരുടെ അഭിഭാഷകൻ നിസാം പാഷ കോടതിയിൽ ചൂണ്ടിക്കാട്ടി. ഭാര്യയെ ശാരീരികമായി മർദിച്ചാൽ കേസ് രജിസ്റ്റർ ചെയ്യാൻ മാസങ്ങളെടുക്കുന്ന സാഹചര്യത്തിലാണ് മുത്തലാഖുമായി ബന്ധപ്പെട്ട കേസുകളിൽ എളുപ്പത്തിൽ എഫ്ഐആറുകൾ രജിസ്റ്റർ ചെയ്യാൻ സാധിക്കുന്നത്. മുസ്‌ലിം മതത്തിൽപ്പെട്ട ഭർത്താക്കന്മാരെ ശിക്ഷിക്കാൻ മാത്രമാണ് ഈ നിയമമെന്നും ഹർജിക്കാർ കോടതിയിൽ പറഞ്ഞു.

എന്നാൽ, ഈ വിഷയത്തിൽ മൂന്നു വർഷം വരെയാണു പരമാവധി ശിക്ഷയെന്നും സ്ത്രീ സംരക്ഷണവുമായി ബന്ധപ്പെട്ട മറ്റു നിയമങ്ങളിൽ ഇതിലും ഉയർന്ന ശിക്ഷാനടപടിയാണുള്ളതെന്നും സോളിസിറ്റർ ജനറൽ തുഷാർ മേത്ത വാദിച്ചു.

ഹർജിക്കാർ മുത്തലാഖിനെ ന്യായീകരിക്കുകയല്ലെന്നു ചൂണ്ടിക്കാട്ടിയ ചീഫ് ജസ്റ്റിസ്, മുത്തലാഖ് പ്രകാരം വിവാഹമോചനം സാധ്യമല്ലാത്ത സാഹചര്യത്തിൽ ഇതു ക്രിമിനൽ കുറ്റമാകുമോയെന്നാണു ഹർജിക്കാർ ചോദിക്കുന്നതെന്നും വ്യക്തമാക്കി. കേസ് മാർച്ച് 17-ന് വീണ്ടും പരിഗണിക്കും.

# നാഷണൽ ക്രിട്ടിക്കൽ മിനറൽസ് മിഷൻ പദ്ധതിക്ക് അംഗീകാരം

ന്യൂഡൽഹി: കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച നാഷണൽ ക്രിട്ടിക്കൽ മിനറൽസ് മിഷൻ പദ്ധതിക്ക് കേന്ദ്രമന്ത്രിസഭായോഗത്തിന്റെ അംഗീകാരം. ഏഴ് വർഷത്തേക്ക് 34,300 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ധാതുക്കളുടെ പര്യവേക്ഷണവും ഖനനവും പദ്ധതിയുടെ ഭാഗമാണ്.

ധാതുക്കളുമായി ബന്ധപ്പെട്ട് സ്വയംപര്യാപ്തത ഉറപ്പാക്കുകയും ഹരിത ഊർജ സ്രോതസ്സുകൾ പരമാവധി പ്രയോജനപ്പെടുത്തുകയുമാണ് ലക്ഷ്യം. നിലവിൽ ഇതിൽ വലിയൊരു പങ്ക് ധാതുക്കളും ഇന്ത്യ ഇറക്കുമതി ചെയ്യുകയാണ്. 24 ധാതുക്കളാണ് ലിസ്റ്റ് ചെയ്തിരിക്കുന്നത്. ഗ്രാഫൈറ്റ്, ലിഥിയം, ഫോസ്ഫേറ്റ് തുടങ്ങിയവ ഇതിൽ ഉൾപ്പെടും. മൊത്തം തുകയിൽ 16,300 കോടിയാണ് കേന്ദ്രവിഹിതം. ബാക്കി 18,000 കോടി രൂപ ഇതുമായി ബന്ധപ്പെട്ട പൊതുമേഖലാ സ്ഥാപനങ്ങൾ നിക്ഷേപിക്കും.








11th Anniversary In Heaven
February 6, 2025
In Loving Memory of
GEORGE PUTHUMANA
Sorrowing
Puthumana Family, Chicago
You have gone from our home,
but the pleasant memories of you will
always be cherished in our hearts.
We miss you very much


MIDWEST
WINDOWS & DOORS
45% OFF
FOR WINDOWS
40% OFF
FOR DOORS & SIDING
MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com
Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com


THE PREMIER GASOLINE DISTRIBUTION COMPANY
Gas
DEPOT
We Fuel Your Growth
MARATHON
VALERO
CITGO
www.gasdepot.com

# കൂറുമാറുന്ന ജനപ്രതിനിധികൾ രാജിവെച്ച് ജനവിധി തേടണം: ഹൈക്കോടതി

കൊച്ചി: തെരഞ്ഞെടുക്കപ്പെട്ടശേഷം രാഷ്ട്രീയ ആഭിമുഖ്യം മാറ്റുന്ന ജനപ്രതിനിധികൾ രാജിവെച്ചു ജനവിധി തേടുന്നതാണു ജനാധിപത്യ മര്യാദയെന്ന് ഹൈക്കോടതി. മറിച്ചുള്ള നടപടി, ജനങ്ങളുമായുള്ള ഉടമ്പടിയിൽനിന്നുള്ള ഏകപക്ഷീയ പിന്മാറ്റമാണ്. ജനങ്ങളെ അപഹസിക്കുന്നതിനു തുല്യമാണത്. അത്തരക്കാർക്കുള്ള മറുപടി ജനം ബാലറ്റിലൂടെയാണു നൽകേണ്ടതെന്നും അല്ലാതെ കായികമായി നേരിടുന്നതു ശരിയല്ലെന്നും കോടതി അഭിപ്രായപ്പെട്ടു.

കൂത്താട്ടുകുളം നഗരസഭയിലെ അവിശ്വാസവുമായി ബന്ധപ്പെട്ട സംഘർഷത്തിൽ പ്രതികളായ യുഡിഎഫ് നേതാക്കൾക്കു മുൻകൂർ ജാമ്യം അനുവദിച്ച ഉത്തരവിലാണ് ജസ്റ്റിസ് പി.വി. കുഞ്ഞികൃഷ്ണന്റെ നിരീക്ഷണം. എൽഡിഎഫ് കൗൺസിലർ കല രാജു കൂറുമാറുമെന്നു സംശയിച്ച് സ്വന്തം പാർട്ടിക്കാർ തടഞ്ഞതിനെ തുടർന്നായിരുന്നു സംഘർഷം.

ജനാധിപത്യ മൂല്യങ്ങളെ പിന്തുണയ്ക്കുന്ന നടപടിയാണു ജനങ്ങളിൽനിന്നു വേണ്ടതെന്നും അതിനു വിരുദ്ധമായി പെരുമാറുന്നവർക്ക് അടുത്ത തെരഞ്ഞെടുപ്പിൽ പുറത്തേക്കുള്ള വഴി കാട്ടുകയാണു വേണ്ടതെന്നും കോടതി പറഞ്ഞു. ജനങ്ങളുടെ ഇച്ഛയും അവരുടെ രാഷ്ട്രീയ ആഭിമുഖ്യവുമാണു ജനപ്രതിനിധികൾ പ്രതിഫലിപ്പിക്കുന്നത്. ഇതു ലംഘിക്കുന്നവർക്കുള്ള മറുപടി അടുത്ത തെരഞ്ഞെടുപ്പിൽ അവരെ പിന്തുണച്ചോ പുറന്തള്ളിയോ ജനങ്ങൾക്കു പ്രകടിപ്പിക്കാം. ജനാധിപത്യത്തിന്റെ സൗന്ദര്യം അതാണെന്നു പറഞ്ഞ കോടതി, 'ജനാധിപത്യം എന്നതു ജനങ്ങളാൽ ജനങ്ങൾക്കുവേണ്ടി തെരഞ്ഞെടുക്കപ്പെടുന്ന ജനങ്ങളുടെ സർക്കാരാണ്' എന്ന് ഏബ്രഹാം ലിങ്കൺ പറഞ്ഞിട്ടുള്ളതും ഉദ്ധരിച്ചു.

കൂത്താട്ടുകുളം നഗരസഭയിൽ യുഡിഎഫ് കൊണ്ടുവന്ന അവിശ്വാസ പ്രമേയം ചർച്ചയ്ക്കെടുക്കുന്ന ദിവസം എൽഡിഎഫ് അംഗമായ കല രാജുവിനെ എൽഡിഎഫ് പ്രവർത്തകർ തന്നെ തട്ടിക്കൊണ്ടു പോയിരുന്നു. തുടർന്നുണ്ടായ സംഘർഷത്തിൽ യുഡിഎഫ് അംഗങ്ങൾ നഗരസഭാ ചെയർപേഴ്സൻ അടക്കമുള്ളവരെ ആക്രമിച്ചു എന്നാണു കേസ്. എൽഡിഎഫ് പിന്തുണയിൽ ജയിച്ച അംഗം ജനാധിപത്യ മൂല്യങ്ങൾ വിസ്മരിച്ചു മറുപക്ഷം ചേരുന്നതിൽ പ്രവർത്തകർക്കുള്ള അമ്പരപ്പ് സംഘർഷത്തിനു കാരണമായിരിക്കാമെന്നു കോടതി പറഞ്ഞു.

## ക്ലാസ് റൂമിൽ പ്രഫസറും വിദ്യാർത്ഥിയും വിവാഹിതരായി

കൊൽക്കത്ത: പശ്ചിമബംഗാളിലെ നാദിയയിൽ ക്ലാസ് റൂമിൽ വിദ്യാർത്ഥിയെ ആചാരപ്രകാരം വിവാഹം കഴിക്കുന്ന വീഡിയോ സമൂഹമാധ്യമങ്ങളിൽ വൈറലായി.



ഹരിൻഘട്ട ടെക്നോളജി കോളജിലെ സൈക്കോളജി ഡിപ്പാർട്ട്മെന്റിലായിരുന്നു പുഷ്പഹാരം അണിയിക്കലും ഹൽദിയും ഉൾപ്പെടെയുള്ള ചടങ്ങുകൾ നടന്നത്. മൗലാന അബ്ദുൾ കലാം ആസാദ് ടെക്നോളജിക്കു കീഴിലുള്ള കോളജാണിത്. പ്രഫ. പായൽ ബാനർജി വിവാഹ വസ്ത്രത്തിൽ അണിഞ്ഞൊരുങ്ങി ക്ലാസിലെത്തുന്നതും വിദ്യാർത്ഥിയുടെ കഴുത്തിൽ പുഷ്പഹാരമിടുന്നതും പരസ്പരം മാലയിട്ടശേഷം മെഴുകുതിരി വെളിച്ചത്തിനുചുറ്റും ഏഴു തവണ വലംവെക്കുന്നതും കാണാം.

പ്രഫസറുടെ സിന്ദൂരരേഖയിൽ വിദ്യാർത്ഥി കുറി തൊടുന്നതും വീഡിയോ ദൃശ്യങ്ങളിലുണ്ട്. സംഭവം വിവാദമായതോടെ വിശദീകരണവുമായി പ്രഫസർതന്നെ രംഗത്തെത്തി. ക്ലാസ് റൂമിൽ നടന്നത് യഥാർത്ഥ വിവാഹമല്ലെന്നും അക്കാദമിക് പരിശീലനത്തിന്റെ ഭാഗമായുള്ള പഠനമാണെന്നുമാണ് പ്രഫ. പായൽ ബാനർജി പറഞ്ഞത്. അതേസമയം, സംഭവത്തെക്കുറിച്ച് മൂന്നംഗ പാനൽ അന്വേഷിക്കുമെന്ന് യൂണിവേഴ്സിറ്റി അധികൃതർ പറഞ്ഞു.

യൂണിവേഴ്സിറ്റി ലെറ്റർഹെഡുള്ള പേപ്പറിൽ രണ്ടുപേരും വിവാഹിതരായെന്ന കത്തിനു താഴെ ഒപ്പുവെച്ചിട്ടുണ്ട്. രണ്ടുപേരുടെ പക്ഷത്തുനിന്ന് മൂന്നു സാക്ഷികളും വിവാഹ ഉടമ്പടി കരാറിൽ ഒപ്പിട്ടിട്ടുണ്ട്. സംഭവത്തിനു പിന്നാലെ വിദ്യാർത്ഥിയുടെ മൊബൈൽഫോൺ സ്വിച്ച് ഓഫാണ്.

## കേരളം വീണ്ടും 3000 കോടി കടമെടുക്കുന്നു

തിരുവനന്തപുരം: കേരളം വീണ്ടും 3000 കോടി രൂപ കൂടി കടമെടുക്കുന്നു. കടപ്പത്രം പുറപ്പെടുവിക്കുന്നതിനുള്ള ലേലം റിസർവ് ബാങ്കിന്റെ മുംബൈ ഫോർട്ട് ഓഫീസിൽ ഇ-കുബേർ സംവിധാനം വഴി ഫെബ്രുവരി നാലിന് നടക്കും. ജനുവരി മുതൽ മാർച്ച് 31 വരെ 8,000 കോടി രൂപ കടമെടുക്കാൻ കേന്ദ്രാനുമതി ലഭിച്ചിരുന്നു. ജനുവരി 14-ന് 2500 കോടിയും 21-ന് 1500 കോടിയും കേരളം കടമെടുത്തിരുന്നു. 2024 ഡിസംബർ വരെ 23,000 കോടിയായിരുന്നു കേരളത്തിന് കടമെടുക്കാൻ അനുമതി. പല തവണ കേന്ദ്രം ഇതു പുതുക്കി നൽകിയതോടെ 32,000 കോടി കേരളം കടമെടുത്തു. ജനുവരിയിലെ കടമെടുപ്പു കൂടിയായതോടെ 36,000 കോടിയായി ഉയർന്നു. 3000 കോടി കൂടി കടം എടുക്കാൻ അനുമതി ലഭിച്ചതോടെ ഈ സാമ്പത്തിക വർഷത്തെ കടമെടുപ്പ് 39,000 കോടിയായി ഉയരും.

## കള്ളപ്പണം വെളുപ്പിക്കൽ: 18 സഹകരണ ബാങ്കുകൾക്കെതിരെ അന്വേഷണം നടക്കുന്നുവെന്ന് ഇഡി

കൊച്ചി: കള്ളപ്പണം വെളുപ്പിക്കൽ നിരോധന നിയമപ്രകാരം 18 സഹകരണ ബാങ്കുകൾക്കെതിരെ അന്വേഷണം നടക്കുന്നുണ്ടെന്ന് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇഡി) ഹൈക്കോടതിയെ അറിയിച്ചു. കേരളത്തിലെ എത്ര സഹകരണ ബാങ്കുകൾക്കെതിരെ ഇഡി അന്വേഷണം നടക്കുന്നുണ്ടെന്ന് അറിയിക്കണമെന്ന ഡിവിഷൻ ബെഞ്ച് നിർദേശപ്രകാരമാണ് ഇഡി കൊച്ചി സോണൽ ഡെപ്യൂട്ടി ഡയറക്ടർ പി. വിനോദ് കുമാർ സത്യവാങ്മൂലം നൽകിയത്. നിക്ഷേപം തിരിച്ചുനൽകാത്ത സഹകരണ ബാങ്കുകൾ അടച്ചുപൂട്ടണമെന്ന് അഭിപ്രായപ്പെട്ടുകൊണ്ടാണ് കേസിന്റെ വിവരങ്ങൾ നൽകാൻ ഇഡിയോടു കോടതി നിർദേശിച്ചിരുന്നത്.

മാവേലിക്കര, തൂമ്പൂർ, നടക്കൽ, അയ്യന്തോൾ, മൂന്നിലവ്, കണ്ടല, ബിഎസ്എൻഎൽ എഞ്ചിനീയറിങ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, ചാത്തന്നൂർ, മൈലപ്ര, കോന്നി, മറിയമുട്ടം, കരുവന്നൂർ, ഇടമുളയ്ക്കൽ, കൊല്ലൂർവിള, ആനക്കയം, മുഗു, തെന്നല, പുൽപ്പള്ളി എന്നീ സഹകരണ ബാങ്കുകൾക്കെതിരെയാണ് അന്വേഷണം. 18 സഹകരണ ബാങ്കുകളിലും നിയമവിരുദ്ധമായി വായ്പകൾ നൽകിയിട്ടുണ്ടെന്ന് ഇഡി വിശദീകരിച്ചു.

ഈടായി നൽകിയ സ്വത്തിന് അധികമൂല്യം കണക്കാക്കി വലിയ തുക വായ്പ അനുവദിച്ചിട്ടുണ്ട്. ഒരേ വസ്തുവിന്റെ പണയത്തിന്മേൽ ഒന്നിലേറെ വായ്പകൾ നൽകിയ കേസുകളുമുണ്ട്. സഹകരണസംഘത്തിന്റെ പരിധിക്കു പുറത്തും അർഹതയില്ലാത്തവർക്ക് വായ്പ നൽകി.

വായ്പകൾ കുടിശികയായിട്ടും റിക്കവറി നടപടികൾ സ്വീകരിക്കുന്നില്ല. നിയമവിരുദ്ധ പ്രവർത്തനം നടത്തിയവർതന്നെ സഹകരണബാങ്കിന്റെ ഔദ്യോഗിക ചുമതല വഹിക്കുന്നുണ്ടെന്നുമാണ് ഇഡിയുടെ വിശദീകരണം.

## കേരളാ എക്സ്പ്രസ് വാരാന്ത്യം

**കഴിഞ്ഞ 32 വർഷങ്ങളായി അമേരിക്കൻ മലയാളികളുടെ വാർത്തകളുടേയും ചിന്തകളുടേയും നേർപതിപ്പായ കേരളാ എക്സ്പ്രസ്സ് ഈ മാസം മുതൽ സാഹിത്യം, സിനിമ, യാത്രാക്കുറിപ്പുകൾ, സോഷ്യൽ മീഡിയ കുറിപ്പുകൾ എന്നിവയ്ക്കായി രണ്ട് പേജുകൾ നീക്കിവെയ്ക്കുന്നു.**

**കാച്ചിക്കുറുക്കിയ രചനകളാണ് കൂടുതലായും പരിഗണിക്കുക. മതപരമായ വിഷയങ്ങൾ ഒഴിവാക്കേണ്ടതാണ്. തിരക്കുകളുടെ ലോകത്ത് സജീവമായ മനുഷ്യന് ചുരുങ്ങിയ വാക്കുകളിൽ എല്ലാം കാണാനും കേൾക്കാനുമാണ് താല്പര്യം. എഴുതുന്നവർക്കും, എഴുതി തുടങ്ങുന്നവർക്കും കേരളാ എക്സ്പ്രസ്സിന്റെ ഈ പംക്തിയിലേക്ക് സ്വാഗതം.**

**രചനകൾ അയക്കുന്നവരുടെ പൂർണ്ണമായ മേൽവിലാസവും ഫോൺ നമ്പറും ഉണ്ടായിരിക്കേണ്ടതാണ്. യൂണിക്കോഡ് ഫോർമാറ്റിലാണ് രചനകൾ അയക്കേണ്ടത്. രചയിതാവിന്റെ ഫോട്ടോയും രചനകൾക്കൊപ്പം അയക്കേണ്ടതാണ്. ദീർഘമായ രചനകൾ അയയ്ക്കേണ്ടതില്ല. രചനകൾ പ്രസിദ്ധീകരിക്കുവാനുള്ള തീരുമാനം പൂർണ്ണമായും എഡിറ്റോറിയൽ ബോർഡിനായിരിക്കും.**

**രചനകൾ അയയ്ക്കേണ്ട വിലാസം:**

**news@keralaexpress.com**






# ഇന്ത്യ മൂന്നാമത്തെ സാമ്പത്തിക ശക്തിയായി മാറും: രാഷ്ട്രപതി

ന്യൂഡൽഹി: ലോകത്തിലെ മൂന്നാമത്തെ വലിയ സാമ്പത്തിക ശക്തിയായി ഇന്ത്യ ഉടൻ മാറുമെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു. ബജറ്റ് സമ്മേളനത്തിൽ ഇരുസഭകളെയും അഭിസംബോധന ചെയ്യവേയാണ് രാഷ്ട്രപതി രാജ്യത്തിന്റെ വികസനങ്ങൾ എണ്ണിപ്പറഞ്ഞത്. മൂന്നാം മോദി സർക്കാർ മൂന്നിരട്ടി വേഗത്തിലാണ് രാജ്യത്തെ മുന്നോട്ടു നയിക്കുന്നത്. വഖഫ് ബില്ലുകൾ, ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ് തുടങ്ങിയ വിഷയങ്ങളിൽ സർക്കാർ വലിയ തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ടെന്നും രാഷ്ട്രപതി പറഞ്ഞു.



ബജറ്റ് സമ്മേളനത്തിന്റെ ആരംഭമായി ഇരുസഭകളെയും അഭിസംബോധന ചെയ്യാൻ രാഷ്ട്രപതി ദ്രൗപതി മുർമു പാർലമെന്റിലേക്ക് എത്തിയപ്പോൾ.

അടുത്തിടെ അന്തരിച്ച പ്രധാനമന്ത്രി മൻമോഹൻ സിങ്ങിന് ആദരാഞ്ജലി അർപ്പിച്ചുകൊണ്ടാണ് രാഷ്ട്രപതി പ്രസംഗം ആരംഭിച്ചത്. കുംഭമേളയിൽ തിക്കിലും തിരക്കിലും പെട്ട് ജീവൻ നഷ്ടപ്പെട്ടവർക്കും രാഷ്ട്രപതി ആദരാഞ്ജലികൾ അർപ്പിച്ചു.

പരിഷ്കരിക്കുക, പ്രവർത്തിക്കുക, പരിവർത്തനം നടത്തുക തുടങ്ങിയവ രാജ്യത്തിന്റെ വികസനത്തിനായി സർക്കാർ മുന്നോട്ടു വെക്കുന്ന പ്രധാന വാക്കുകളാണെന്ന് രാഷ്ട്രപതി പറഞ്ഞു. ജി20, ബ്രിക്സ് തുടങ്ങിയ ബഹുമുഖ ഫോറങ്ങളിലൂടെ ലോകത്തിനു മുന്നിൽ ഇന്ത്യയുടെ നേതൃപാടവവും കഴിവും പ്രകടിപ്പിച്ചിട്ടുണ്ട്.

ഇടത്തരക്കാരുടെ വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. മൂന്നുകോടി കുടുംബങ്ങൾക്ക് പുതിയ വീടുകൾ നിർമ്മിക്കുന്നതിനായി പ്രധാനമന്ത്രി ആവാസ് യോജന വിപുലീകരിക്കാൻ തീരുമാനിച്ചു. സ്ത്രീശാക്തീകരണം, വ്യവസായ മേഖല, ബാങ്കിംഗ്, പ്രതിരോധം തുടങ്ങി വിവിധ മേഖലകളിൽ രാജ്യം സമാനതകളില്ലാത്ത നേട്ടം കൈവരിച്ചതായും രാഷ്ട്രപതി വ്യക്തമാക്കി.

രാജ്യത്തെ മധ്യവർഗത്തെ കൂടുതലും അഭിസംബോധന ചെയ്യുന്ന രീതിയിലായിരുന്നു രാഷ്ട്രപതിയുടെ പ്രസംഗം. എന്നാൽ, സർക്കാരിന്റെ വരും കാല പദ്ധതികളോ നയങ്ങളോ നയപ്രസംഗത്തിൽ രാഷ്ട്രപതി പ്രഖ്യാപിച്ചിട്ടില്ല എന്നതും ശ്രദ്ധേയമാണ്.

# സഭാതർക്കം: ഹൈക്കോടതി നടപടികൾ സുപ്രീംകോടതി റദ്ദാക്കി

ന്യൂഡൽഹി: ഓർത്തഡോക്സ്-യാക്കോബായ സഭാതർക്കം നിലനിൽക്കുന്ന എറണാകുളം, പാലക്കാട് ജില്ലകളിലെ ആറ് പള്ളികളുടെ ഭരണം ഏറ്റെടുക്കാനുള്ള ഉത്തരവുമായി ബന്ധപ്പെട്ട കോടതിയലക്ഷ്യ ഹർജികളിൽ ഇതുവരെയുള്ള കേരള ഹൈക്കോടതി നടപടികൾ സുപ്രീംകോടതി റദ്ദാക്കി. ഇനി ഹർജികളുടെ വിശദാംശങ്ങളിലേക്കു കടക്കുംമുൻപ് ഹൈക്കോടതി തീരുമാനിക്കേണ്ട ഏതാനും വിഷയങ്ങൾ സുപ്രീം കോടതി നിർദേശിച്ചു. വിധിപ്പകർപ്പ് പുറത്തുവന്നാലേ വിശദാംശങ്ങൾ വ്യക്തമാകൂ.

ആറ് പള്ളികൾ ഓർത്തഡോക്സ് സഭയ്ക്കു കൈമാറാനുള്ള സിംഗിൾ ബെഞ്ച് ഉത്തരവ് നേരത്തേ ഡിവിഷൻ ബെഞ്ചും ശരിവെച്ചിരുന്നു. തുടർന്ന് സംസ്ഥാന സർക്കാർ നൽകിയ പ്രത്യേകാനുമതി ഹർജിയിലാണ് ജഡ്ജിമാരായ സൂര്യകാന്ത്, എൻ. കോടീശ്വർ സിങ് എന്നിവരുടെ ബെഞ്ചിന്റെ നടപടി.

മതവിഭാഗങ്ങൾ തമ്മിലുള്ള തർക്കത്തിൽ സർക്കാരിനെ എത്രത്തോളം ഉൾപ്പെടുത്താനാകും. സുപ്രീം കോടതിയുടെ മുൻ ഉത്തരവ് പൂർണമായ രീതിയിൽ നടപ്പാക്കിയോ, സുപ്രീം കോടതി ഉത്തരവ് നടപ്പാക്കിക്കിട്ടാൻ നൽകുന്ന റിട്ട് ഹർജി നിലനിൽക്കുമോ തുടങ്ങിയ വിഷയങ്ങൾ ഹൈക്കോടതി പരിഗണിക്കണം. ആരാധനാലയങ്ങളിൽ പോലീസ് ഇടപെടുന്നതിന്റെ ഔചിത്യത്തിൽ കോടതി സംശയമുന്നയിച്ചു. മൃതദേഹ സംസ്കാരവുമായി ബന്ധപ്പെട്ട സംസ്ഥാന നിയമം കോടതിയലക്ഷ്യവിഷയത്തിൽ എങ്ങനെയാണു ബാധകമാകുക, മതപരമായ തർക്കത്തിലുള്ള സ്ഥലം ഏറ്റെടുത്തു നൽകാൻ ഹൈക്കോടതിക്ക് സർക്കാരിനോട് നിർദേശിക്കാമോ തുടങ്ങിയ വിഷയങ്ങളും കോടതിയലക്ഷ്യ ഹർജി തീർപ്പാക്കുമ്പോൾ പരിഗണിക്കണമെന്നും ബന്ധപ്പെട്ട എല്ലാ കക്ഷികളുടെയും ഭാഗം കേൾക്കണമെന്നും കോടതി നിർദേശിച്ചു.

## വിദേശത്ത് വിവാഹിതരായവർക്ക് ഇന്ത്യയിൽ രജിസ്ട്രേഷൻ സാദ്ധ്യമല്ല: കോടതി

കൊച്ചി: വിദേശത്ത് വിവാഹിതരായവർക്ക് ഇന്ത്യയിൽ വിവാഹ രജിസ്ട്രേഷൻ സാദ്ധ്യമല്ലെന്ന് ഹൈക്കോടതി. ഇത്തരം വിവാഹങ്ങൾ ഫോറിൻ മാര്യേജ് ആക്ടിലൂടെയാണ് രജിസ്റ്റർ ചെയ്യേണ്ടത്. അതേസമയം, വിദേശത്ത് വിവാഹിതരായശേഷം ഇന്ത്യയിലേക്കുമടങ്ങിയ ദമ്പതികൾക്ക് വിദേശത്തേക്കു പോകാതെതന്നെ ഓൺലൈൻവഴി ഫോറിൻ മാര്യേജ് ആക്ടിലൂടെ വിവാഹം രജിസ്റ്റർചെയ്യാൻ ജസ്റ്റിസ് സി.എസ്. ഡയസ് അനുമതി നല്കി. തൃശൂർ സ്വദേശി പി.ജി. വിപിനും ഇന്തോനേഷ്യൻ യുവതിയായ ഭാര്യ മാഡിയ സുഹർകയും നല്കിയ ഹർജിയാണ് കോടതി പരിഗണിച്ചത്. 2014-ൽ ഇന്തോനേഷ്യയിൽ വിവാഹിതരായ ഇരുവരും തൃശൂരിലാണ് താമസം. സ്പെഷൽ മാര്യേജ് ആക്ട്പ്രകാരം വിവാഹം രജിസ്റ്റർചെയ്യാൻ നല്കിയ അപേക്ഷ നിരസിച്ചതിനെത്തുടർന്നാണ് ഹൈക്കോടതിയെ സമീപിച്ചത്. ഇന്ത്യയിൽ വിവാഹം നടത്താത്തതിനാൽ സ്പെഷൽ മാര്യേജ് ആക്ട് ബാധകമല്ലെന്നും വിദേശത്തുനടന്ന വിവാഹമായതിനാൽ ഫോറിൻ മാര്യേജ് ആക്ടാണ് ബാധകമാകുകയെന്നും കോടതി വ്യക്തമാക്കി. ഹർജിക്കാരുടെ വിവാഹസർട്ടിഫിക്കറ്റ് ഇന്തോനേഷ്യയിലെ ഇന്ത്യൻ എംബസി അറ്റസ്റ്റ് ചെയ്തിട്ടുണ്ടെങ്കിലും ഫോറിൻ മാര്യേജ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടില്ലെന്ന് കണ്ടെത്തിയതിനെ തുടർന്നാണ് ഓൺലൈനിൽ ഇതിന് കോടതി അവസരം നല്കിയത്.

## എഎപിയിൽ കൂട്ടരാജി

ന്യൂഡൽഹി: നിയമസഭാ തെരഞ്ഞെടുപ്പിന് ദിവസങ്ങൾ മാത്രം ശേഷിക്കെ ആം ആദ്മി പാർട്ടിക്കും അരവിന്ദ് കെജ്‌രിവാളിനും കനത്ത ആഘാതമേല്പിച്ച് ഏഴ് എംഎൽഎമാർ പാർട്ടിയിൽ നിന്നും രാജിവെച്ചു. ഇവരിൽ ആറു പേരും തെരഞ്ഞെടുപ്പിൽ വീണ്ടും സ്ഥാനാർത്ഥിത്വം ലഭിക്കാത്തവരാണ്. പാർട്ടിയിലും നേതാവിലും വിശ്വാസം നഷ്ടമായെന്നും പാലം മണ്ഡലത്തിൽ നിന്നുള്ള എംഎൽഎ ഭാവനാ ഗൗർ കെജ്‌രിവാളിന് അയച്ച രാജിക്കത്തിൽ വ്യക്തമാക്കി. കസ്തൂർബാ നഗർ എംഎൽഎ മദൻ ലാലും ഇതേ കാരണമാണ് രാജിക്കത്തിൽ ചൂണ്ടിക്കാട്ടുന്നത്.

## ജോസഫ് നെടുവാമ്പുഴ ചിക്കാഗോയിൽ അന്തരിച്ചു



ചിക്കാഗോ: ജോസഫ് (ജോസ്) നെടുവാമ്പുഴ (69) ചിക്കാഗോയിൽ അന്തരിച്ചു. ഭാര്യ ഗ്രേസി ഉഴവൂർ വട്ടാടികുന്നേൽ കുടുംബാംഗമാണ്. മക്കൾ: ജെയ്സൺ ജോസഫ്, ജസ്റ്റിൻ ജോസഫ്.

മാതാപിതാക്കൾ: നെടുവാമ്പുഴ പരേതരായ ജോസഫും പെണ്ണമ്മയും. സഹോദരങ്ങൾ: കുര്യൻ (ജോയി) നെടുവാമ്പുഴ (ഞീഴൂർ), ബെൻസൻവിൽ സേക്രഡ് ഹാർട്ട് ക്നാനായ ഫൊറോനാ പള്ളി ട്രസ്റ്റി കോ-ഓർഡിനേറ്റർ തോമസ് നെടുവാമ്പുഴ (ചിക്കാഗോ), അന്നമ്മ (ആൻസി) നെടിയകാലായിൽ (ജെയ്പൂർ).

സംസ്കാരം ഫെബ്രുവരി 6-ന് വ്യാഴാഴ്ച മോർട്ടൻഗ്രോവ് സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ പള്ളിയിൽ വെച്ച് നടത്തപ്പെടും. രാവിലെ 8 മണി മുതൽ 10 മണി വരെ പൊതുദർശനം. തുടർന്ന് ദിവ്യബലിയും പ്രാർത്ഥനാ ശുശ്രൂഷകളും. നൈൽസിലുള്ള മേരിഹിൽ കാത്തലിക് സെമിത്തേരിയിൽ സംസ്കാരം നടക്കും. സംസ്കാരത്തിനുശേഷം പള്ളിയിൽ വെച്ച് മന്ത്രായും ഉണ്ടായിരിക്കും.



## വിവാഹേതരബന്ധം: കുട്ടിയുടെ നിയമപരമായ പിതൃത്വം ഭർത്താവിന്

ന്യൂഡൽഹി: ഭാര്യക്ക് അന്യപുരുഷനുമായി ബന്ധമുണ്ടായിരുന്നെങ്കിൽപ്പോലും വിവാഹംകഴിച്ച് ഒന്നിച്ചുജീവിക്കുമ്പോൾ ദമ്പതിമാർക്കുണ്ടായ കുഞ്ഞിന്റെ 'നിയമപരമായ പിതൃത്വം' ഭർത്താവിനുതന്നെയെന്ന് സുപ്രീം കോടതി. കൊച്ചി സ്വദേശിയായ യുവാവിന്റെ ജൈവിക (ബയോളജിക്കൽ) പിതാവിനെ കണ്ടെത്താൻ ഡിഎൻഎ പരിശോധനയ്ക്ക് ഉത്തരവിട്ട കേരള ഹൈക്കോടതി വിധി റദ്ദാക്കിയാണ് സുപ്രീംകോടതിയുടെ നിരീക്ഷണം. ഡിഎൻഎ പരിശോധനയ്ക്ക് ഉത്തരവിടുമ്പോൾ പിതൃത്വം ആരോപിക്കപ്പെടുന്ന വ്യക്തിയുടെ സ്വകാര്യതയും അന്തസ്സുംകൂടി പരിഗണിക്കണമെന്നും ജസ്റ്റിസ് സൂര്യകാന്ത് അധ്യക്ഷനായ ബെഞ്ച് വ്യക്തമാക്കി.

ഹൈക്കോടതി വിധിക്കെതിരെ, പിതൃത്വം ആരോപിക്കപ്പെട്ട വ്യക്തിയാണ് സുപ്രീംകോടതിയെ സമീപിച്ചത്. യുവാവിന്റെ അമ്മയുമായി തനിക്ക് ശാരീരികബന്ധമുണ്ടായിരുന്നില്ലെന്നാണ് പരാതിക്കാരന്റെ വാദം. വിവാഹേതര ബന്ധമുണ്ടായിരുന്നെന്ന ആരോപണത്തിന്റെമാത്രം അടിസ്ഥാനത്തിൽ ഡിഎൻഎ പരിശോധനയ്ക്ക് ഉത്തരവിടാനാകില്ല.

യുവാവിന്റെ അമ്മ 1989-ലാണ് വിവാഹം കഴിച്ചത്. 1991-ൽ ഇവർക്ക് മകളും 2001-ൽ മകനുമുണ്ടായി. 2003-ൽ യുവാവിന്റെ അമ്മയും ഭർത്താവും വേർപിരിഞ്ഞു താമസിക്കാൻ തുടങ്ങുകയും 2006-ൽ വിവാഹമോചിതരാകുകയും ചെയ്തു. തുടർന്ന്, മകന്റെ ജനന സർട്ടിഫിക്കറ്റിൽ പിതാവിന്റെ സ്ഥാനത്ത് ഭർത്താവിന്റെ പേരുമാറ്റി തനിക്ക് ബന്ധമുണ്ടായിരുന്നയാളുടെ പേര് ചേർക്കണമെന്ന അമ്മയുടെ ആവശ്യം കൊച്ചി കോർപറേഷൻ തള്ളി. പരാതിക്കാരനെ (സുപ്രീംകോടതിയിലെ) പിതാവായി പ്രഖ്യാപിക്കണമെന്നും അദ്ദേഹത്തിൽനിന്ന് ജീവനാംശം വേണമെന്നുമാവശ്യപ്പെട്ട് യുവാവും അമ്മയും കോടതിയെ സമീപിക്കുകയായിരുന്നു.

## ഷെറിന്റെ ശിക്ഷയിളവ് നിയമവിരുദ്ധം: മോചന തീരുമാനം വൈകും

തിരുവനന്തപുരം: ആലപ്പുഴ ചെങ്ങന്നൂർ ചെറിയനാട് സ്വദേശി ഭാസ്കര കാരണവരെ കൊലപ്പെടുത്തിയ കേസിൽ പ്രധാന പ്രതിയും കാരണവരുടെ മരുമകളുമായ ഷെറിനു ശിക്ഷാ കാലയളവിൽ ഇളവ് അനുവദിക്കാനുള്ള മന്ത്രിസഭാ തീരുമാനത്തിൽ രാജ്ഭവൻ തീരുമാനം വൈകും. മന്ത്രിസഭാ തീരുമാനം വാർത്തകളിലൂടെ മനസിലാക്കിയ രാജ്ഭവൻ പ്രാഥമിക പരിശോധനകൾ നടത്തി. നല്ലനടപ്പിന്റെ പേരിൽ പ്രതിയെ മോചിപ്പിക്കുന്നതിൽ രാജ്ഭവനു സംശയങ്ങളുണ്ട്. അതിനിടെ ഷെറിനു ശിക്ഷയിൽ ഇളവ് അനുവദിക്കുന്നത് നിയമവിരുദ്ധവും സമൂഹത്തിനു തെറ്റായ സന്ദേശം നൽകുന്നതുമാണെന്നു ചൂണ്ടിക്കാട്ടി മുൻ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല ഗവർണർ രാജേന്ദ്ര അർലേക്കറിനു കത്ത് നൽകി.

മൂന്നു ജീവപര്യന്തത്തിന് ശിക്ഷിക്കപ്പെട്ടയാളാണു ഷെറിൻ. തടവിൽ കഴിയവേ, സഹതടവുകാരുമായും ഉദ്യോഗസ്ഥരുമായും ജയിലിൽ പ്രശ്നങ്ങളുണ്ടാക്കിയതിനാൽ നാലു തവണ ജയിൽ മാറ്റിയ ഷെറിനെ മോചിപ്പിക്കാനുള്ള മന്ത്രിസഭാ തീരുമാനം മിന്നൽ വേഗത്തിലായിരുന്നു. 25 വർഷത്തിലധികമായി തടവിലുള്ളവരെ വിട്ടയയ്ക്കണമെന്ന ജയിൽ ഉപദേശക സമിതികളുടെ ശിപാർശകളിൽ തീരുമാനം നീളു



മ്പോഴാണ് 14 വർഷം പൂർത്തിയാക്കിയെന്നു പറഞ്ഞ് ഷെറിനെ മോചിപ്പിക്കാനുള്ള തീരുമാനം. ഇത് മന്ത്രിസഭയിലെ ഉന്നതരുടെ സ്വാധീനം മൂലമാണ്.

കുറ്റവാളികളും രാഷ്ട്രീയ ഉന്നതരും തമ്മിലുള്ള ഗൂഢ ബന്ധത്തിന്റെ മറവിലാണ് കണ്ണൂർ വനിതാ ജയിൽ ഉപദേശക സമിതി ഷെറിനെ വിടുതൽ ചെയ്യാൻ ശിപാർശ ചെയ്തത്. ടി.പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികൾക്കടക്കം ഈ ഇളവുകൾ ലഭിച്ചിട്ടുണ്ട്. ഇത്തരം ശിപാർശകൾക്ക് ഗവർണർ അംഗീകാരം നൽകിയാൽ കുറ്റവാളികൾക്കു പ്രോത്സാഹനവും നിയമവ്യവസ്ഥയ്ക്കു വെല്ലുവിളിയുമാകും. മാത്രമല്ല 58 വെട്ടേറ്റ് കൊല്ലപ്പെട്ട ടി.പി. ചന്ദ്രശേഖരൻ കേസിൽ ജീവപര്യന്തം ശിക്ഷിക്കപ്പെട്ടവർക്കും പുറത്തിറങ്ങാൻ അവസരമൊരുക്കും. ഈ സാഹചര്യത്തിൽ പ്രതിക്ക് ഒരു കാരണവശാലും ശിക്ഷാ ഇളവ് അനുവദിക്കരുത്' - ചെന്നിത്തല കത്തിൽ പറയുന്നു.

സർക്കാരിൽനിന്നും മോചന ശിപാർശ എത്തും മുമ്പ് തന്നെ ചെന്നിത്തല ഗവർണർക്ക് പരാതി നൽകി എന്നതാണ് വസ്തുത. നിലവിൽ മറ്റൊരു വനിതാ തടവുകാരിയുടെ മോചന ശിപാർശ രാജ്ഭവന് മുന്നിലുണ്ട്. അതിലും തീരുമാനം വന്നിട്ടില്ല. ഇതുകൊണ്ട് തന്നെ ഷെറിന്റെ കാര്യത്തിൽ തീരുമാനം വൈകുമെന്നാണു സൂചന.

## സിഎംഎസ് കോളജിലെ ഗവേഷണ വിദ്യാർത്ഥിനികൾക്ക് 2.7 കോടി വീതം സ്കോളർഷിപ്പ്



കോട്ടയം: കോട്ടയം സിഎംഎസ് കോളജിലെ രസതന്ത്രവിഭാഗത്തിൽ പ്രോജക്ട് ഗവേഷണ വിദ്യാർത്ഥിനികളായ ഷാജില സലിം, ഷെറിൻ സൂസൻ ചെറിയാൻ എന്നിവർക്ക് അമേരിക്കയിലെ ടെന്നീസി സർവകലാശാലയിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മേഖലയിൽ ഡോക്ടറൽ ഗവേഷണത്തിന് സ്കോളർഷിപ്പ്. ഇരുവർക്കും 2.7 കോടി രൂപ വീതം അഞ്ചുവർഷത്തേക്ക് ലഭിക്കും.

സിഎംഎസ് കോളജിലെ രസതന്ത്രവിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ ഡോ. വിബിൻ ഐപ്പ് തോമസിന്റെ കീഴിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസിൽ ഗവേഷണം നടത്തുകയാണ് ഇവർ. ഫ്രാൻസിൽനടന്ന ഫ്രഞ്ച് കെമിക്കൽ സൊസൈറ്റി കോൺഫറൻസിൽ ഷെറിൻ സൂസൻ ചെറിയാൻ ഗവേഷണ പ്രോജക്ട് അവതരിപ്പിച്ചിരുന്നു.

തിരുവല്ല പണിക്കരുവീട്ടിൽ ചെറിയാൻ സക്കറിയയുടെയും ഷേർളി ചെറിയാന്റെയും മകളാണ് ഷെറിൻ. വെച്ചൂച്ചിറ പുതുപറമ്പിൽ വീട്ടിൽ പി.ഇ. സലിമിന്റെയും ജാസ്മിൻ സലിമിന്റെയും മകളാണ് ഷാജില. ഭർത്താവ് നൗഫൽ നൗഷാദ്.

## വയനാട്: വായ്പ എഴുതിത്തള്ളലിൽ കേന്ദ്ര നിലപാട് തേടി കോടതി

കൊച്ചി: വയനാട് ഉരുൾപൊട്ടൽ ദുരന്തബാധിതരുടെ വായ്പകൾ എഴുതി തള്ളുന്ന കാര്യത്തിൽ കേന്ദ്രത്തോട് നിലപാട് തേടി ഹൈക്കോടതി. വിഷയത്തിൽ കേന്ദ്രം മൗനം തുടരുകയാണെന്ന് ജസ്റ്റിസ്മാരായ എ.കെ. ജയശങ്കരൻ നമ്പ്യാർ, എസ്. ഈശ്വരൻ എന്നിവരടങ്ങുന്ന ഡിവിഷൻ ബെഞ്ച് ചൂണ്ടിക്കാട്ടി.

മാസങ്ങളായി ഇതു സംബന്ധിച്ച് കോടതി ചോദ്യങ്ങൾ തുടർന്നിട്ടും മറുപടിയില്ലാത്തതിനാൽ ഇക്കാര്യത്തിലെ നടപടി ഉടൻ അറിയിക്കാനും കോടതി നിർദേശിച്ചു. ദുരന്തബാധിതരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട ഹർജികളാണ് കോടതിയുടെ പരിഗണനയിലുള്ളത്.

ദുരന്തബാധിതരുടെ പുനരധിവാസത്തിനായി നിർമ്മിക്കുന്ന വീടിന് ചതുരശ്രയടിക്ക് 3,000 രൂപയെന്ന നിരക്കിൽ ചെലവ് നിശ്ചയിച്ചതിൽ അപാകതയുള്ളതായി അമിക്കസ്ക്യൂറി അറിയിച്ചു. ലൈഫ്മിഷൻ പദ്ധതിപ്രകാരം ചതുരശ്രയടിക്ക് 400 രൂപയാണ് നിശ്ചയിച്ചിരിക്കുന്നത്.

ടൗൺഷിപ്പിന്റെയടക്കം രൂപരേഖ തയ്യാറാക്കിയ കിഫ്ബിയുടെ സബ്സിഡിയറിയായ കിഫ്കോണിന് ഇക്കാര്യത്തിൽ മതിയായ സാങ്കേതിക പരിജ്ഞാനമുണ്ടോയെന്ന കാര്യത്തിലും അമിക്കസ്ക്യൂറി സംശയം പ്രകടിപ്പിച്ചു. പുനർനിർമ്മാണ ജോലി ഊരാളുങ്കൽ ലേബർ സൊസൈറ്റിക്കു മാത്രമായി നല്കുന്നത് ഒഴിവാക്കേണ്ടതാണെന്ന ആവശ്യവുമുന്നയിച്ചു.

എന്നാൽ, ഡൽഹി നിരക്കിലാണ് നിർമാണച്ചെലവ് നിശ്ചയിച്ചിരിക്കുന്നതെന്നും നൂറോളം വീടുകൾ വെക്കുന്ന സാഹചര്യത്തിൽ ഈ തുകയിൽ കാര്യമായ കുറവുണ്ടാകുമെന്നും സർക്കാർ അഭിഭാഷകൻ അറിയിച്ചു.

ഊരാളുങ്കൽ സൊസൈറ്റിയുടെ 80 ശതമാനം ഓഹരി സർക്കാരിന്റേതാണെന്നും വിശദീകരിച്ചു. നിർമ്മാണപ്രവർത്തനം നടക്കട്ടെയെന്നും കാര്യങ്ങൾ കോടതിയുടെ മേൽനോട്ടത്തിലാകും നടക്കുകയെന്നും ഡിവിഷൻ ബെഞ്ച് വ്യക്തമാക്കി.




FAMILY DENTAL

GENERAL DENTISTRY
COSMETIC DENTISTRY
IMPLANT, GUM SURGERY
ORTHODONTIC TREATMENT
WISDOM TOOTH EXTRACTIONS

552 S WASHINGTON ST., SUITE # 101,
NAPERVILLE, ILLINOIS 60540
PHONE: 630 999 1976

Children Welcome
Invisalign & Braces

9709 N. MILWAUKEE AVE.
GLENVIEW, ILLINOIS 60025
PHONE: 847 581 1418
(NORTHWEST CORNER OF MILWAUKEE & GREENWOOD)




DR. SUSAN EDUKUTHARAYIL BDS, DDS
DR. SUSMITHA EDUKUTHARAYIL DMD

Appointment, Visit: MyDentistToday.com MONDAY - SATURDAY

ACHIEVE REAL ESTATE GROUP, INC.

For All Your Real Estate Needs
Please Call ...

THOMAS KURUVILLA KARIKULAM
Real Estate Broker
1-847-219-6050
834 Rand Rd Mount Prospect IL 60056



FULL TIME REALTOR

# ചാക്കോച്ചൻ കിഴക്കേക്കുറ്റിന്റെ നല്ല മനസ്സിൽ വെളിയന്നൂരിൽ 10 പേർക്കു കൂടി വീടൊരുങ്ങുന്നു





ചിക്കാഗോ: 'മനസോട് ഇത്തിരി മണ്ണ്' കാമ്പയിന്റെ ഭാഗമായി നല്കിയ ഭൂമി ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ഏറ്റുവാങ്ങി. ഭവനരഹിതരായ കുടുംബങ്ങൾക്ക് സ്വന്തമായി ഒരു വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിനായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച 'മനസോട് ഇത്തിരി മണ്ണ്' കാമ്പയിന്റെ ഭാഗമായി വെളിയന്നൂർ ഗ്രാമപഞ്ചായത്തിലെ നിരാലംബരായ സമൂഹത്തിന് വീട് നിർമാണത്തിന് 78 സെന്റ് ഭൂമി സംഭാവന നല്കി ഉഴവൂർ കിഴക്കേക്കുറ്റ് ചാക്കോച്ചൻ മാതൃകയായി. ലൈഫ്

**ജോസ് കണിയാലി**

പദ്ധതിപ്രകാരം പത്ത് വീടുകളാണ് ഈ സ്ഥലത്ത് നിർമിക്കുന്നത്.

ഭവനരഹിതരില്ലാത്ത കേരളം എന്ന സ്വപ്നം സർക്കാർ സ്ഥാപനങ്ങളുടെ മുൻകൈ കൊണ്ട് മാത്രം സാക്ഷാത്കരിക്കുക എളുപ്പമല്ലെന്ന സാഹചര്യത്തിലാണ് സംസ്ഥാന സർക്കാർ 'മനസോട് ഇത്തിരി മണ്ണ്' കാമ്പയിൻ പ്രഖ്യാപിച്ചത്.

ഭൂമി കൈവശമുള്ളതും എന്നാൽ വീടില്ലാത്തതുമായ കുടുംബങ്ങൾക്ക് ഊന്നൽ നല്കി ലൈഫ് മിഷൻ പദ്ധതി രണ്ടാം ഘട്ടത്തിൽ ഉൾപ്പെട്ട മുഴുവൻ കുടുംബങ്ങൾക്കും വീട് നിർമാണം വെളിയന്നൂർ ഗ്രാമപഞ്ചായത്തിൽ ആരംഭിച്ചിരുന്നു. മൂന്നാം ഘട്ടത്തിൽ ഭൂമിയോ പാർപ്പിടമോ ഇല്ലാത്ത വിഭാഗത്തിന് ലക്ഷ്യമിട്ടപ്പോഴാണ് ഭൂമി വാങ്ങി നല്കുന്നതിനുള്ള സാമ്പത്തികം തടസ്സമായത്.

ഈ ഘട്ടത്തിലാണ് പ്രവാസിയായ കിഴക്കേക്കുറ്റ് ചാക്കോച്ചൻ സഹായമനസ്സുമായി ഗ്രാമപഞ്ചായത്തിനെ സമീപിച്ചത്.

മൂന്നാം ഘട്ടത്തിൽ ഈ പത്ത് വീടുകളുടെ നിർമാണം കൂടി പൂർത്തിയാകുന്നതോടെ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ട മുഴുവൻ കുടുംബങ്ങൾക്കും വീട് നല്കിയ ഗ്രാമപഞ്ചായത്തായി വെളിയന്നൂർ മാറും.

ചാക്കോച്ചൻ, ഭാര്യ ഷിജി ചാക്കോച്ചൻ, മക്കളായ ആര്യ, ആരതി, അമൽ എന്നിവരിൽ നിന്ന് കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് കെ.വി. ബിന്ദു ഭൂമി നല്കുന്നതിനുള്ള സമ്മതപത്രം ഏറ്റുവാങ്ങി.

ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് രാജു ജോൺ, വെളിയന്നൂർ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് സജേഷ് ശശി, ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ഡോ. സിന്ധുമോൾ ജേക്കബ്, ജില്ലാ പഞ്ചായത്ത് ക്ഷേമകാര്യ സ്ഥിരസമിതി അദ്ധ്യക്ഷൻ പി.എം. മാത്യു, വെളിയന്നൂർ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ട് ജിനി സിജു, സ്ഥിരം സമിതി അദ്ധ്യക്ഷന്മാരായ സണ്ണി പുതിയിടം, ജോമോൻ ജോണി, അർച്ചന രതീഷ്, ഗ്രാമപഞ്ചായത്ത് അംഗങ്ങളായ തങ്കമണി ശശി, ജിമ്മി ജെയിംസ്, ബിന്ദു ഷിജു, ഉഷ സന്തോഷ്, സെക്രട്ടറി ടി. ജിജി എന്നിവർ പങ്കെടുത്തു.










Citywide Mortgage of America Corp.
Servicing Illinois, Florida, California, and Indiana
We can provide you a PRE-APPROVAL IN MINUTES
Purchase
Jumbo Loan
Refinance
Cashout
WWW.CITYWIDEMA.COM
EQUAL HOUSING LENDER
Illinois Residential Mortgage Licensee

Joseph Mullappallil
Mortgage Broker/Owner
joemcitywide@gmail.com
773-908-8296

Jeremy Karedan
Mortgage Broker/Owner
jeremy@citywidema.com
773-202-2600

4323 W. Irving Park Unit 1B Chicago, IL 60641 | NMLS: 255253

Mullappallil Law Group



Shijo Mullappallil
Attorney at Law
smullapp23@gmail.com
Cell: 847-650-8241
General Practice including: Real Estate Law, Wills, Trust Estate Planning, and Contracts

# ഐപിസി കുടുബസംഗമം; പ്രമോഷണൽ മീറ്റിങ്ങുകൾ ന്യൂയോർക്കിൽ തുടങ്ങും

**നിബു വെള്ളവന്താനം**

ന്യൂയോർക്ക്: വടക്കെ അമേരിക്കയിലെ ഐപിസി സഭകളുടെ 20-ാമത് സംഗമത്തിന്റെ പ്രചരണാർത്ഥം അമേരിക്കയിലെ പ്രമുഖ പട്ടണങ്ങളിൽ സംഘടിപ്പിക്കുന്ന പ്രമോഷണൽ മീറ്റിംഗുകൾക്ക് ന്യൂയോർക്കിൽ തുടക്കമാകും.

ന്യൂയോർക്ക്, ന്യൂജേഴ്സി, പെൻസിൽവേനിയ സംസ്ഥാ




നങ്ങളിൽ നിന്നുമുള്ള വിശ്വാസി സമൂഹത്തെ പങ്കെടുപ്പിച്ചുകൊണ്ട് പ്രീ-കോൺഫറൻസും സംഗീത സന്ധ്യയും മാർച്ച് 9-ന് ഞായറാഴ്ച വൈകിട്ട് 5.30-ന് ന്യൂയോർക്ക് ലെവിടൗൺ ഇന്ത്യ ക്രിസ്ത്യൻ അസംബ്ലി സഭാ ഹാളിൽ വെച്ച് നടത്തപ്പെടും. ഐപിസി യുവജനവിഭാഗം സംസ്ഥാന പ്രസിഡണ്ട് പാസ്റ്റർ ഷിബിൻ സാമുവൽ മുഖ്യപ്രഭാഷണം നടത്തും. കോൺഫറൻസ് ദേശീയ ഭാരവാഹികളായ പാസ്റ്റർ സാം വർഗീസ്, ഫിന്നി ഏബ്രഹാം, ഏബ്രഹാം മോനീസ് ജോർജ്, റോബിൻ ജോൺ, സൂസൻ ജോൺസൺ തുടങ്ങിയവർ കുടുംബസംഗമത്തിന്റെ ഇതുവരെയുള്ള ക്രമീകരണ പുരോഗതികൾ വിശദീകരിക്കും.

സമ്മേളനത്തിൽ പങ്കെടുത്ത് സ്പോൺസർഷിപ്പും രജിസ്ട്രേഷനും ഭാരവാഹികളെ ഏല്പിക്കുവാൻ ഈയവസരം വിനിയോഗിക്കണമെന്ന് നാഷണൽ സെക്രട്ടറി ഫിന്നി ഏബ്രഹാം അറിയിച്ചു. കോൺഫറൻസിന്റെ ദേശീയ പ്രതിനിധികളായ പാസ്റ്റർ ജേക്കബ് ജോർജ്, സാം മേമന, പാസ്റ്റർ ഡോ. ജോർജ് മാത്യു, പാസ്റ്റർ ഏബ്രഹാം മാത്യു എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നല്കും.

വടക്കെ അമേരിക്കയിലും കാനഡയിലും പാർക്കുന്ന ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയുടെ അംഗങ്ങളും കോൺഫറൻസ് അഭ്യുദയകാംക്ഷികളുമായി നിരവധി പേർ പങ്കെടുക്കുന്ന ചതുർദിന സമ്മേളനം ജൂലൈ 17 മുതൽ 20 വരെ കാനഡയിലെ എഡ്മന്റണിൽ വെച്ചാണ് നടത്തപ്പെടുന്നത്. രജിസ്ട്രേഷൻ നിരക്കിൽ ഇളവോടുകൂടി ലഭിക്കുന്നതിന്റെ അവസാന തീയതി മാർച്ച് 31.

കോൺഫറൻസിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർക്ക് അനായസേന കോൺഫറൻസ് വെബ്സൈറ്റ് (www.ipcfamilyconference.org) വഴിയും രജിസ്റ്റർ ചെയ്യുവാൻ കഴിയും.

# മാർ മാക്കീൽ അനുസ്മരണം പ്രൗഢമായി

**ലിൻസ് താന്നിച്ചുവട്ടിൽ**

ചിക്കാഗോ: ബെൻസൻവിൽ സേക്രഡ് ഹാർട്ട് ക്നാനായ കത്തോലിക്കാ ഇടവകയിൽ ഭാഗ്യസ്മരണാർഹനായ ദൈവദാസൻ മാർ മാത്യു മാക്കീൽ പിതാവിന്റെ 114-ാം ചരമവാർഷികം ആചരിച്ചു. 1851 മാർച്ച് 27-ന് കോട്ടയം ജില്ലയിലെ മാഞ്ഞൂരിലാണ് അഭി. മാർ മാത്യു മാക്കീൽ ജനിച്ചത്. 1889-ൽ കോട്ടയം വികാരിയാത്തിൽ വികാരി ജനറലായി നിയമിതനായി. 1896-ൽ തൃശൂർ, എറണാകുളം, ചങ്ങനാശേരി എന്നിവിടങ്ങളിലായി പുനഃസംഘടിപ്പിച്ചപ്പോൾ അദ്ദേഹത്തെ കോട്ടയം ഉൾപ്പെടുന്ന ചങ്ങനാശേരിയുടെ വികാരി അപ്പസ്തോലിക്കായി നിയമിക്കുകയും ചെയ്തു.

1911-ൽ ക്നാനായ കത്തോലിക്കർക്ക് മാത്രമായി കോട്ടയത്ത് പുതിയ വികാരിയാത്ത് രൂപീകരിക്കുകയും മാർ മാത്യു മാക്കീൽ വികാരി അപ്പസ്തോലിക്കായി കോട്ടയത്ത് ചുമതലയേൽക്കുകയും ചെയ്തു. 1914 ജനുവരി 26-ന് കോട്ടയത്തുവെച്ച് അദ്ദേഹം അന്തരിച്ചു. 2009 ജനുവരി 26-ന് ദൈവദാസനായി പ്രഖ്യാപിക്കപ്പെട്ട അഭിവന്ദ്യ പിതാവിന്റെ നാമകരണ നടപടികൾ നടക്കുകയാണ്. ക്നാനായ ജനതയുടെ വളർച്ചയുടെ വഴികളിൽ മാക്കീൽ പിതാവിന്റെ പ്രാർത്ഥനകളും കണ്ണീരും വിയർപ്പും ഏറെയുണ്ട്. ജനുവരി 26-ന് ബെൻസൻവിൽ സേക്രഡ് ഹാർട്ട് ഇടവക ദേവാലയത്തിൽ അർപ്പിക്കപ്പെട്ട അനുസ്മരണ ശുശ്രൂഷകൾക്ക് ഇടവക വികാരിയായ റവ.ഫാ. തോമസ് മുളവനാൽ മുഖ്യകാർമ്മികത്വം വഹിച്ചു. മാർ മാക്കീൽ സ്ഥാപകനായ വിസിറ്റേഷൻ സന്യാസസമൂഹത്തിന്റെ



ആഭിമുഖ്യത്തിൽ അഭി. മാക്കീൽ പിതാവിന്റെ ഓർമ്മകളെ പ്രോജ്വലിപ്പിക്കുന്നതിനായി നടത്തുന്ന മത്സരത്തിന്റെ വിശദാംശങ്ങളും വികാരി അറിയിച്ചു.

**മഞ്ജുളചിന്തകൾ**

# അജ – ശുനക – ന്യായം



**പാസ്റ്റർ ജോൺസൺ സഖറിയ**

ഒന്നിലേറെ കുബുദ്ധികൾ സംഘടിച്ച് ഒത്ത് പറഞ്ഞ് ഒന്നിനെ മറ്റൊന്നായി സമർത്ഥിക്കുന്നതിനെ തികച്ചും നാടൻ ഭാഷയിൽ പറഞ്ഞാൽ 'ആടിനെ പട്ടിയാക്കുക' എന്നു പറയാം. കുബുദ്ധികളുടെ ഒത്തുകളിയിൽ ഇങ്ങനെയൊക്കെ നടക്കുന്നുണ്ടെന്നുള്ളത് ആർക്കാണ് അറിയാൻ കഴിയാത്തത്? പ്രത്യേകിച്ച് സാധാരണക്കാരെ തെറ്റുധരിപ്പിക്കാൻ വളരെ പെട്ടെന്നു കഴിഞ്ഞെന്നുവരാം. ഇതിനോടകം എത്ര ആടുകൾ പട്ടിയും എത്രയോ പട്ടികൾ ആടുകളുമായി! പല സിംഹാസനങ്ങളും ശുനകൻ കരസ്ഥമാക്കിയത് നാം മനസ്സിലാക്കിയത് വളരെ വൈകിയല്ലേ? അതുകൊണ്ടല്ലേ സ്വസ്ഥത നഷ്ടപ്പെടുത്തുന്ന 'കുര' എന്നും മുഴങ്ങുന്നത്. ആടുകൾ പുറത്തും ശുനകന്മാർ അകത്തും. ഭയങ്കരം!

കുര എന്ന വാക്കിന് ഉച്ചത്തിലുള്ള നിരർത്ഥകമായ മുഷിപ്പൻ സംസാരം എന്നും അർത്ഥമുണ്ട്. മോട്ടിവേഷൻ ക്ലാസുകൾ പണ്ടെങ്ങും ഇല്ലാത്തതുപോലെ ഇന്ന് വർദ്ധിച്ചു വരുന്നതിനുള്ള കാരണം ഇനിയും അന്വേഷിച്ചു സമയം കളയണമോ? പ്രധാന കാരണം എങ്ങും കുരയാണധികവും. ഒരിക്കൽ ആരാധനാസ്ഥലങ്ങൾ ആശ്വാസത്തിന്റെയും ആത്മീയവർദ്ധനവിന്റെയും ഉറവിടമായിരുന്നു. അവിടെനിന്നും ഉച്ചത്തിൽ കേട്ടിരുന്നത് ദൈവത്തെ സ്തുതിക്കുന്ന കീർത്തനങ്ങളുടെയും ദൈവത്തോട് സംസാരിക്കുന്ന പ്രാർത്ഥനകളുടെയും ശബ്ദമായിരുന്നു. ഇന്നാകട്ടെ സ്വസ്ഥത നഷ്ടപ്പെടുത്തുന്ന പോർവിളികൾ, കൈകൊട്ടി പാടിയിരുന്നത് മറന്ന് ഇന്ന് കൈയേറ്റങ്ങളായി. ഏതു നാവുകൾ കൊണ്ട് സ്തുതികീർത്തനങ്ങൾ പാടിയോ അതേ നാവുകൾ കൊണ്ട് അസഭ്യം പുലമ്പുന്നു. കാരണം കുറേയേറെ ശുനകന്മാർ ആരുടെയൊക്കെ സപ്പോർട്ടും വോട്ടുകളും നേടി ആടുകളായി അമരത്ത് വലിഞ്ഞ്കയറി.

നിയമനിർമാണ സഭകൾ ഒരിക്കൽ ജനത്തിന് അഭിമാനമായിരുന്നു. കാരണം അതിൽ സമൂഹത്തിലെ മാന്യന്മാർ, പക്വമതികൾ, ദുർനടപ്പുകളുടെയോ അഴിമതികളുടെയോ കറപുരളാത്ത ശ്രേഷ്ഠന്മാരായിരുന്നു. ഇന്ന് അങ്ങനെ എത്ര പേരുണ്ട്? ഗൗരവമായി ഒന്നു ചിന്തിക്കുമോ? എങ്ങനെ അർഹതയില്ലാത്തവർ അഗ്രാസനാധിപന്മാരായി വന്നു? അവിടെയാണ് അജ ശുനക ന്യായം ഒളിച്ചിരുന്നു കളിച്ചത്. ആകയാൽ എന്തുമാത്രം പൊതുമുതൽ അപഹരിക്കപ്പെട്ടു. നശിപ്പിക്കപ്പെട്ട പൊതുമുതൽ എത്രമാത്രം? എത്രയോ ആട്ടിൻകുട്ടികൾ മാനഭംഗപ്പെട്ടു! എന്നിട്ടും ഇന്നും അനേകം കുബുദ്ധികൾ ഒത്തുകൂടി അജ ശുനക ന്യായത്തിന് വെള്ളം കോരുമ്പോൾ അവർ അറിയുന്നുണ്ടോ വളർന്നുവരുന്ന തലമുറകളുടെ ഭാവിക്കു ദോഷമാണ് ചെയ്യുന്നതെന്ന്?

തല്ക്കാല കാര്യസാദ്ധ്യതകൾക്കായി നിരപരാധികളുടെ നേരെ അജ ശുനക ന്യായം ഉപയോഗിച്ച് അവരെ വേദനിപ്പിക്കരുത്. അങ്ങനെയായാൽ അവരുടെ നയനങ്ങളിൽ നിന്നും പുറപ്പെടുന്ന ബാഷ്പങ്ങൾ ഒരിക്കലും നമുക്ക് അനുഗ്രഹങ്ങൾ ആവുകയില്ല. ദുഷ്ടനേയും അഴിമതിക്കാരനേയും അനുകൂലിച്ചു വാരിക്കൂട്ടുന്ന സമ്പാദ്യം യേശുവിനെ ഒറ്റിക്കൊടുത്ത് യൂദാ വാങ്ങിയ കാശുപോലെ അനുഭവിക്കുവാൻ ഒക്കുകയില്ലെന്നേ. ബൈബിൾ പറയുന്നത് എത്ര സത്യം! "ദുഷ്ടനെ നീതീകരിക്കുന്നതും നീതിമാനെ കുറ്റം വിധിക്കുന്നതും രണ്ടും ദൈവം വെറുക്കുന്നു." അങ്ങനെയുള്ളവർക്ക് ശിക്ഷ വരാതിരിക്കുകയില്ല. ആകയാൽ ആടിനെ ആടായിട്ടും നായയെ നായയായിട്ടും കാണുവാനുള്ള ഒരു നല്ല മനസ്സ് ഉണ്ടാകട്ടെ. എന്നാൽ, നാം നല്ലൊരു മനസ്സാക്ഷിയുടെ ഉടമസ്ഥനും തന്നെ.

# ബെൻസൻവിൽ ഇടവകയിൽ ഫാമിലി ബോണ്ടിങ് സെമിനാർ നടത്തി



**ലിൻസ് താന്നിച്ചുവട്ടിൽ**

ചിക്കാഗോ: ബെൻസൻവിൽ സേക്രഡ് ഹാർട്ട് ക്നാനായ കത്തോലിക്കാ ഇടവകയിൽ മെൻസ് ആൻഡ് വിമൻസ് മിനിസ്ട്രികളുടെ സംയുക്താഭിമുഖ്യത്തിൽ ഫാമിലി ബോണ്ടിങ് സെമിനാർ സംഘടിപ്പിച്ചു. ജനുവരി 26-ന് ഞായറാഴ്ച വിശുദ്ധ കുർബാനയെ തുടർന്നാണ് ഈ സെമിനാർ സംഘടിപ്പിക്കപ്പെട്ടത്. ഇടവകാംഗവും നോർത്ത് പാർക്ക് യൂണിവേഴ്സിറ്റി ഫാക്കൽറ്റിയും സ്വീഡിഷ് കവനന്റ് ഹോസ്പിറ്റലിലെ നേഴ്സിങ് ഡയറക്ടറുമായ ഡോ. അജിമോൾ ലൂക്കോസ് പുത്തൻപുരയിലാണ് വിജ്ഞാനപ്രദമായ ഈ സെമിനാർ നയിച്ചത്. കുടുംബ ബന്ധങ്ങളുടെ സുദൃഢമായ വളർച്ചയ്ക്കുതകുന്ന നിരവധി കാര്യങ്ങളും ദമ്പതികളുൾപ്പെടെയുള്ള കുടുംബാംഗങ്ങൾ പ്രായോഗികമായി അനുവർ



ത്തിക്കേണ്ട പെരുമാറ്റ ശൈലികളുമൊക്കെ സെമിനാറിൽ പങ്കുവെക്കപ്പെട്ടു.

# CHICAGO KCS WOMEN'S FORUM HOLIDAY BASH – A CELEBRATION OF COMMUNITY AND FRIENDSHIP




**Shanil Vettikattu**

On Saturday, January 25, 2025, the Chicago KCS Women's Forum hosted its much-anticipated Holiday Bash at Belvedere Banquets in Elk Grove Village. The event brought together the vibrant women of the community for a warm and festive celebration of the season.



The event kicked off with a cocktail hour, where attendees had the chance to capture memories with photographer Monu Varghese. Our dedicated charity team—Dr. Liya Kunnassery, Jyothi Alappat, and Rejimol Valloor— led the registration and check-in.

The program began with a welcoming introduction from Joint Secretary Jane Mundaplackil, setting the tone for an enjoyable day. Guests participated in a fun ice-breaker game led by Becky Idiyalil, Jetsy Idiyalil, and Dr. Mekha Thandacheril. This was followed by a beautiful prayer song by Nikhila Vallattil and Karishma Parayil.

Women's Forum Secretary MannuThirunelliparambil then delivered the warm welcome speech, and President Shanil Vettikattu shared an inspiring address. The event continued with a grand inauguration speech by KCS President Jose Anamalayil, followed by Vice President Jinu Nediyakalayil's introduction of the subcommittee members. The ceremonial lighting of the lamp marked an important moment of unity.

The event included heartfelt felicitation speeches from Teena Neduvampuzha and former Women's Forum President Tosmy Kaithakkathottiyil, who shared their gratitude and encouragement for the group's continued growth.

Jane Mundaplackil concluded the program with a vote of thanks, expressing appreciation for the sponsors who made the event possible:

Sponsors: Reena Madathil (Kairali Foods), Prathibha Thachet, Siju Koovakattil, Jaymol Mundaplackil, Thankamma Nediyakalayil, Dr. Deepa Thirunelliparambil, and Rajani Pallikunnel.









Afterward, attendees had a blast playing two engaging games: the Scavenger Hunt, organized by the Activities and Fitness team (Dr. Maryanne Nellamattathil, Sanitha Marangattil, Merin Thannichuvattil, Neena Kunnathukizhakkethil, Neethu Chakkalapadavil, and Reshmi Mundupalthinkal), and the Music Trivia, led by the Social Media team (Ann Varsha Vilangukallel, Ann Thottichira, Lidia Myalkarapurath, and Merlyn Jose Mathew).

The event also featured a delightful array of food, including Indian appetizers by Kairali and a selection of American banquet-style dishes such as Herb roasted salmon and chicken parmesan. Everyone enjoyed the meal as the soothing melodies from Monachan's sound system created a serene and enjoyable atmosphere for the afternoon.



With 200 ladies in attendance, the Holiday Bash was a joyous and memorable occasion, filled with friendship, laughter, and community spirit.















വാരാന്ത്യം

# ആകാശത്തിനും അതിരുനിൽക്കാനാവാത്ത മനുഷ്യന്റെ ബഹിരാകാശ കൗതുകം





ഷിബു ഗോപാലകൃഷ്ണൻ

എട്ടു മാസങ്ങൾ കൂടി കഴിഞ്ഞാൽ സുനിത വില്യംസിനു 60 വയസ്സ് തികയും. എന്നുപറഞ്ഞാൽ അടങ്ങി ഒതുങ്ങി വീട്ടിൽ വിശ്രമജീവിതം നയിക്കേണ്ടുന്ന പ്രായം. ഭൂമിയിലെ അത്തരം ധാരണകളോടെല്ലാം കൈവീശി കാണിച്ചുകൊണ്ടാണ് എട്ടു മാസങ്ങൾക്കു മുൻപ് സുനിത അഞ്ചാമതും സ്പേസ് സ്റ്റേഷനിലേക്കു കുതിച്ചത്. ആകാശത്തിനും അതിരു നിൽക്കാനാവാത്ത മനുഷ്യന്റെ ബഹിരാകാശ കൗതുകങ്ങൾക്കു ചിറകു നൽകിയത്.

എട്ടു ദിവസത്തെ ഉദ്യമം തിരിച്ചിറങ്ങാനാവാത്തവിധം നീണ്ടു. കുടുങ്ങിപ്പോയ ഈ എട്ടു ബഹിരാകാശ മാസങ്ങൾക്കിടയിൽ രണ്ടു തവണയാണ് സുനിത ബഹിരാകാശത്തു നടന്നത്. ഇന്നലെ സ്പേസ് സ്റ്റേഷനിൽ നിന്നും കേടായ റേഡിയോ കമ്മ്യൂണിക്കേഷൻ സിസ്റ്റം നീക്കം ചെയ്യാനായി പുറത്തിറങ്ങിയ 5 മണിക്കൂർ 26 മിനിട്ടുകൂടി ചേർന്നപ്പോൾ ബഹിരാകാശത്തു ഏറ്റവും കൂടുതൽ നേരം നടന്ന വനിത എന്ന ഉയരത്തിനുകൂടി സുനിത വില്യംസ് അർഹയായി. 9 തവണ കൊണ്ട് ആകെമൊത്തം നടന്നുനീർത്തത് 62 മണിക്കൂറും 6 മിനിറ്റും! തനിക്കു മുന്നിൽ നിലയുറപ്പിച്ചിരിക്കുന്ന മൂന്നു പുരുഷ നടത്തക്കാരെ മറികടക്കാൻ ഇനി നടക്കേണ്ടത് 20 മണിക്കൂറും 16 മിനിറ്റും മാത്രം!

ഇതുവായിക്കുമ്പോൾ നമുക്കു തോന്നും ബഹിരാകാശത്തു നടക്കുക മാത്രമാണ് സുനിത ചെയ്തിട്ടുള്ളതെന്ന്. അല്ല, അതുക്കും മേലെ!

2007-ലെ ബോസ്റ്റൺ മാരത്തോണിൽ പങ്കെടുക്കാൻ രജിസ്റ്റർ ചെയ്തിരുന്നു സുനിത വില്യംസ്. എന്നാൽ അപ്പോൾ രണ്ടാമത്തെ ബഹിരാകാശ ഉദ്യമവുമായി സ്പേസ് സ്റ്റേഷനിൽ ആയിരുന്നതിൽ ഭൂമിയിൽ വച്ചു ഓടാൻ കഴിഞ്ഞില്ല. അതുകൊണ്ടു അതേസമയം സ്പേസ് സ്റ്റേഷനിലെ ട്രെഡ് മില്ലിൽ അത്രയും ദൂരം ഓടി സുനിത വില്യംസ് ബോസ്റ്റൺ മാരത്തോണിൽ പങ്കെടുത്തു. അതിനുശേഷമോ മുൻപോ ബഹിരാകാശത്തു ആരും മാരത്തോൺ ഓടിയിട്ടില്ല. 42 കിലോമീറ്റർ നിർത്താതെ ഓടിത്തീർത്തത് 4 മണിക്കൂറും 24 മിനിറ്റും കൊണ്ടാണ്. ഭൂമിയിൽ നിന്നും 420 കിലോമീറ്റർ ഉയരത്തിൽ വെച്ചു താഴെ ഭൂമിയിൽ നടന്ന ഒരു മാരത്തോണിൽ പങ്കെടുത്ത ഒരേയൊരു ബഹിരാകാശ അത്ഭുതമാണ് സുനിത വില്യംസ്.

ഭൂമിയിൽ തിരിച്ചെത്തി, 2008-ലെ ബോസ്റ്റൺ മരത്തോണിൽ ഓടി സുനിത വില്യംസ് ഭൂമിയിലും ആ ഓട്ടം തികച്ചു.



സുനിത വില്യംസ്

# ദേവരാജൻ പുരസ്കാരം അമേരിക്കൻ മലയാളി നവനീത് ഉണ്ണികൃഷ്ണന് അഭിനന്ദനം



രവി മേനോൻ

ദേവരാജൻ മാസ്റ്ററുടെ സംഗീതത്തിന്റെ അതിസൂക്ഷ്മ തലങ്ങളിലൂടെ ഏകാകിയായി സഞ്ചരിച്ച് മുത്തും പവിഴവും ശേഖരിക്കുന്ന നവനീതിനെ സാമൂഹ്യമാധ്യമങ്ങളിൽ കണ്ടും കേട്ടുമാണ് മലയാളികൾക്ക് ഏറെ പരിചയം. പത്തൊമ്പത് വയസ്സിനിടയിൽ നവനീത് കേൾവിയിലൂടെ ഹൃദിസ്ഥമാക്കിയ സംഗീതജ്ഞാനം അനുപമം, അനനുകരണീയം.

ജനിച്ചതും വളർന്നതും അമേരിക്കയിലെങ്കിലും ഓർമ്മവെച്ച നാൾ മുതൽ മലയാളം ചലച്ചിത്ര ഗാനങ്ങളുടെ ആരാധകനാണ് നവനീത്. ഇഷ്ടഗാനങ്ങൾ ഭൂരിഭാഗവും ദേവരാജന്റെ സൃഷ്ടികളാണെന്ന അറിവ്, അതിരുകളില്ലാത്ത ആ സംഗീതഭൂമികയുടെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാൻ പ്രേരിപ്പിക്കുന്നു അവനെ. സാക്ഷാൽ ത്യാഗരാജ സ്വാമികളുടെ ഗണത്തിൽ പെടുത്താവുന്ന ജീനിയസ് ആണ് ദേവരാജൻ മാസ്റ്റർ എന്ന് നവനീത് പറയുമ്പോൾ എതിർക്കേണ്ട കാര്യമില്ല നമുക്ക്. അതൊരു കാഴ്ചപ്പാടാണ്; വിശ്വാസമാണ്. മാസ്റ്ററുടെ സംഗീതത്തെ ഹൃദയം കൊണ്ടും ബുദ്ധികൊണ്ടും ആഴത്തിൽ വിശകലനം ചെയ്ത ഒരു സംഗീത വിദ്യാർത്ഥിയുടെ വിശ്വാസം.

അമേരിക്കയിലുള്ള നവനീതിനൊപ്പം ഈയിടെ "സൂ"മിൽ ചെലവിട്ട രണ്ടു മണിക്കൂർ അമൂല്യമായിത്തന്നെ കരുതുന്നു ഞാൻ. നവനീതിന്റെ ചോദ്യങ്ങൾ ഒരു സാധാരണ അഭിമുഖകാരന്റേതായിരുന്നില്ല. സംഗീതം മാത്രം ശ്വസിച്ച് ജീവിക്കുന്ന ഒരു കൗമാരക്കാരന്റേതായിരുന്നു.

മനസില്ലാമനസ്സോടെ സംഭാഷണം അവസാനിപ്പിക്കുമ്പോൾ ചിന്തിച്ചത്, മാസ്റ്റർ ജീവിച്ചിരുന്നെങ്കിൽ ഈ കുട്ടിയെ കുറിച്ച് എന്ത് പറയുമായിരുന്നു എന്നാണ്. ഊഹിക്കാനാകും എനിക്ക് മാസ്റ്ററുടെ പ്രതികരണം: "കൊള്ളാം" എന്നൊരു വാക്ക്. പിന്നെ അപൂർവസുന്ദരമായ ആ പുഞ്ചിരിയും അർത്ഥഗർഭമായ ആ മൂളലും.

മതി. അതിലും വലിയൊരു അവാർഡ് ലഭിക്കാനില്ല നവനീതിന്.

നർമ്മം മർമ്മം



രാജീവ് പണിക്കർ

# അമ്മ നേരിട്ട് ഏറ്റെടുത്ത കൊട്ടേഷൻ

വാരാന്ത്യം



പത്താം ക്ലാസിൽ അത്യാവശ്യം മാർക്കുണ്ടായിരുന്ന ഒരു വിദ്യാർത്ഥി ആയിരുന്നു ഞാൻ. ആ കെയറോഫിൽ, ഭാവിയിലെ ഡോക്ടർ ആകേണ്ടതിന്റെ ആവശ്യത്തിലേക്ക് കാലടി ശ്രീ ശങ്കര കോളജിൽ പ്രീഡിഗ്രിക്ക് സെക്കൻഡ് ഗ്രൂപ്പിന് ചേരുകയും ചെയ്തു. ഇനി എങ്ങാൻ ഡോക്ടർ ആകാൻ പറ്റിയില്ലെങ്കിൽ ഇച്ചിരി കുറഞ്ഞാലും എഞ്ചിനീയർ എങ്കിലും ആകണം എന്ന ഉദ്ദേശത്തിൽ അഡീഷണൽ ഫസ്റ്റ് ഗ്രൂപ്പിനും ചേർന്നു.

കോളജ്, സ്കൂൾ പോലെ ആയിരുന്നില്ല. ചേർന്ന ആദ്യ ദിവസം തന്നെ വലിയൊരു സമരക്കടലിനിടയിലേക്കായിരുന്നു ഞാൻ ചെന്നു കയറിയത്. ഐഡന്റിറ്റി കാർഡോ മറ്റോ സൈൻ ചെയ്തു വാങ്ങാനോ മറ്റോ പ്രിൻസിപ്പാളിന്റെ മുറിയിലേക്ക് ഞങ്ങൾ ഒരു കൂട്ടം കുട്ടികൾ കയറിച്ചെല്ലുമ്പോൾ സമരക്കാരുടെ ഇഷ്ടികയേറു കൊണ്ട് ചോരയൊലിപ്പിച്ചു കിടന്ന പ്രിൻസിപ്പാളിനെ ആരൊക്കെയോ കൂടി ആസ്പത്രിയിലേക്ക് കൊണ്ടുപോകുന്ന സീനായിരുന്നു കണ്ടത്.

ജീവനും കൊണ്ടോടി ഞങ്ങൾ ചെന്നൊളിച്ചത് മറ്റൊരു വലിയ കെട്ടിടത്തിൽ ആയിരുന്നു.

ലൈബ്രറി!

ലൈബ്രറി എന്ന കേട്ടറിവിനായി മാത്രം ഒരു കെട്ടിടം, എന്നത് അത്യാഡംബരമല്ലേ എന്ന ചിന്തയിലും പിന്നീട് പല പ്രാവശ്യം ഞാൻ അവിടെപ്പോയി.

അങ്ങനെ വെറുതെ വായിനോക്കിയിരിക്കാൻ വരുന്ന ഞാനടക്കമുള്ള കുറച്ചു പേരുടെ ശല്യം സഹിക്കവയ്യാതെയായപ്പോൾ ലൈബ്രേറിയൻ ഒരു ദിവസം ഞങ്ങളോട് പറഞ്ഞു.

'എടാ നീയൊക്കെ ഇവിടെ ഇരുന്ന് ശല്യം ചെയ്യാതെ ആവശ്യമുള്ള പുസ്തകം വീട്ടിൽ കൊണ്ടു പോയി വായിക്ക്!'

പുസ്തകം വീട്ടിൽ കൊണ്ടുപോകാം എന്നത് പുതിയ അറിവായിരുന്നു... കേട്ട പാതി കേൾക്കാത്ത പാതി, ആളുടെ സഹായത്തോടെ, ഇൻഡെക്സ് പരതി, കേട്ടു മാത്രം പരിചയമുള്ള പുസ്തകങ്ങൾ എടുത്ത് കൊണ്ടുപോയി വായന തുടങ്ങി.

ക്ലാസ് വിട്ടുവന്നാൽ കളിക്കാൻ പോക്ക് നിർത്തി പകരം കുളിയെല്ലാം കഴിഞ്ഞ്, ഭക്ഷണസമയത്ത് ഡൈനിങ് ടേബിൾ ആയി ഓട്ടോമാറ്റിക് ആയി കൺവെർട്ട് ആകുമായിരുന്ന പഠനമേശയിൽ ഇരുന്ന് ലൈബ്രറി പുസ്തകം വായന തുടങ്ങി.

അപ്രതീക്ഷിതമായി വന്ന എന്റെ ഈ മാറ്റം വീട്ടുകാരിൽ വളരെ പ്രതീക്ഷ ഉളവാക്കി. 'ഇവനെങ്ങാൻ വായിച്ചു നന്നായിപ്പോകുമോ?'

കുറെ ദിവസം അങ്ങനെ പോയി.

ഒരു ദിവസം ക്ലാസ് വിട്ടു വന്ന് ബാഗ് ഉമ്മറത്തെ കസേരയിലേക്ക് വലിച്ചെറിഞ്ഞ് കുളിക്കാൻ പോയി തിരിച്ചു വന്ന എന്നെ സ്വീകരിച്ചത് വൈകുന്നേര പലഹാരങ്ങളോ ചായയോ ഒന്നും ആയിരുന്നില്ല... ഒരു തെങ്ങിൻ മടലിന്റെ കഷണവുമായി കാത്തു നിന്ന അമ്മയായിരുന്നു.

അകത്ത് കയറിയ ഉടനെ ഉമ്മറവാതിൽ നൈസായി അടച്ചു. പിന്നെ അറഞ്ചം പുറഞ്ചം ആ മടൽ ഒടിഞ്ഞു മടങ്ങും വരെ അടിച്ചു. പിന്നെ 'കൊണ്ടു കളയെടാ' എന്ന് പറഞ്ഞ് എന്റെ കൈയിൽ തന്നെ അമ്മ ഏൽപ്പിച്ചു. കാര്യമെന്താണെന്ന് ഒരു പിടിയും കിട്ടാതെ ഇരുന്ന എന്റെ പുറകെ ഒരു വവ്വാൽ പറന്നു വരും പോലെ, ഒരു പുസ്തകം പറന്നു വന്നു!

ലൈബ്രറിയിൽ നിന്നെടുത്ത 'ലേഡി ചാറ്റർലിയുടെ കാമുകൻ!'

തീരെ വയ്യെങ്കിലും, കുനിഞ്ഞ് നിലത്ത് നിന്നും പുസ്തകം എടുത്ത്, റിലെ പോയി വീർത്തിരുന്ന കണ്ണുകൾക്കിടയിലൂടെ ഞാൻ റാൻഡമായി ഒരു പേജ് മറിച്ചു. ഇരു പുറങ്ങളിലുമായി നാലഞ്ചു വരികൾ അണ്ടർ ലൈൻ ചെയ്തു വെച്ചിട്ടുണ്ട്. ഒരെണ്ണം വായിച്ചു...

കിടു!

അടുത്ത ലൈൻ വായിച്ചു..

കിക്കിടു!

വീണ്ടും പേജ് മറിച്ചു.....

കിടുകിടുകിടു........!

ധാരാളം എരിവും പുളിയും ഉള്ള പുസ്തകത്തിലെ സുപ്രധാന ഭാഗങ്ങൾ എല്ലാം തന്നെ, മനസ്സിലേക്കും മസിലിലേക്കും ഇടിച്ചു കേറും വിധം, ലേഡി ചാറ്റർലിയുടെ അംഗപ്രത്യംഗം അണ്ടർ ലൈൻ ചെയ്തു വെച്ചിരിക്കുന്നു. എനിക്ക് മുൻപ് ലൈബ്രറിയുമായി പ്രണയത്തിലായ എനിക്ക് മുന്നേ കടന്നുപോയവർ...

അവരുടെ ഉദ്ദേശ്യശുദ്ധി അത്രയ്ക്കങ്ങോട്ട് മനസ്സിലാകാഞ്ഞ കാരണം കൊട്ടേഷൻ അമ്മ നേരിട്ട് ഏറ്റെടുക്കുകയായിരുന്നു!

പണിക്കത്തി അഥവാ പണിക്കരുടെ കത്തി!

---

## സിനിമാ കഥ

# എമ്പുരാനിൽ മമ്മൂട്ടിയുണ്ടാകുമോ?

ലൂസിഫറിന്റെ രണ്ടാം ഭാഗമായ എമ്പുരാനിൽ മമ്മൂട്ടിയുണ്ടാകുമോ എന്ന ചോദ്യങ്ങൾ സിനിമയുടെ ആരാധകർ ഉയർത്തിയിരുന്നു. എന്നാൽ മമ്മൂട്ടിയില്ലെന്നും നിരവധി സർപ്രൈസ് താരങ്ങൾ എമ്പുരാനിലുണ്ടാകുമെന്നുമാണ് പൃഥ്വിരാജ് ഇപ്പോൾ വ്യക്തമാക്കിയിരിക്കുന്നത്. മോഹൻലാലിന്റെ എമ്പുരാനെ കുറിച്ച് ടൊവിനോ പറഞ്ഞ വാക്കുകൾ ചർച്ചയായിരുന്നു. "എമ്പുരാനിൽ ഞാൻ മുഖ്യമന്ത്രി ആണല്ലോ. റഷ്യയിലാണല്ലോ ലൂസിഫർ കൊണ്ട് അവസാനിപ്പിച്ചിരിക്കുന്നത്. എത്ര രാജ്യങ്ങളിലാണ് പിന്നെ ചിത്രീകരിച്ചതെന്ന് തനിക്ക് അറിയാം. ഞാൻ കുറെ സ്വീക്വൻസുകൾ കണ്ടു. ഭയങ്കര അടിപൊളിയാണ്. ഞാൻ എക്സൈറ്റഡാണ്. അത് മൊത്തം സിനിമയായി കാണണം. പറ്റിയാൽ അന്നത്തെ പോലെ തന്നെ തനിക്ക് രാജുവേട്ടനും ലാലേട്ടനും ഒക്കെയുള്ള ഒരു തിയറ്ററിൽ കാണാനായാൽ ഗംഭീരമാകു"മെന്നും നടൻ ടൊവിനോ അഭിപ്രായപ്പെട്ടിരുന്നു.



ലൂസിഫറിന്റെ രണ്ടാം ഭാഗമായി എമ്പുരാൻ സിനിമ മാർച്ച് 27-ന് റിലീസാകുമ്പോൾ പ്രതീക്ഷയോടെയാണ് താരത്തിന്റെ ആരാധകർ ഇരിക്കുന്നത്. സ്റ്റീഫൻ നെടുമ്പള്ളിയെന്ന ഖുറേഷി അബ്രമായി ചിത്രത്തിൽ മോഹൻലാൽ എത്തിയപ്പോൾ ആഗോള ബോക്സ് ഓഫീസിൽ 150 കോടി രൂപയിൽ അധികം ബിസിനസ് നേടി ലൂസിഫർ തിളങ്ങിയിരുന്നു. ലൂസിഫറിലെ സ്റ്റീഫൻ നെടുമ്പള്ളിക്കായിരിക്കില്ല രണ്ടാം ഭാഗമായ എമ്പുരാനിൽ പ്രാധാന്യം എന്ന് റിപ്പോർട്ടുണ്ട്. ഖുറേഷി അബ്രഹാമിന്റെ പിന്നാലെ സഞ്ചരിക്കുന്ന കഥയായിരിക്കും എമ്പുരാന്റെയെന്നാണ് അപ്ഡേറ്റുകളിൽ നിന്ന് വ്യക്തമാക്കുന്നത്. ഖുറേഷി അബ്രമായി ലൂസിഫറിന്റെ അവസാന ഭാഗത്ത് പ്രത്യക്ഷപ്പെട്ട മോഹൻലാലിന്റെ എമ്പുരാൻ സ്റ്റൈലിഷ് സിനിമ ആയിരിക്കുമെന്നാണ് പ്രതീക്ഷ.

# ദുൽഖർ സൽമാൻ വീണ്ടും തെലുങ്കിൽ

മലയാള സിനിമയിലെ പോലെത്തന്നെ തെലുങ്കിലും, തമിഴിലും പ്രശസ്ത നടനാണ് ദുൽഖർ സൽമാൻ. ഇതിന് കാരണം ദുൽഖർ സൽമാൻ അഭിനയിച്ച മിക്ക ചിത്രങ്ങളും ആരാധകരുടെ പ്രശംസ നേടി വമ്പൻ വിജയമായ ചിത്രങ്ങളായിരുന്നു. തെലുങ്കിൽ 2018-ൽ 'മഹാനടി' എന്ന ചിത്രത്തിലൂടെ അരങ്ങേറ്റം കുറിച്ച ദുൽഖർ സൽമാൻ ഈ ചിത്രത്തിന് ശേഷം അഭിനയിച്ച തെലുങ്ക് ചിത്രമാണ് 2022-ൽ പുറത്തിറങ്ങിയ 'സീതാരാമം'. മൂന്നാമതായി അഭിനയിച്ച തെലുങ്ക് ചിത്രമാണ് 'ലക്കി ഭാസ്കർ'. ഈ രണ്ടു സിനിമകളും വമ്പൻ വിജയമായതിനെ തുടർന്ന് ഇപ്പോൾ മറ്റൊരു തെലുങ്ക് സിനിമയിൽ അഭിനയിക്കാൻ ഒരുങ്ങി വരികയാണ് ദുൽഖർ സൽമാൻ എന്നുള്ള വാർത്തയാണ് ടോളിവുഡിൽ നിന്നും ലഭിച്ചിരിക്കുന്നത്. അതനുസരിച്ച് നവാഗത സംവിധായകനായ രവി സംവിധാനം ചെയ്യുന്ന ചിത്രത്തിലാണത്രെ ദുൽഖർ സൽമാൻ അഭിനയിക്കുന്നത്. ഇതിൽ ദുൽഖർ സൽമാനൊപ്പം നായികയായി അഭിനയിക്കുന്നത് പൂജ ഹെഗ്ഡെയാണെന്നും പറയപ്പെടുന്നുണ്ട്. ഒരുപാട് തെലുങ്ക് സിനിമകളിൽ നായികയായി അഭിനയിച്ച പൂജ ഹെഗ്ഡെയായിരുന്നു തമിഴിൽ വിജയ് നായകനായ 'ബീസ്റ്റ്' എന്ന ചിത്രത്തിലും നായിക! ദുൽഖർ സൽമാനും പൂജ ഹെഗ്ഡെയും ആദ്യമായി ഒന്നിച്ചഭിനയിക്കുന്ന ഈ ചിത്രത്തിൽ നാഗശൗര്യയാണ് വില്ലൻ വേഷം അവതരിപ്പിക്കുന്നത് എന്നുള്ള റിപ്പോർട്ടും ഉണ്ട്. തമിഴിലും, തെലുങ്കിലുമായി ഒരുങ്ങുന്ന ഈ ചിത്രം വ്യത്യസ്തമായ പ്രണയകഥയെ ആസ്പദമാക്കിയുള്ളതാണത്രെ!

# ഓർമാ അന്താരാഷ്ട്ര പ്രസംഗമത്സരം മൂന്നാം സീസണു തുടക്കമായി

**ജോസ് തോമസ്**

ഫിലാഡൽഫിയ: ലോകമലയാളികളെ ഒരു കുടക്കീഴിൽ അണിനിരത്തുന്ന ഓവർസീസ് റസിഡന്റ് മലയാളീസ് അസോസിയേഷൻ (ഓർമ) അഥവാ 'ഓർമാ ഇന്റർനാഷണൽ' സംഘടിപ്പിച്ച ഇന്ത്യൻ റിപ്പബ്ലിക് ദിനാഘോഷങ്ങളോടനുബന്ധിച്ച്, രണ്ടായിരത്തി ഇരുപത്തിയഞ്ചിലെ പ്രവർത്തനോദ്ഘാടനവും അന്താരാഷ്ട്ര പ്രസംഗ മത്സരത്തിന്റെ മൂന്നാം സീസൺ കിക്കോഫും സംയുക്തമായി ഫിലാഡൽഫിയായിൽ ആഘോഷപൂർവം നടത്തപ്പെട്ടു. ഹോളി ഫാമിലി യൂണിവേഴ്സിറ്റി അക്കാദമിക് അഫേഴ്സ് വൈസ് പ്രസിഡണ്ട് ഡോ. ബിന്ദു ആലപ്പാട്ട് ഭദ്രദീപം കൊളുത്തി ഉദ്ഘാടനം നിർവഹിച്ച ചടങ്ങിൽ ഫിലാഡൽഫിയായിലെ വിവിധ സാമൂഹിക സാംസ്കാരിക സംഘടനാ നേതാക്കൾ, ഓർമയുടെ സ്പോൺസേഴ്സ്, അഭ്യുദയകാംക്ഷികൾ, മാധ്യമപ്രവർത്തകർ എന്നിവർ പങ്കെടുത്തു.




ഷൈൻ തോമസിന്റെ ഈശ്വരപ്രാർത്ഥനയോടെ ആരംഭിച്ച പൊതുയോഗത്തിൽ പ്രസിഡണ്ട് സജി സെബാസ്റ്റ്യൻ അദ്ധ്യക്ഷത വഹിച്ചു. ട്രസ്റ്റി ബോർഡ് ചെയർമാൻ ജോസ് ആറ്റുപുറം പുതിയ ഭാരവാഹികളായ പ്രസിഡണ്ട് സജി സെബാസ്റ്റ്യൻ, സെക്രട്ടറി ക്രിസ്റ്റി ഏബ്രഹാം, ട്രഷറർ റോഷൻ പ്ലാമൂട്ടിൽ എന്നിവർക്ക് പ്രതിജ്ഞാവാചകം ചൊല്ലിക്കൊടുത്തു. ഓർമാ ടാലന്റ് പ്രൊമോഷൻ ഫോറം ചെയർമാൻ ജോസ് തോമസ്, ചരിത്രവിജയമായിക്കഴിഞ്ഞ രണ്ട്സീസണുകളിലെ മത്സര പരിശീലന പരമ്പരകൾക്ക് താങ്ങും തണലുമായ എല്ലാവർക്കും നന്ദി പറഞ്ഞുകൊണ്ട് മൂന്നാം സീസണിന്റെ വിജയത്തിനായി ഒത്തൊരുമയോടെ കൈകോർക്കാൻ, വളർന്നുവരുന്ന പുതിയ തലമുറയ്ക്ക് പ്രചോദനമാകാൻ എല്ലാവരെയും ആഹ്വാനം ചെയ്തു. മുൻ പ്രസിഡണ്ട് ജോർജ് നടവയൽ, ഫിലാഡൽഫിയ പോലീസ് സാർജന്റ് ബ്ലെസ്സൺ മാത്യു, ഓർമാ പബ്ലിക് അഫയേഴ്സ് ചെയർമാൻ വിൻസെന്റ് ഇമ്മാനുവേൽ, ഓർമാ ട്രഷറർ റോഷൻ പ്ലാമൂട്ടിൽ എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു. ഏഞ്ചൽ പ്ലാമൂട്ടിൽ, റോസ്മേരി പ്ലാമൂട്ടിൽ എന്നിവർ ദേശീയഗാനം ആലപിച്ചു. തുടർന്ന് ഷൈൻ തോമസ്, ക്രിസ്റ്റി ഏബ്രഹാം, ഷൈല രാജൻ എന്നിവർ ആലപിച്ച തമിഴ്, ഹിന്ദി, മലയാളം ഗാനങ്ങൾ സദസ്സിന് മാറ്റുകൂട്ടി.

ഓർമ ഫിലാഡൽഫിയ ചാപ്റ്റർ പ്രസിഡണ്ട് ഷൈല രാജൻ സ്വാഗതവും സെക്രട്ടറി ക്രിസ്റ്റി ഏബ്രഹാം നന്ദിയും രേഖപ്പെടുത്തി. യുഎൻ സ്പീച്ച് ഫെയിം യൂത്ത് കോ-ഓർഡിനേറ്റർ എയ്മിലിൻ റോസ് തോമസ് പരിപാടികൾക്ക് മാസ്റ്റർ ഓഫ് സെറിമണിയായി.




ഒന്നാം സീസണിൽ 428 പേരും രണ്ടാം സീസണിൽ 1467 പേരും പങ്കെടുത്ത, മൂന്നു ഘട്ടങ്ങളിലായി നടക്കുന്ന മത്സരങ്ങളുടെ വിജയികൾക്കായി മൂന്നാം സീസണിലും പത്തു ലക്ഷം രൂപയുടെ ക്യാഷ് അവാർഡുകളാണ് കാത്തിരിക്കുന്നത്. 2025 ജനുവരി 26 മുതൽ ഓഗസ്റ്റ് 9 വരെ മൂന്ന് ഘട്ടങ്ങളിലായാണ് മത്സരം നടക്കുന്നത്. ഓഗസ്റ്റ് 8, 9 തീയതികളിൽ പാലായിൽ വെച്ച് ഗ്രാൻഡ് ഫിനാലെ നടത്തപ്പെടും. കൃത്യമായ പരിശീലനം നല്കിക്കൊണ്ട് പ്രസംഗമത്സരം നടത്തുന്ന ആദ്യത്തെ സംഘടനയെന്ന ബഹുമതിയും ഓർമയ്ക്ക് അവകാശപ്പെടാവുന്നതാണ്. ഒന്നാം റൗണ്ടിൽ തെരഞ്ഞെടുക്കപ്പെടുന്ന മുഴുവൻ മത്സരാർത്ഥികൾക്കും പ്രസംഗപരിശീലനം നല്കിയതിനുശേഷം മത്സരത്തിനു തയ്യാറാക്കുന്ന മറ്റൊരു സംഘടന ഇല്ലെന്നുതന്നെ പറയാം. വിജയികൾക്ക് സിവിൽ സർവീസ് പരിശീലനം ലഭിക്കുന്നതിനായുള്ള സ്കോളർഷിപ്പും ഓർമയുടെ സംഘാടകർ ഇന്ത്യയിലെ തന്നെ പ്രശസ്തമായ വേദിക് സിവിൽ സർവീസ് ട്രെയിനിങ് അക്കാദമി വഴി ഒരുക്കി നല്കുന്നു. ജനുവരി 26 മുതൽ മാർച്ച് 26 വരെ നീണ്ടുനില്ക്കുന്ന ആദ്യഘട്ട മത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ചവെക്കുന്ന ജൂണിയർ-സീനിയർ കാറ്റഗറികളിലെ ഇംഗ്ലീഷ്-മലയാളം വിഭാഗം വിദ്യാർത്ഥികളിൽ നിന്നുമായി തെരഞ്ഞെടുക്കപ്പെടുന്ന 25 വീതം വിദ്യാർത്ഥികൾക്ക് രണ്ടാം ഘട്ടത്തിൽ പങ്കെടുക്കാം. രജിസ്റ്റർ ചെയ്യുന്ന സമയത്ത് പഠിക്കുന്ന ഗ്രേഡ് അനുസരിച്ച്, ഏഴാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയുള്ളവർക്ക് ജൂണിയർ വിഭാഗത്തിലും പതിനൊന്നാം ക്ലാസ് മുതൽ ഡിഗ്രി അവസാനവർഷം വരെയുള്ളവർക്ക് സീനിയർ വിഭാഗത്തിലും പങ്കെടുക്കാം. സെക്കൻഡ് റൗണ്ട് മത്സരത്തിൽ മലയാളം-ഇംഗ്ലീഷ് ഭാഷകളിൽ ജൂണിയർ-സീനിയർ വിഭാഗങ്ങളിൽ നിന്നും വിജയികളാകുന്ന 13 വീതം വിദ്യാർത്ഥികൾ ഓഗസ്റ്റ് 9-ന് നടക്കുന്ന ഫൈനൽ റൗണ്ടിലേക്ക് തെരഞ്ഞെടുക്കപ്പെടും. ഫൈനൽ റൗണ്ടിന് മുന്നോടിയായി ഓഗസ്റ്റ് 8-ന് പാലായിൽ വെച്ച് മത്സരാർത്ഥികൾക്ക് പബ്ലിക് സ്പീക്കിംഗിൽ പ്രത്യേക പരിശീലനം നല്കുന്നതാണ്.

മത്സരവും പരിശീലന പരിപാടികളും തികച്ചും സൗജന്യമാണ്. കഴിഞ്ഞ സീസണുകളിൽ ചെയ്തിരുന്നതുപോലെ ഗൂഗിൾ രജിസ്ട്രേഷൻ ഫോം പൂരിപ്പിച്ച് അയയ്ക്കുകയാണ് മത്സരത്തിൽ പങ്കെടുക്കുന്നതിനുള്ള ആദ്യപടി. രജിസ്റ്റർ ചെയ്യുന്ന അവസരത്തിൽ തന്നെ സീനിയർ, ജൂണിയർ, ഇംഗ്ലീഷ്, മലയാളം മത്സരാർത്ഥികൾ ലോകസമാധാനം (വേൾഡ് പീസ്) എന്ന വിഷയത്തെക്കുറിച്ച് മൂന്നു മിനിറ്റിൽ കവിയാത്ത പ്രസംഗത്തിന്റെ വീഡിയോ ഗൂഗിൾഫോമിലൂടെ അപ്‌ലോഡ് ചെയ്യണം. ഗൂഗിൾ ഫോമിൽ വീഡിയോ അപ്‌ലോഡ് ചെയ്യാൻ സാധിക്കാത്തപക്ഷം ormaspeech.@gmail.com എന്ന ഇ-മെയിലിൽ അയച്ചു നല്കാവുന്നതാണ്. വീഡിയോയുടെ തുടക്കത്തിൽ തന്നെ മത്സരാർത്ഥി പേര് കൃത്യമായി പറയണം. സാമ്പിൾ വീഡിയോ വെബ്സൈറ്റിൽ കാണാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് www.-ormaspeech.org എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

വേദിക് ഐഎഎസ് ട്രെയിനിങ് അക്കാദമി, കാർനെറ്റ് ബുക്സ്, കരിയർ ഹൈറ്റ്സ് എന്നിവയുമായി സഹകരിച്ചാണ് ഓർമ്മ സീസൺ 3 പ്രസംഗമത്സരം സംഘടിപ്പിക്കുന്നത്. ഗ്രാൻഡ് പ്രൈസായ 'ഓർമാ ഒറേറ്റർ ഓഫ് ദി ഇയർ-2025' പ്രതിഭയ്ക്ക് അറ്റോണി ജോസഫ് കുന്നേൽ സ്പോൺസർ ചെയ്യുന്ന ഒരു ലക്ഷം രൂപ ക്യാഷ് അവാർഡും ട്രോഫിയും പ്രശസ്തിപത്രവും സമ്മാനം ലഭിക്കും.

സീനിയർ വിഭാഗത്തിൽ മലയാളം-ഇംഗ്ലീഷ് ഭാഷകളിൽ ഒന്നാംസ്ഥാനം നേടുന്ന മത്സരാർത്ഥികൾക്ക് 50,000 രൂപ വീതം ക്യാഷ് അവാർഡ് ലഭിക്കും. 30,000 രൂപ വീതമുള്ള രണ്ട് രണ്ടാം സമ്മാനങ്ങളും 20,000 രൂപ വീതമുള്ള മൂന്ന് മൂന്നാം സമ്മാനങ്ങളും 10,000 രൂപ വീതമുള്ള നാല് നാലാം സമ്മാനങ്ങളും 5000 രൂപ വീതമുള്ള മൂന്ന് അഞ്ചാം സമ്മാനങ്ങളും യഥാക്രമം നല്കും.

ജൂണിയർ വിഭാഗത്തിൽ ഇംഗ്ലീഷ്-മലയാളം ഭാഷകളിലായി വിജയികളാകുന്ന മത്സരാർത്ഥികൾക്ക് 25,000 രൂപയാണ് സമ്മാനം ലഭിക്കുക. 15,000 രൂപ വീതമുള്ള രണ്ട് രണ്ടാം സമ്മാനങ്ങളും 10,000 രൂപ വീതമുള്ള മൂന്ന് മൂന്നാം സമ്മാനങ്ങളും 5000 രൂപ വീതമുള്ള നാല് നാലാം സമ്മാനങ്ങളും 3000 രൂപ വീതമുള്ള മൂന്ന് അഞ്ചാം സമ്മാനങ്ങളും ലഭിക്കും.



മദ്രാസ് ഹൈക്കോടതി മുൻ ആക്ടിംഗ് ചീഫ് ജസ്റ്റിസ് ഡോ. കെ. നാരായണക്കുറുപ്പ്, ഡിആർഡിഒ-എയ്റോ സിസ്റ്റംസ് മുൻ ഡയറക്ടർ ജനറൽ ഡോ. ടെസ്സി തോമസ്, അമേരിക്കയിലെ അർക്കാഡിയ യൂണിവേഴ്സിറ്റി അക്കാദമിക് അഫയേഴ്സ് വൈസ് പ്രസിഡണ്ട് ഡോ. ബിന്ദു ആലപ്പാട്ട്, മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ, പ്രശസ്ത മെന്റലിസ്റ്റ് നിപിൻ നിരവത്ത്, ചലച്ചിത്ര സംവിധായകൻ ലാൽ ജോസ്, കോർപ്പറേറ്റ് ട്രെയിനർ ആൻഡ് ബിസിനസ് കോച്ച് ഷമിം റഫീഖ് എന്നിവരാണ് ഓർമ്മ അന്താരാഷ്ട്ര പ്രസംഗ മത്സരത്തിന്റെ അഡ്വൈസറി ബോർഡ് അംഗങ്ങൾ.

അമേരിക്കയിൽ അദ്ധ്യാപകനും മോട്ടിവേറ്റർ എഡ്യൂക്കേറ്ററുമായ ജോസ് തോമസ് ചെയർമാനായുള്ള ഓർമ്മ ഇന്റർനാഷണൽ ടാലന്റ് പ്രൊമോഷൻ ഫോറമാണ് പ്രസംഗമത്സരത്തിന് നേതൃത്വം നല്കുന്നത്. അറ്റോണി ജോസഫ് കുന്നേൽ (കുന്നേൽ ലോ, ഫിലാഡൽഫിയ),

(ശേഷം 30-ാം പേജിൽ)

# ഫോമാ സൺഷൈൻ റീജിയന്റെ പ്രവർത്തനോദ്ഘാടനം പ്രൗഢഗംഭീരമായി

**രാജു മൈലപ്ര**

ഫ്ളോറിഡ: ജോമോൻ ആന്റണിയുടെ നേതൃത്വത്തിലുള്ള ഫോമാ സൺഷൈൻ റീജിയന്റെ 2024-2026-ലേക്കുള്ള കമ്മിറ്റിയുടെ പ്രവർത്തനോദ്ഘാടനം ജനുവരി 25-ന് വൈകിട്ട് 5-ന് ടാമ്പായിലെ സെന്റ് ജോസഫ് സീറോമലബാർ കാത്തലിക് ചർച്ച് ഓഡിറ്റോറിയത്തിൽ വെച്ച് വിപുലമായ പരിപാടികളോടെ പ്രൗഢഗംഭീരമായി നടത്തപ്പെട്ടു.



ഫോമായുടെ സമുന്നതരായ നേതാക്കൾക്കൊപ്പം സൺഷൈൻ റീജിയനിലെ എല്ലാ അംഗത്വ സംഘടനകളുടെയും സമ്പൂർണ്ണ പ്രാതിനിധ്യവും ടാമ്പാ മലയാളികളുടെ നിറസാന്നിദ്ധ്യവും കൂടി ഒത്തുചേർന്ന് ഈ മഹനീയ ചടങ്ങ് അവിസ്മരണീയമായി. വർണ്ണശബളമായ ഘോഷയാത്രയിൽ താളമേളങ്ങളുടെ അകമ്പടിയോടു കൂടി വിശിഷ്ടാതിഥികളെ സമ്മേളന നഗറിലേക്ക് സ്വീകരിച്ചാനയിച്ചു.

റീജിയണൽ വൈസ് പ്രസിഡണ്ട് ജോമോൻ ആന്റണി അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ നാഷണൽ കമ്മിറ്റി



മെംബർ ടിറ്റോ ജോൺ സ്വാഗതം ആശംസിച്ചു. ഫോമാ പ്രസിഡണ്ട് ബേബി മണക്കുന്നേൽ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. ഫോമാ എന്ന സംഘടനയ്ക്ക് സൺഷൈൻ റീജിയൻ നല്കുന്ന പിന്തുണയ്ക്ക് അദ്ദേഹം പ്രത്യേകം നന്ദി അറിയിച്ചു. ഫോമാ ട്രഷറർ സിജിൽ പാലക്കലോടി, ജോ. ട്രഷറർ അനുപമ കൃഷ്ണൻ, റീജിയൺ ചെയർ വിൻസൻ പാലത്തിങ്കൽ എന്നിവരെ ക്കൂടാതെ യൂത്ത് ചെയർപേഴ്സൺസ് എബിൻ ഏബ്രഹാം, മെൽക്കി ബൈജു, സബ് കമ്മിറ്റി ചെയർപേഴ്സൺസായ ഷീജാ അജിത്, നോയൽ മാത്യു, സായ് റാം, സ്വപ്നാ നായർ, സിജോ പരടയിൽ, ബിനു മാമ്പള്ളി, ഷിബു ജോസഫ് എന്നിവരും ആശംസകളർപ്പിച്ചു.

നാഷണൽ കമ്മിറ്റി മെംബർ സാജൻ മാത്യു, പ്രോഗ്രാം കോ-ഓർഡിനേറ്റേഴ്സായ നാഷണൽ കമ്മിറ്റി മെംബർ സുനിതാ മേനോനെയും സെക്രട്ടറി നെവിൻ ജോസിനേയും പരിചയപ്പെടുത്തി. മാസ്റ്റർ ഓഫ് സെറിമണിയായി നീനു വിഷ്ണു മികച്ച സേവനമനുഷ്ഠിച്ചു.

ഫോമായുടെ മുൻ ജനറൽ സെക്രട്ടറിമാരായിരുന്ന ജിബി തോമസ്, ടി. ഉണ്ണികൃഷ്ണൻ, മുൻ ട്രഷറർ ബിജു തോണിക്കടവിൽ എന്നിവരുടെ മഹനീയ സാന്നിദ്ധ്യവുമുണ്ടായിരുന്നു. സെക്രട്ടറി നെവിൻ ജോസ് നന്ദിപ്രകാശനം നടത്തി. പൊതുസമ്മേളനത്തിനു ശേഷം കലാപ്രതിഭകൾ അവതരിപ്പിച്ച ചടുല നൃത്തച്ചുവടുകളും മാസ്മരിക സംഗീതത്തിന്റെ അലയടികളും ആഘോഷത്തിന് ആസ്വാദ്യത പകർന്നു.




നാഷണൽ കമ്മിറ്റി അംഗങ്ങളായ സുനിതാ മേനോൻ, സാജൻ മാത്യു, ടിറ്റോ ജോൺ, ബിജു തോണിക്കടവിൽ, എബിൻ ഏബ്രഹാം, റീജിയൻ ചെയർ വിൻസൻ പാലത്തിങ്കൽ, സെക്രട്ടറി നെവിൻ ജോസ്, ട്രഷറർ ബിനു മഠത്തിലേത്ത്, വൈസ് ചെയർ നോബിൾ ജനാർദ്ദനൻ, വിമൻസ് റെപ്രസെന്റേറ്റീവ് ഷീല ഷാജു, പിആർഒ രാജു മൈലപ്ര, അഡ്വൈസറി കമ്മിറ്റി, വിമൻസ് ഫോറം, ബിസിനസ് ഫോറം, കൾച്ചറൽ കമ്മിറ്റി, ഐടി ഫോറം, പൊളിറ്റിക്കൽ ഫോറം, സ്പോർട്സ് കമ്മിറ്റി ഇവരുടെ ഓരോരുത്തരുടെയും ആത്മാർത്ഥമായ സഹകരണം കൊണ്ടും അംഗസംഘടനകളുടെ പൂർണ്ണ പിന്തുണ കൊണ്ടും മാത്രമാണ് ഈ ഉദ്ഘാടനച്ചടങ്ങ് ഇത്ര പ്രൗഢഗംഭീരമായി നടത്തുവാൻ കഴിഞ്ഞതെന്ന് സൺഷൈൻ റീജിയണൽ വൈസ് പ്രസിഡണ്ട് ജോമോൻ ആന്റണി പ്രസ്താവിച്ചു.

വിഭവസമൃദ്ധമായ വിരുന്നോടു കൂടി പരിപാടികൾക്ക് പരിസമാപ്തിയായി.

# NFL WATCH PARTY BY KCS

**Shaji Palliveettil**

KCS Chicago hosted an exciting and well-attended Championship Sunday watch party at Primetime Bar and Grill in Chicago! The event brought together young adults to enjoy the thrilling NFC title game between the Eagles and Commanders, creating a lively and energetic atmosphere.

With KCS Chicago planning an official tailgate at Soldier Field for the upcoming Bears season, the excitement continues to build. This watch party served as a preview of the dynamic events the organization has in store for sports fans.

The presence of KCS leadership—including President Jose Anamala, Vice President Matt Vilangattusseril and Joint Secretary Chris Kattapuram—demonstrates the group's commitment to fostering community engagement through sports and social gatherings. Events like these not only bring fans together but also set the foundation for even larger gatherings in the future.

Stay tuned for more details on the upcoming Soldier Field tailgate—it's bound to be another fantastic event!



# ഇരുപത്തിരണ്ട് പ്രോജക്ടുകളുമായി ഫൊക്കാന കേരളത്തിൽ

**ശ്രീകുമാർ ഉണ്ണിത്താൻ**

തിരുവനന്തപുരം: അമേരിക്കൻ മലയാളികളുടെ സംഘടനകളുടെ സംഘടനയായ ഫെഡറേഷൻ ഓഫ് കേരളാ അസോസിയേഷൻസ് ഇൻ നോർത്ത് അമേരിക്ക (ഫൊക്കാന), നാൽപത്തിരണ്ട് വർഷങ്ങൾക്കു മുൻപ് പ്രവർത്തനമാരംഭിച്ച ഈ സംഘടന കേരളത്തിലും നോർത്ത് അമേരിക്കയിലും നിരവധി ചാരിറ്റബിൾ പ്രവർത്തനങ്ങൾ സ്വന്തം സഹോദരങ്ങൾക്കു നൽകി മാതൃക കാട്ടുന്ന സംഘടനയാണ്.





2024-ൽ നടന്ന വാശിയേറിയ തെരഞ്ഞെടുപ്പിൽ ഡോ. സജിമോൻ ആന്റണിയുടെ പാനൽ വൻ ഭൂരിപക്ഷം നേടി വിജയിച്ചതിനു ശേഷം ആദ്യമായി കേരളത്തിൽ എത്തിയ ഫൊക്കാന നേതാക്കൾ സംസ്ഥാന മുഖ്യമന്ത്രിയുമായി ചർച്ച നടത്തി. കേരളത്തിന്റെ ആവശ്യങ്ങൾ ഫൊക്കാന പ്രതിനിധികളുമായി മുഖ്യമന്ത്രി ചർച്ച ചെയ്തു.

മുഖ്യമന്ത്രി പിണറായി വിജയൻ, പൊളിറ്റിക്കൽ സെക്രട്ടറി അഡ്വ. പി. ശശി, പ്രൈവറ്റ് സെക്രട്ടറി സി.എം. രവീന്ദ്രൻ, സഹകരണ വകുപ്പ് മന്ത്രി വി. എൻ. വാസവൻ, ആരോഗ്യ മന്ത്രി വീണാ ജോർജ്, കേരള ബാങ്ക് പ്രസിഡണ്ട് ഗോപി കോട്ടമുറിക്കൽ, റവന്യൂ വകുപ്പ് മന്ത്രി ആർ. രാജൻ, ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ, കേരള ട്രിബ്യൂൺ ചെയർമാൻ ഡോ. മാത്യൂസ് കെ. ലൂക്ക് മന്നിയോട്ട്, ഫൊക്കാനാ പ്രസിഡണ്ട് സജിമോൻ ആന്റണി, ജനറൽ സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, ട്രഷറർ ജോയ് ചാക്കപ്പൻ തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു.

ജനറൽ സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ പത്തനംതിട്ട ചിറ്റാറിൽ നല്കിയ അര ഏക്കർ സ്ഥലത്തു ഭവന നിർമ്മാണ പ്രവർത്തനങ്ങൾക്കു ഉടൻ ആരംഭം കുറിക്കും. ആ പദ്ധതിയെപറ്റിയും മുഖ്യമന്ത്രിയും സ്റ്റാഫും ചോദിച്ചറിഞ്ഞു.

ഫൊക്കാനയുടെ സംസ്ഥാന സർക്കാരിന്റെ പ്രതിനിധിയും ഫൊക്കാന അംബാസിഡറുമായി സഹകരണ, ദേവസ്വം മന്ത്രി വി.എൻ. വാസവനും ടീമും കേരളാ ബാങ്കിൽ നടന്ന ചടങ്ങിൽ ഫൊക്കാന നേതാക്കൾക്ക് ഫലകം നല്കി സ്വീകരിച്ചു. ഫൊക്കാനയുമായി സഹകരിച്ചു പ്രവർത്തിക്കുന്നതിൽ കേരളാ ബാങ്കും ആഗ്രഹം പ്രകടിപ്പിച്ചു.



ഫൊക്കാനയുടെ 22 ഇന പ്രോജക്ടുകളെപറ്റിയും മുഖ്യമന്ത്രിയും മന്ത്രിമാരും ചോദിച്ചറിഞ്ഞു.

കേരളത്തിൽ നടക്കുന്ന പ്രോജക്ടുകൾക്ക് ഗവൺമെന്റിന്റെ ഭാഗത്ത് നിന്നുള്ള എല്ലാ സഹായ സഹകരണങ്ങളും വാഗ്ദാനം ചെയ്യുകയും ചെയ്തു.

മുഖ്യമന്ത്രിയേയും മറ്റ് മന്ത്രിമാരെയും കേരളത്തിലെ കോട്ടയം കുമരകത്തു ആഗസ്റ്റ് 1, 2, 3 തീയതികളിൽ നടക്കുന്ന കേരളാ കൺവൻഷനിലേക്ക് സ്വാഗതം ചെയ്തു.

ഫൊക്കാന കേരളാ കൺവൻഷനിൽ 22 ഇന പ്രോജക്ടുകൾക്ക് പുറമെ നിരവധി ചാരിറ്റി പ്രവർത്തനങ്ങൾ ഫൊക്കാന പ്ലാൻ ചെയ്യുന്നുണ്ട്.





KERALA EXPRESS പ്രവാസി താളുകൾ

# ഫിലാഡൽഫിയ ആർസനൽസ് നമ്സൽ സോക്കർ ടൂർണമെന്റ് ജേതാക്കൾ





ന്യൂയോർക്ക്: നോർത്ത് അമേരിക്കൻ മലയാളീ സോക്കർ ലീഗന്റെ ആഭിമുഖ്യത്തിൽ ന്യൂയോർക്കിൽ വെച്ച് നടത്തപ്പെട്ട മൂന്നാമത് വി.പി. സത്യൻ മെമ്മോറിയൽ ടൂർണമെന്റിൽ ഫിലാഡൽഫിയ ആർസെനൽസ് ജേതാക്കളായി. ടൂർണമെന്റിന്റെ ഫൈനൽ മത്സരത്തിൽ ഓസ്റ്റിൻ സ്ട്രൈക്കേഴ്സിനെ എതിരില്ലാത്ത രണ്ട് ഗോളുകൾക്ക് തോല്പിച്ചാണ് ഫിലാഡൽഫിയ ആർസെനൽസ് ചാമ്പ്യൻ പട്ടം നേടിയത്.

അന്തരിച്ച മുൻ ഇന്ത്യൻ ഫുട്ബോൾ ക്യാപ്റ്റൻ വി.പി. സത്യന്റെ സ്മരണാർത്ഥം നോർത്ത് അമേരിക്കയിൽ നടത്തപ്പെടുന്ന ഏറ്റവും വലിയ സോക്കർ ടൂർണമെന്റായ നമ്സൽ (NAMSL)ന്റെ മൂന്നാമത് ടൂർണമെന്റാണ് 2024 ഓഗസ്റ്റ് 30, 31, സെപ്റ്റംബർ 1 തീയതികളിൽ ന്യൂയോർക്ക് മലയാളി

**സന്തോഷ് ഏബ്രഹാം**

സ്പോർട്സ് ക്ലബിന്റെ ആഭിമുഖ്യത്തിൽ വിജയകരമായി നടന്നത്.

ടൂർണമെന്റിലെ നിലവിലെ ചാമ്പ്യന്മാരായ ഫിലാഡൽഫിയ ടീം ടൂർണമെന്റിൽ ഉടനീളം ചാമ്പ്യന്മാരുടെ കളി തന്നെ കാഴ്ച വെച്ചു. ഈ ടൂർണമെന്റോടു കൂടി തുടർച്ചയായി മൂന്നാം വർഷവും ഫൈനലിൽ എത്തുകയും ചാമ്പ്യൻഷിപ്പ് നിലനിർത്തുവാനും ഫിലാഡൽഫിയ ആർസനൽസിനു സാധിച്ചു.

ടൂർണമെന്റ് എംവിപിയായി ആർസനൽസിലെ ജിം കല്ലറയ്ക്കലും ടോപ് സ്കോററായി ബാൾട്ടിമോർ ഖിലാഡിസിലെ ജേക്കബ് കുന്നത്തും ബെസ്റ്റ് ഡിഫൻഡർ ആയി ഓസ്റ്റിൻ സ്ട്രൈക്കേഴ്സിലെ സച്ചിൻ ജോണും ബെസ്റ്റ് ഗോൾ കീപ്പറായി ആർസെലൻസിലെ സോണൽ ഐസക്കും തെരഞ്ഞെടുക്കപ്പെട്ടു.

നോർത്ത് അമേരിക്കയിലുള്ള മലയാളി സോക്കർ കളിക്കാരുടെ കഴിവുകൾ ഉടനീളം പ്രകടമായ ടൂർണമെന്റ് വരും തലമുറയ്ക്ക് ഒരു പ്രചോദനമായി മാറുമെന്നതിൽ സംശയമില്ല. 2025-ൽ നാലാമത് നമ്സൽ വി.പി. സത്യൻ മെമ്മോറിയൽ ടൂർണമെന്റ് ഹൂസ്റ്റൺ യുണൈറ്റഡിന്റെ നേതൃത്വത്തിൽ ഹൂസ്റ്റണിൽ വെച്ച് നടക്കും.

# കുറവിലങ്ങാട് അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഹൂസ്റ്റൺ ഉദ്ഘാടനം നടത്തി





ഹൂസ്റ്റൺ: അമേരിക്കയിലെ ടെക്സസ് സ്റ്റേറ്റിലെ ഹൂസ്റ്റണിലും പരിസര പ്രദേശങ്ങളിലുമുള്ള കുറവിലങ്ങാട് നിവാസികൾ ഒത്തുചേർന്ന് രൂപം നല്കിയിട്ടുള്ള കുറവിലങ്ങാട് അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഹൂസ്റ്റൺ എന്ന സംഘടനയുടെ ഔദ്യോഗിക ഉദ്ഘാടനം ജനുവരി 26-ന് ഡിസ്ട്രിക്ട് ജഡ്ജ് സുരേന്ദ്രൻ പട്ടേൽ നിർവഹിച്ചു.

പ്രസിഡണ്ട് ഷാജി ജോസിന്റെ അദ്ധ്യക്ഷതയിൽ നടന്ന ചടങ്ങിൽ സെക്രട്ടറി ടാസ്മോൻ ജോസഫ് സ്വാഗതം അർപ്പിച്ചു. സ്റ്റാഫോഡ് സിറ്റി മേയർ കെൻ മാത്യു ലോഗോ പ്രകാശനം നട

**ജീമോൻ റാന്നി**

ത്തി. ഫാ. ജോസഫ് പൊറ്റമ്മേൽ ആശംസകൾ അർപ്പിച്ച ചടങ്ങിൽ കുറവിലങ്ങാട്ടെ കലാ-സാംസ്കാരിക നേതാക്കളുടെ ആശംസാ വീഡിയോ പ്രദർശനവും നടത്തപ്പെട്ടു.

കുറവിലങ്ങാട് നിവാസികൾക്ക് അഭിമാനിക്കുവാനും സന്തോഷിക്കുവാനുമുള്ള ഒരു പ്രസ്ഥാനത്തിന്റെ പിറവിയാണിതെന്ന് മുഖ്യാതിഥികൾ അഭിപ്രായപ്പെട്ടു. സണ്ണി ടോം മുഖ്യാതിഥികൾക്കും എത്തിച്ചേർന്ന മെംബേഴ്സിനും നന്ദി രേഖപ്പെടുത്തി. ട്രഷറർ സിനു സെബാസ്റ്റ്യൻ പരിപാടിയുടെ സ്പോൺസർമാരായിരുന്ന ആൻസ് ഗ്രോസേഴ്സിനും ജെജെബി സിപിഎ ഗ്രൂപ്പ് ചെയർമാൻ ജോൺ ബാബുവിനും മോർട്ട്ഗേജ് ലോൺ ഒറിജിനേറ്റർ ജോസ് മാത്യുവിനും നന്ദി പറഞ്ഞു. തുടർന്ന് വിവിധ കലാ പരിപാടികളും ഡിന്നറും നടത്തി.

Photos & Video courtesy-‘Moments Made Photography‘ by Naveen James

# സാഹിത്യവേദി ഫെബ്രുവരി 7–ന്

ചിക്കാഗോ: സാഹിത്യവേദിയുടെ അടുത്ത സമ്മേളനം ഫെബ്രുവരി 7–ന് വെള്ളിയാഴ്ച ചിക്കാഗോ സമയം വൈകുന്നേരം 7.30–ന് സൂം വെബ് കോൺഫറൻസ് വഴിയായി കൂടുന്നതാണ്. (Zoom Meeting Link: https//us02web.zoom.us/j/81475259178. Meeting ID: 81475259178)

ലാറ്റിനമേരിക്കൻ മണ്ണിലേക്ക് ആദ്യമായി നോബൽ സമ്മാനം കൊണ്ടുവ



ന്ന വിഖ്യാത കവിയിത്രിയായ ഗാബ്രിയേല മിസ്ത്രാലിന്റെ തെരഞ്ഞെടുത്ത കവിതകൾക്ക് സാഹിത്യവേദി അംഗമായ ലക്ഷ്മി നായർ (ആമി ലക്ഷ്മി) നടത്തിയ മലയാള വിവർത്തനങ്ങളുടെ സമാഹാരമാണ് 'ചിലിയുടെ മണ്ണ്'.


ലാറ്റിൻ അമേരിക്കയിലെ ഏറ്റവും ശ്രദ്ധേയയായ ഒരു കവിയുടെ ആത്മാവ് മുഴുവൻ ആവാഹിക്കുന്ന ഈ കവിതകളിൽ ദൈവം വെളിച്ചത്തിലേക്ക് ഇറങ്ങിവന്നു മനുഷ്യർക്കും ജന്തുക്കൾക്കും സസ്യങ്ങൾക്കും ഒപ്പം നൃത്തം ചെയ്യുന്നു. മരിച്ചവരുടെ അസ്ഥികൾ ജീവിച്ചിരിക്കുന്നവരുടെ മാംസത്തെക്കാൾ ബലിഷ്ടമാണെന്നും ഉറഞ്ഞൊഴുകുന്ന വെളിച്ചത്തെ കണ്ണീരാക്കുന്ന നക്ഷത്രം എല്ലാ സൃഷ്ടികളേക്കാളുമധികം ഏകാന്തത അനുഭവിക്കുന്നുവെന്നും ഗാബ്രിയേല കണ്ടെത്തുന്നു.

അമ്മയാകാത്ത കവിയുടെ രചനകളിൽ കുഞ്ഞുങ്ങളോടും പ്രകൃതിയോടുമുള്ള വാത്സല്യവും സഹജീവികളോടുള്ള കാരുണ്യവും പ്രപഞ്ചത്തിന്റെ രഹസ്യം തേടുന്ന ആത്മീയതയും നിറഞ്ഞുനില്ക്കുന്നു.

തൃശൂർ ജില്ലയിലെ ആറാട്ടുപുഴ സ്വദേശിയായ ആമി ലക്ഷ്മി ചിക്കാഗോയിൽ താമസിക്കുന്നു. സയന്റിസ്റ്റും എഴുത്തുകാരിയും എന്നതിനു പുറമെ ആമി ഒരു പരിസ്ഥിതി ഫോട്ടോഗ്രാഫർ കൂടിയാണ്.

ഇരുപത്തഞ്ചോളം ശാസ്ത്രീയ ലേഖനങ്ങളും 'ലാറ്റിനമേരിക്കൻ യാത്രകൾ, 'എ ലാമെന്റ്' (A Lament) എന്നീ പുസ്തകങ്ങളും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. 'എല്ലിസ് ഐലന്റിൽനിന്ന്' എന്ന അനുഭവം/ഓർമ്മ സമാഹാരത്തിന്റെ എഡിറ്ററായും ആമി പ്രവർത്തിച്ചിട്ടുണ്ട്. 'മറക്കാൻ മറന്നത്', 'കൊറോണക്കാലത്തെ വീട്' എന്നീ സമാഹാരങ്ങളിലും ആമിയുടെ രചനകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

മലയാളത്തിലെ പ്രധാനപ്പെട്ട ആനുകാലികങ്ങളിൽ ചെറുകഥകൾ, ലേഖനങ്ങൾ, വിവർത്തനങ്ങൾ എന്നിവയെല്ലാം പ്രസിദ്ധീകരിച്ചിട്ടുണ്ട്.




പുസ്തകത്തെപ്പറ്റിയുള്ള സച്ചിദാനന്ദന്റെയും സി. രാധാകൃഷ്ണന്റെയും കുറിപ്പുകൾ എത്ര ശ്രദ്ധേയമാണ്: "തെരഞ്ഞെടുപ്പിലും പരിഭാഷയിലും ആമി ലക്ഷ്മി ഒരുപോലെ സൂക്ഷ്മത കാണിക്കുന്നു. മലയാളത്തിലെ കാവ്യപരിഭാഷയ്ക്ക് കനപ്പെട്ട സംഭാവനയാണ് ഈ സമാഹാരം"–സച്ചിദാനന്ദൻ. "ഇങ്ങനെ ഒരു പെൺമനം മലയാള കവിത ഇതുവരെ കണ്ടിട്ടില്ല. ആമി ലക്ഷ്മി എന്ന ഒരേതൂവൽപക്ഷിക്ക് നന്ദി."–സി. രാധാകൃഷ്ണൻ.

നവംബർ മാസ സാഹിത്യവേദിയിൽ ഇത്തവണത്തെ നോബൽ സമ്മാനം ലഭിച്ച കൊറിയൻ നോവലിസ്റ്റ് ഹാൻ കാങ്ങിന്റെ 'ദി വെജിറ്റേറിയൻ' എന്ന നോവലിന്റെ ആസ്വാദനം ആർ. എസ്. കുറുപ്പ് അവതരിപ്പിച്ചത് വളരെ ഹൃദ്യമായിരുന്നു.

പ്രിയ സാഹിത്യ സ്നേഹികളെ, ഫെബ്രുവരി 7–ന് ചിക്കാഗോ സാഹിത്യവേദി ഒരുക്കുന്ന സാഹിത്യ സായാഹ്നത്തിൽ ലക്ഷ്മി നായർ ചിലിയുടെ മണ്ണിലൂടെ നമ്മോടൊപ്പം സഞ്ചരിക്കും. ഈ പരിപാടിയിൽ പങ്കെടുക്കുവാൻ ഏവരെയും ക്ഷണിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക്: ആമി ലക്ഷ്മി 847 401 8821, പ്രസന്നൻ പിള്ള 630 935 2990, ജോൺ ഇലക്കാട് 773 282 4955.

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 86.41 |
| യൂറോ | 90.40 |
| സ്റ്റെർലിംഗ്പൗണ്ട് | 107.61 |
| സ്വിസ് ഫ്രാങ്ക് | 95.51 |
| സിംഗപ്പൂർ ഡോളർ | 63.99 |
| കനേഡിയൻ ഡോളർ | 60.06 |
| ഒമാൻ റിയാൽ | 223.78 |
| ബഹ്റൈൻ ദിനാർ | 228.73 |
| സൗദി റിയാൽ | 23.04 |
| യു.എ.ഇ. ദിർഹം | 23.52 |
| കുവൈത്ത് ദിനാർ | 280.49 |

# ഗർഭസ്ഥ ശിശുവിന്റെയുള്ളിലും ഭ്രൂണം

ബുൽദാന: മഹാരാഷ്ട്രയിലെ ബുൽദാന ജില്ലയിൽ ഗർഭിണിയായ യുവതിയുടെ ഭ്രൂണത്തിനുള്ളിൽ മറ്റൊരു ഭ്രൂണം. അപൂർവങ്ങളിൽ അപൂർവമായ ഈ അവസ്ഥ 35 ആഴ്ച ഗർഭിണിയായ മുപ്പത്തിരണ്ടുകാരിയിലാണു കണ്ടെത്തിയത്. ഭ്രൂണത്തിനുള്ളിൽ വികലമായ മറ്റൊരു ഭ്രൂണം കണ്ടെത്തുന്ന അവസ്ഥയാണിതെന്നു പറയുന്നു.

പതിവ് പരിശോധനയ്ക്കായി ബുൽദാന ജില്ലാ വനിതാ ആശുപത്രിയിൽ എത്തിയപ്പോഴാണു വൈകല്യം കണ്ടെത്തിയത്. സോണോഗ്രാഫി പരിശോധനയിൽ വൈകല്യം ഡോക്ടർമാർ തിരിച്ചറിയുകയായിരുന്നു. അഞ്ച് ലക്ഷത്തിൽ ഒരാൾക്ക് മാത്രമാണ് ഇത്തരം അവസ്ഥയുണ്ടാകൂവെന്ന് ഗൈനക്കോളജിസ്റ്റ് ഡോ. പ്രസാദ് അഗർവാൾ പറഞ്ഞു. ഇന്ത്യയിൽ 10–15 കേസുകൾ ഉൾപ്പെടെ 200–ഓളം കേസുകൾ മാത്രമേ ലോകത്താകെ ഇതുവരെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളൂ. അതും പ്രസവശേഷം – അദ്ദേഹം കൂട്ടിച്ചേർത്തു. യുവതിയുടെ വയറ്റിൽ വളരുന്ന കുഞ്ഞിൽ അസാധാരണമായ എന്തെങ്കിലും സംഭവിക്കുന്നുണ്ടോയെന്നു ജാഗ്രതയോടെ ശ്രദ്ധിച്ചുവരികയാണ്. ഏകദേശം 35 ആഴ്ചകൾ പ്രായമായ സാധാരണ വളർച്ചയുള്ള പിണ്ഡത്തിന്റെ വയറ്റിൽ കുറച്ച് എല്ലുകളും ഗർഭപിണ്ഡം പോലെയുള്ളയൊന്നുമുണ്ട് – ഡോക്ടർ പറഞ്ഞു.

മികച്ച പരിചരണം ലഭിക്കുന്നതിനായി യുവതിയെ ഛത്രപതി സംഭാജി നഗറിലെ മെഡിക്കൽ കോളജിലേക്കു മാറ്റിയതായി ആശുപത്രി അധികൃതർ അറിയിച്ചു.

# തട്ടിപ്പ് ആപ്പുകൾക്കു പിന്നിൽ ചൈന: ഇ.ഡി

കൊച്ചി: രാജ്യത്ത് നടക്കുന്ന വായ്പാ ആപ്പ് തട്ടിപ്പുകൾക്കു പിന്നിൽ ചൈനയെന്ന് ഇ.ഡി കണ്ടെത്തൽ. ചൈനീസ് വായ്പാ ആപ്പുകളിലൂടെ 1,650 കോടി രൂപയുടെ തട്ടിപ്പ് നടന്നെന്നും തട്ടിപ്പിനായി കേരളത്തിലെയടക്കം ബാങ്ക് അക്കൗണ്ടുകൾ ഉപയോഗിച്ചെന്നുമാണ് കണ്ടെത്തൽ. തട്ടിപ്പിന് സഹായിച്ചവരും ഏജന്റുമാരുമായ കാഞ്ചീപുരം സ്വദേശികളായ ഡാനിയേൽ ശെൽവകുമാർ, കതിരവൻ രവി, ആന്റോ പോൾ പ്രകാശ്, അലൻ സാമുവൽ എന്നിവരെ കൊച്ചി ഇ.ഡി. അറസ്റ്റ് ചെയ്തു.

കലൂർ പ്രത്യേക കോടതിയിൽ ഹാജരാക്കിയ ഇവരെ 13 വരെ റിമാൻഡ് ചെയ്ത് നാല് ദിവസത്തെ ഇഡി കസ്റ്റഡിയിൽ വിട്ടു. ഹരിയാന–കേരള പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്ത വ്യാജ വായ്പാ ആപ്പുകളെക്കുറിച്ചുള്ള കേസുകളുടെ അടിസ്ഥാനത്തിലായിരുന്നു ഇഡി അന്വേഷണം. അറസ്റ്റിലായവരുടെ ഒരാളുടെ അക്കൗണ്ടിൽ 110 കോടി രൂപ വന്നു. ഇതിൽ 105 കോടി രൂപയും വിദേശത്തെയടക്കം കടലാസ് കമ്പനികളിലേക്ക് മാറ്റി.

വായ്പയ്ക്കായി അപേക്ഷിക്കുന്ന സ്ത്രീകളുടെ മോർഫ്ചെയ്ത നഗ്നചിത്രങ്ങൾ കാണിച്ച് ഭീഷണിപ്പെടുത്തി പണം തട്ടിയതായും അന്വേഷണത്തിൽ കണ്ടെത്തി.

# റെയിൽവേ സേവനങ്ങൾ 'സ്വാറെയിലി'ൽ

ന്യൂഡൽഹി: പൊതുജനങ്ങൾക്ക് സമഗ്രമായ റെയിൽവേ സേവനങ്ങൾ വാഗ്ദാനം ചെയ്യുന്ന ഏകജാലക പരിഹാരമായ 'സ്വാറെയിൽ' സൂപ്പർ ആപ് റെയിൽവേ മന്ത്രാലയം പുറത്തിറക്കി. പരീക്ഷണാടിസ്ഥാനത്തിൽ ഗൂഗിൾ പ്ലേസ്റ്റോറിൽ ആപ്പ് ലഭ്യമായിത്തുടങ്ങി. ബീറ്റാ ടെസ്റ്റിങ്ങിന്റെ ഭാഗമായി ആയിരം പേർക്കാണ് ഡൗൺലോഡ് ചെയ്യാനാവുക.

ഉപയോക്താക്കളിൽ നിന്നു ലഭിക്കുന്ന നിർദ്ദേശങ്ങൾ വിലയിരുത്തി പിന്നീട് പതിനായിരം പേർക്ക് ഡൗൺലോഡ് ചെയ്യാനാകുന്ന വിധത്തിൽ ആപ്പ് വീണ്ടും ഇറക്കും. റിസേർവ്ഡ്, അൺറിസേർവ്ഡ് ടിക്കറ്റ് ബുക്കിങ്, പ്ലാറ്റ്ഫോം ടിക്കറ്റുകൾ, പിഎൻആർ അന്വേഷണം, ഭക്ഷണം, ചരക്കുനീക്കം തുടങ്ങി വിവിധ സേവനങ്ങൾ ഒറ്റക്കുടക്കീഴിൽ ലഭ്യമാകുമെന്നതാണ് പ്രത്യേകത.



# ഭദ്രാസന ബാഡ്മിന്റൺ ടൂർണമെന്റ് സമാപിച്ചു

**അലൻ ചെന്നിത്തല**

അറ്റ്ലാന്റ്: മാർത്തോമ്മാ നോർത്ത് അമേരിക്കൻ ഭദ്രാസനത്തിലെ കാർമേൽ മാർത്തോമ്മാ സെന്റർ സംഘടിപ്പിച്ച ആദ്യ ഭദ്രാസന ബാഡ്മിന്റൺ ടൂർണമെന്റ് വൻ വിജയമായി. നോർത്ത് അമേരിക്കൻ ഭദ്രാസന അദ്ധ്യക്ഷൻ ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പ ഉദ്ഘാടനം ചെയ്ത ടൂർണമെന്റിൽ ഭദ്രാസനത്തിലെ വിവിധ പള്ളികളിൽ നിന്നുള്ള ടീമുകൾ മത്സരിച്ചു. ബിജേഷ് തോമസ് (ന്യൂയോർക്ക് ശാലേം മാർത്തോമ്മാ ചർച്ച്), മിഥുൻ ജോസ് (ന്യൂയോർക്ക് എപ്പിഫനി മാർത്തോമ്മാ ചർച്ച്), എന്നിവരടങ്ങുന്ന ടീം ഒന്നാം സ്ഥാനത്തിന് അർഹരായി. അറ്റ്ലാന്റ മാർത്തോമ്മാ ചർച്ച് അംഗങ്ങളായ ഏബ്രഹാം ജോൺ, ഷിജോ മാത്യു എന്നിവർ രണ്ടാം സ്ഥാനം നേടി.

ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പ വിജയികൾക്ക് എവർ റോളിങ് ട്രോഫിയും ക്യാഷ് അവാർഡും സമ്മാനിച്ചു.

കാർമേൽ സെന്റർ കോർ കമ്മിറ്റി, റവ. സ്കറിയ വർഗീസ്, റവ. ജേക്കബ് തോമസ്, ഫിലിപ്പ് മാത്യു (കൺവീനർ), ഷൈനോ തോമസ് (കൺവീനർ, അറ്റ്ലാന്റാ മാർത്തോമ്മാ ചർച്ച് അംഗങ്ങളും ടൂർണ്ണമെന്റിന്റെ വിജയകരമായ നടത്തിപ്പിന് നേതൃത്വം നല്കി.








# താമ്പായിൽ ഹോളി ചൈൽഡ്ഹുഡ് ദിനം അവിസ്മരണീയമായി


**സിജോയ് പറപ്പള്ളിൽ**

താമ്പാ: ഹോളി ചൈൽഡ്ഹുഡ് മിനിസ്ട്രി (തിരുബാലസഖ്യം)യുടെ ആഭിമുഖ്യത്തിൽ താമ്പാ സേക്രഡ് ഹാർട്ട് ക്നാനായ കത്തോലിക്കാ ഫൊറോനാ ദേവാലയത്തിൽ നടത്തിയ ഹോളി ചൈൽഡ്ഹുഡ് ദിനം അവിസ്മരണീയമായി. ഇടവക വികാരി ഫാ. ജോസ് ആദോപ്പിള്ളിൽ അർപ്പിച്ച വിശുദ്ധ കുർബാനയോടെ പരിപാടികൾ ആരംഭിച്ചു.



കുട്ടികൾക്കായി ഗോഡ് ഓഫ് വേർഡ് ചലഞ്ച്, പെയിന്റിംഗ്, പ്രസംഗ മത്സരങ്ങൾ നടത്തുകയും സമ്മാനങ്ങൾ നല്കുകയും ചെയ്തു. ന

ഹോളി ചൈൽഡ്ഹുഡ് മിനിസ്ട്രി കോ-ഓർഡിനേറ്റർ സിസ്റ്റർ അമൃതാ എസിവിഎം, സൺഡേസ്കൂൾ പ്രിൻസിപ്പൽ സാലി കുളങ്ങര, സൺഡേ സ്കൂൾ അദ്ധ്യാപകർ എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കി.



# എസ്ബി അലൂംമ്നി ഗ്ലോബൽ മഹാസമ്മേളനത്തിന് ഉജ്വല പരിസമാപ്തി

ആന്റണി ഫ്രാൻസിസ്

ചിക്കാഗോ: ഭാരതത്തിന്റെ 76-ാം റിപ്പബ്ലിക് ദിനമായ ജനുവരി 26-ന് ചങ്ങനാശേരി എസ്ബി കോളജിൽ വെച്ച് നടന്ന പൂർവ്വ വിദ്യാർത്ഥി മഹാസമ്മേളനത്തിന് അമേരിക്കൻ ഐക്യനാടുകളിലെ എല്ലാ എസ്ബി പൂർവ്വ വിദ്യാർത്ഥികളുടെയും ദേശീയ നെറ്റ് വർക്കിന്റെ അഭിനന്ദനങ്ങൾ.




മുഖ്യാതിഥിയും എസ്ബി കോളജ് പൂർവ്വ വിദ്യാർത്ഥിയും ബാംഗ്ലൂർ സേവ്യർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് എന്റർപ്രണർഷിപ് ചെയർമാനുമായ പ്രഫ. ജെ. ഫിലിപ്പ് സമ്മേളനം ഉദ്ഘാടനം ചെയ്തു.

അലൂംമ്നി അസോസിയേഷൻ മദർ ചാപ്റ്റർ പ്രസിഡണ്ട് ഡോ. എൻ.എം. മാത്യു അദ്ധ്യക്ഷത വഹിച്ചു. അതിരൂപതാ വികാരി ജനറാളും കോളജ് മാനേജരുമായ മോൺ. ആന്റണി ഏത്തക്കാട് അനുഗ്രഹപ്രഭാഷണം നടത്തി. പ്രിൻസിപ്പൽ ഫാ. റെജി പ്ലാത്തോട്ടം സ്വാഗതപ്രസംഗവും മികച്ച വിദ്യാർത്ഥികൾക്കുള്ള വിവിധ സ്കോളർഷിപ്പുകളും വിതരണം ചെയ്തു.

ചങ്ങനാശേരി എംഎൽഎ ജോബി മൈക്കിൾ, ബ്രിഗേഡിയർ ഒ.എ. ജെയിംസ്, മുൻ പ്രിൻസിപ്പൽ ഡോ. സ്റ്റീഫൻ മാത്യൂസ്, ബർസാർ ഫാ. ജെയിംസ് ആന്റണി, വൈസ് പ്രിൻസിപ്പൽമാരായ ഫാ. ഡോ. ടെഡി കാഞ്ഞൂപ്പറമ്പിൽ, ഡോ. കെ. സിബി ജോസഫ്, അസോസിയേഷൻ ഭാരവാഹികളായ ഡോ. ഷിജോ കെ. ചെറിയാൻ, ഫാ. ജോൺ ജെ. ചാവറ, ഡോ. ജോസഫ് ജോബ്, ഷാജി പാലാത്ര, ഡോ. സെബിൻ എസ്. കൊട്ടാരം എന്നിവർ പ്രസംഗിച്ചു.

കേരളാ യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസലർ ഡോ. ബി. ഇക്ബാൽ മുൻ ബ്രിസ്റ്റോൾ നോർത്ത് (ലണ്ടൻ) മേയർ ടോം അദിത്യ അടക്കമുള്ള നിരവധി പൂർവ്വ വിദ്യാർത്ഥികൾ പങ്കെടുത്തു.

വിദ്യാഭ്യാസ മേഖലയിൽ പ്രത്യേകിച്ച് ഉന്നത വിദ്യാഭ്യാസ മേഖലയിൽ നിലനില്ക്കുന്ന സർക്കാർതല നിയന്ത്രണങ്ങളും നിബന്ധനകളും ധാരാളം വെല്ലുവിളികൾ ഉയർത്തുന്നതാണ്.

കോളജിനെ കൂടുതൽ ഉയരങ്ങളിലേക്കും നിലവാരത്തിലേക്കും ഉയർത്തുന്നതിന് വിദ്യാഭ്യാസ മേഖലയിലെ മോഡേൺ ട്രെന്റ് അനുസരിച്ച് ചെയ്യേണ്ട കാര്യങ്ങൾ ചെയ്താൽ മാത്രമേ ആ ലക്ഷ്യപ്രാപ്തിയിൽ എത്തുകയുള്ളുവെന്നും അതിന് എന്തൊക്കെ ചെയ്യണമെന്നുള്ളതും പ്രിൻസിപ്പൽ അച്ചൻ തന്റെ സ്വാഗതപ്രസംഗത്തിൽ അടിവരയിട്ട് പറഞ്ഞു.

എസ്ബി കോളജിനെ തങ്ങളുടെ നെഞ്ചോട് ചേർത്തുപിടിച്ച് സ്നേഹിക്കുന്നു എന്നതിന്റെ സാക്ഷ്യപത്രമാണ് എസ്ബി കോളജ് പൂർവ്വ വിദ്യാർത്ഥികൾ പ്രത്യേകിച്ച് അമേരിക്കൻ ഐക്യനാടുകളിൽ നിന്നുള്ളവരും ലോകത്തിന്റെ മറ്റ് ഭാഗങ്ങളിൽ നിന്നുള്ളവരും ഈ മഹാസമ്മേളനത്തിൽ പങ്കെടുക്കുകയും സാക്ഷ്യം വഹിക്കുകയും ചെയ്തതും, കൂടാതെ നിരവധിയാളുകൾ ഓൺലൈൻ വഴിയായി പരിപാടികൾ ദർശിച്ചതും ഏറെ ചാരിതാർത്ഥ്യജനകവും ശ്ലാഘനീയവുമാണ്.

മികച്ച വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകളുടെ വിതരണം, 50 വർഷം പൂർത്തിയാക്കിയ പൂർവ്വ വിദ്യാർത്ഥികളെ ആദരിക്കുന്ന ചടങ്ങുകൾ, രണ്ട് ഘട്ടങ്ങളിലായി നടത്തിയ കലാസന്ധ്യ എന്നീ വൈവിധ്യമാർന്ന പരിപാടികൾ സമ്മേളനത്തെ പ്രൗഢഗംഭീരമാക്കി. ഈ മഹാസമ്മേളനത്തിന്റെ വിജയത്തിനായി ചുക്കാൻപിടിച്ച എസ്ബി അലൂംമ്നി അസോസിയേഷൻ മദർ ചാപ്റ്റർ പ്രസിഡണ്ട് ഡോ. എൻ.എം. മാത്യുവിനും സെക്രട്ടറി ഡോ. ഷിജോ കെ. ചെറിയാനും മറ്റ് ഭാരവാഹികൾക്കും കോളജ് പ്രിൻസിപ്പൽ റെജി അച്ചനും മറ്റ് കോളജ് അധികൃതർക്കും അമേരിക്കൻ എസ്ബി അലൂംമ്നികളുടെ ദേശീയ നെറ്റ് വർക്കിന്റെ സ്നേഹാദരവുകളും അഭിനന്ദനങ്ങളും. വിവരങ്ങൾക്ക്: 847 219 4897.



## കുംഭമേളയിലെ 'വൈറൽ ഗേൾ' ബിഗ് സ്ക്രീനിലേക്ക്


ലക്നോ: പ്രയാഗ്‌രാജിൽ നടക്കുന്ന മഹാ കുംഭമേളയ്ക്കിടെ സമൂഹമാധ്യമങ്ങളിൽ വൈറലായ നാടോടി പെൺകുട്ടി മോനി ബോൺസ്‌ലെ എന്ന മൊണാലിസ ബിഗ് സ്ക്രീനിലേക്ക്. ബോളിവുഡ് സംവിധായകൻ സനോജ് മിശ്രയുടെ സിനിമയിലൂടെയാണ് മോനി അഭിനയരംഗത്തേക്കു കടക്കുന്നത്. 'ഡയറി ഓഫ് മണിപ്പൂർ' എന്ന സിനിമയിലൂടെയാകും മൊണാലിസ എത്തുക. ഈ സിനിമയുമായി ബന്ധപ്പെട്ട് മൊണാലിസയുമായി സംവിധായകൻ അവരുടെ വീട്ടിലെത്തി സംസാരിച്ചതായും കരാറിൽ ഒപ്പുവെച്ചതായും സൂചനയുണ്ട്.

'രാമജന്മഭൂമി', 'ദ ഡയറി ഓഫ് വെസ്റ്റ് ബംഗാൾ', 'കാശി ടു കാശ്മീർ' എന്നീ ചിത്രങ്ങളുടെ സംവിധായകനാണ് സനോജ് മിശ്ര. കുടുംബം അനുവദിക്കുകയാണെങ്കിൽ സിനിമയിൽ അഭിനയിക്കുമെന്ന് മൊണാലിസ നേരത്തെ വ്യക്തമാക്കിയിരുന്നു.

കുംഭമേളയ്ക്കിടെ മധ്യപ്രദേശിലെ ഇൻഡോറിൽനിന്നു മാല വില്പനയ്ക്കെത്തിയതായിരുന്നു മോനിയും കുടുംബവും. ഇതിനിടെ അപ്രതീക്ഷിതമായി പെൺകുട്ടിയുടെ പുഞ്ചിരിയും നീലക്കണ്ണുകളും ഒരു വ്ളോഗറുടെ കാമറയിൽ പതിഞ്ഞു. ഇതോടെ പെൺകുട്ടി സമൂഹമാധ്യമങ്ങളിൽ താരമായി മാറി. സമൂഹമാധ്യമങ്ങൾ അവൾക്ക് മൊണാലിസ എന്നു പേരും നൽകി. ദൃശ്യങ്ങൾ വൈറലായതോടെ ഇവരെ കാണാൻ നിരവധി പേർ എത്തുകയും കുടുംബത്തിന്റെ ഉപജീവനമാർഗമായ മാല വില്പനയെ ബാധിക്കുകയും ചെയ്തതോടെ പെൺകുട്ടിയെ സ്വന്തം നാട്ടിലേക്ക് രക്ഷിതാക്കൾ തിരിച്ചയച്ചു. തന്റെ സുരക്ഷ കൂടി കണക്കിലെടുത്താണ് കുംഭമേളയിൽനിന്ന് മടങ്ങുന്നതെന്നായിരുന്നു മൊണാലിസ വ്യക്തമാക്കിയത്.

അഞ്ച് സഹോദരങ്ങളിൽ ഏറ്റവും ഇളയയാളാണു മൊണാലിസ. രണ്ട് സഹോദരന്മാരും രണ്ട് സഹോദരിമാരുമാണ് മൂത്തവർ. സഹോദരങ്ങളെയും കുടുംബത്തെയും സഹായിക്കുന്നതിനായാണ് വിദ്യാഭ്യാസം ഉപേക്ഷിച്ച് വീട്ടുജോലി ഉൾപ്പെടെ ഏറ്റെടുത്തതെന്നു പെൺകുട്ടി പറഞ്ഞിരുന്നു.

## Heartbeat



James Chettiath

You have crossed the finish line of this fleeting world
And stepped into eternity's gentle embrace.
There, your father and mother await,
Your sisters and brothers stand beside you,
While I remain—half of a whole, lost in time.
I still see you, wrapped in your yellow saree,
Your cheeks radiant, soft as the morning sun.
Fifty years slipped by like a whispered breeze,
Yet now, without you, time stands unbearably still.
Why did you leave me to wander alone?

The grandchildren come,
Their tiny hands pressed
Against the cold glass of your picture frame,
Kissing your frozen smile, Whispering,
How beautiful must have been her heart?
Do you remember our days beneath the golden sky,
The voices of friends, the echoes of youth?

Do you remember the promises we made,
Bound not by time, but by love?
I turn the pages of our wedding album,
And there you are—standing before me,
Your laughter laced in silk and jasmine.
This morning, I saw you again—
Wrapped in the white saree from our wedding day,
Roses cradled in your arms,
Drifting skyward, beyond my reach.

I will never forget the first time
I held you against my heart—
And even now, though you are gone,
You remain, forever woven into my soul.

# SEEKING BRIDEGROOM

*Pentecostal parents invite proposals for their daughter (29 yrs, 5'4") with a Masters of Engineering degree and working as a licensed professional engineer in New York City. She was born and brought up in the US. She attends a non-denominational Christian church in NYC and is very active in fitness and sports. We are seeking suitable alliances from similarly qualified professionals. If interested, please send recent photo and details to **mathew.eng12@gmail.com.**

*Pentecostal Girl in Dallas, TX, USA: MBA/Seeking Groom Pentecostal parents looking for suitable proposals for their daughter, 25 years old and 5ft 2in, MBA and working as manager for insurance agency. Seeking proposals from professional and qualified Pentecostal boys, preferably from USA. Contact: **469-233-4309** Please leave a message if your call is now answered.

*Malayalaee Christian business man settled in Kuwait, inviting proposal for their daughter. Born again Christian, 27 years old, 5'5" with fair complexion, born and raised in Kuwait. MBBS doctor with Master's Degree in Public Health from Boston, Massachusetts. Currently preparing for USMLE. Interested parties in US or Canada please contact us at **630-808–6165** or **rajanthomas125@gmail.com**

*Single marthomite girl (40yrs, 55kg 5.5ft) MSc. Big Data Analytics (UK) currently working in the UK, seeking Christian professional groom from USA/UK/CA/Euro. Interests to contact: **+91 9745678243, +44 7767957273**

Parents invite proposal for their daughter (24 years, raised in USA, baptized Christian who attends a local community church that follow Pentecostal beliefs, 5.1', did B.S in engineering) from one with similar background & professional qualifications. If interested, please respond to email: **Helistens@outlook.com** with picture & details.

*Knanaya Catholic woman 50 years old, widow, well settled in USA seeking proposals from widower age between 50-60, who is honest in nature, responsible, willing to make compromise. Intrested parties. please respond to **813-816 5339**

*USA settled Christian family seeking proposal for their 38-year-old daughter who was born in Sultanate of Oman and moved to US at the age of 10 in 1997. She is 5'3", born again, baptized and in fellowship with a Pentecostal Church in Florida. She has Law degree and currently working with State of Florida government since several years. We are looking for a born again, educated boy from US or Canada. Those who are interested please text, whatsapp at **863-709-6031** or email to: **mathewg1956@gmail.com**

**Visit Our Website: www.keralaexpress.com for Matrimonial Advt.**

*Knanaya Catholic parents invite proposals for their daughter Age: 25 yrs. (DOB: December, 1998) Height 5'1". Born in Kerala and lived in Mumbai. Then brought up in the US from the age of 9. Education: BSN and currently working as RN (travel nurse) and pursuing MSN. Seeking alliances from parents of well-educated and professionally qualified Knanaya Catholic boys brought up in the US. Please Contact: **516-554-5698 or 516-554-5681**

*Parents settled in the USA invite marriage proposals for their 27 year old American born Roman Catholic daughter, 5 feet 6 inches height, currently completing MD/PhD program in a reputable university in the USA from physicians or similarly educated men raised in the USA. Very caring and family oriented. If interested, please email: **medqis@gmail.com** or contact **(908) 764-0342.**

*42 years old, 5'4, Christian woman, born in Kerala, raised in the US, American Citizens, and working as a certified teacher. She is seeking a proposal for a man who has a strong relationship with God, trustworthy, honest, faithful, compassionate, responsible, mature, financially stable ambitious, willingness to mutually make compromises, great communication and understanding. Interested parties please respond via email: **mallugurl81@gmail.com.**

*Pentecostal Parents invite proposals for their daughter, who is an MBBS Doctor and a Public Health Master's graduate from the American University of Armenia, now pursuing her Foreign Medical Licensing. She is 32 (17.2.1992/Height 5'4) with medium skin tone. She born in State of Qatar, Middle East and brought up in India. We are seeking suitable alliances from Christian - US, Canada, UK, Australia, New Zealand, Switzerland, Middle East who are Professionally qualified Doctors, CPAs, IT Professionals, Engineers with Masters. If interested please contact **+91 8592955555 / +91 8943677777** or **mathewkws@gmail.com** with recent pictures and details.

*Pentecostal parents inviting proposals for their daughter (31 years, 2/10/1992, Hight 5'6) pursuing Ph. D program in Mechanical Engineering, University of North Carolina in USA, currently working as Teaching assistant at the same university from parents of professionally qualified spiritual boys from USA. If interested, please contact **+91 9142050975 / +91 9744797000** or **thomasnidheerickal@gmail.com.**

*Roman Catholic parents invite proposals for their daughter, who is a chemical engineering Ph.D. student at a reputed college. She is 26 years old and is 5'3" with a fair complexion. She is born and brought up in the USA. We are seeking suitable alliances from professionally

# SEEKING BRIDE

*Pentecostal parents are seeking a bride for their 26-year-old son (born November 1998), who will begin his MD residency program in Texas in June 2025. He is 5'10" tall and a U.S. citizen. We are seeking a suitable alliance from Pentecostal girls with a strong spiritual background (born again, baptized, and Spirit-led) and professionally qualified (preferably Doctors), born or raised in the USA. Interested parties, please respond with full details and a recent photograph to: **inhistime2025@yahoo.com.**

*Born again Christian man, 36 years old, 5'8" Ht, settled in Chicago area invites proposal from parents of any Christian denomination settled in U.S. Innocent divorcees are also welcome. Interested parties please contact **1-872-236-8692** or email: **lijosandras386@gmail.com**.

*Aunt seeking alliance for nephew, 27 years old (April 2nd 1997), born and raised in Mumbai, India. He is currently completing grad school at Columbia University, majoring in Management Science and Engineering. Before pursuing his Masters, he worked as Senior Consultant at Ernst & Young - Parthenon. Seeking wife who is settled in the US, with medical or software based job, Pentecostal denomination. Please call **678 431 8651** Preela Varghese.

*Pentecostal parents from Kerala, now settled in the US, are seeking marriage proposals for their 26-year-old son, who was born and raised in the US. He is baptized, has strong family values, and attends church regularly. He is 5.8", works as a computer engineer, and is currently pursuing graduate studies. Seeking God-fearing Pentecostal girls born or raised in the US, are professionals under 26 yrs., and 5.4" or taller. Please respond with a photo to **dm1235@gmail.com**

*Parents from US are inviting proposals for their born again son working as a doctor (MD, 33 years, fair and slim). If interested, please email at **Questhdan@gmail.com**

*Syrian Christian Pentecostal family settled in the USA prayerfully seeking a proposal for their son (1995/182cm / 80kg), born again, baptized US citizen, working as an engineer. He has completed his BTech from India and MS from USA. Seeking suitable alliance from the parents of God fearing, baptized girls (non-ornamental) professionally qualified in engineering / BSN/ other healthcare fields. A minimum height of 160 cm is preferred. Contact WhatsApp **4704033704**

*Syrian Pentecostal parents in the US are prayerfully seeking proposals for their God-fearing son (32 year-old, 5'6" MD physician), from parents of God-fearing girls with a similar educational background from Texas. If interested, please respond with complete details via email at **tonyvince29@gmail.com."**

*Pentecostal parents settled in USA prayerfully invite proposal for their son born and brought up in USA. He is 31 (August 03-1993) year old 5'5", architect, employed as project manager in an architectural firm in the northeast, born again, baptized, spirit filled and very active with church and gospel work. Seeking suitable alliance from parents of qualified born-again, baptized, spirit filled girl with good moral and spiritual values and professionally qualified, preferably born in the US. Please respond to **jehovahnissi2024@yahoo.com** with recent pictures and details.

*Pentecostal parents seeking proposals for their born again, baptized son (US born, 31/ 5' 7") He is now working as a Doctor in California. Inviting proposals from born again and profession qualified girls preferably born in the US. Please call/ send info with picture. **253 332 0868**. email: **molyvt@yahoo.com.**

*Pentecostal parents settled in USA invite proposal for their son born and brought up in US. He is 28 year old with 5'11", engineer with masters degree, born again, spiritual and very active with church. We are seeking qualified, family oriented, born-again and God fearing girl with good moral and spiritual values. Interested please respond to **hiswillforme01@gmail.com** with recent pictures and details.

## SEEKING BRIDEGROOM CONTD.....

qualified Doctors, CPAs, IT professionals, and Engineers with masters, born and raised in the USA, who are Catholics, family-oriented, and God fearing. Interested please respond with details including a recent picture to: **chry7851@gmail.com**

*Pentecostal parents settled in US inviting proposal for their daughter born and brought up in USA, 34yrs, 5'8", Doctor of Pharmacy working as a clinical pharmacist. We are seeking a professionally qualified spiritual boy from the same faith. If interested please contact **206 234 5555**, Email: **wmathew1@comcast.net**

*Immigrant Mar Thoma parents invite marriage proposal for their daughter in Kerala (27 yrs.) MSc, B.Ed., from parents of Mar Thoma or Orthodox boys in the US. She is very beautiful, God fearing and family oriented. Please contact at **ajohn1192@gmail.com** with picture and details.

**Visit Our Website: www.keralaexpress.com for Matrimonial Advt.**

KERALA EXPRESS

# നിര്യാതരായി

## വി. കൃഷ്ണൻപോറ്റി

**മള്ളൂശേരി:** കെഎസ്ഇബി റിട്ട. സൂപ്രണ്ട് അത്തിമണ്ണില്ലം വി. കൃഷ്ണൻ പോറ്റി (75) അന്തരിച്ചു. ഭാര്യ സി.കെ. രാജേശ്വരി (ബിഎസ്എൻഎൽ റിട്ട. കോട്ടയം). മക്കൾ: സ്മിത കൃഷ്ണൻ, പ്രവീൺ കൃഷ്ണൻ. മരുമക്കൾ: സനിൽ നീലകണ്ഠൻ, വി.കെ. ഉമ (നാലുപേരും യുഎസ്).

**തിരുവനന്തപുരം:** ആരോഗ്യവകുപ്പ് റിട്ട. അഡീ. ഡയറക്ടറും തലസ്ഥാനത്തെ മുതിർന്ന ശിശുരോഗ വിദഗ്ദ്ധയുമായ പേരൂർക്കട മണ്ണിമൂല ദർശനയിൽ ഡോ. മീനാക്ഷി അമ്മാൾ (96) അന്തരിച്ചു.

**ചെങ്ങളം:** ആരോഗ്യവകുപ്പ് റിട്ട. സീനിയർ സൂപ്രണ്ട് പൂച്ചിന്താലിൽ ആയ പുതുപ്പറമ്പിൽ പി.ജെ. തോമസ് (83) അന്തരിച്ചു.

## വി.ജെ. തോമസ്

**ഏറ്റുമാനൂർ:** തറമംഗലത്ത് വി.ജെ. തോമസ് (75) അന്തരിച്ചു. ഭാര്യ പേരൂർ വാഴക്കാല മോളി തോമസ്. മക്കൾ: ജി. തോമസ് (ഫ്ളോറിഡ), ടിം. തോമസ് (കാലിഫോർണിയ). മരുമക്കൾ: മിൻസി തടത്തിൽ (മോനിപ്പള്ളി), സിൽജ തോട്ടപ്ലാക്കൽ (എറണാകുളം).

**തൃശൂർ:** തൃശൂർ ദേവമാത സിഎംഐ പബ്ലിക് സ്കൂൾ മുൻ പ്രിൻസിപ്പലും സീനിയർ സെക്കൻഡറി ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റ് അധ്യാപികയുമായ അമല നഗർ വട്ടപറമ്പിൽ കാക്കശേരി വീട്ടിൽ റോസ് പോൾ (ലിൻഡ-58) അന്തരിച്ചു.

## പി.ജെ. തോമസ്

**നെടുമ്പാശേരി:** കാംകോ റിട്ട. ജനറൽ മാനേജർ പുറ്റാമറ്റം പി.ജെ. തോമസ് (80) അന്തരിച്ചു. ഭാര്യ റോസി ചൊറായി കുടക്. മക്കൾ: ലിജു (ബെംഗ്ളൂരു), ലിസി (യുഎസ്), ലിജേഷ് (ഓസ്ട്രേലിയ). മരുമക്കൾ: ബിജു പണ്ടാരക്കളം (ബെംഗ്ളൂരു) സൈനോ തോമസ് പുല്ലാട്ടേൽ (ഏറ്റുമാനൂർ), രമ്യ മഞ്ഞളി (അങ്കമാലി).

**പൂഞ്ഞാർ:** മണിയംകുന്ന് കിഴക്കേത്തോട്ടം കെ.എം. ജോർജിന്റെയും ലിജി ജോർജിന്റെയും മകൾ മറിയ കൊച്ചുവർക്കി (20) അന്തരിച്ചു.

**ചാന്നാനിക്കാട്:** കുന്നത്ത് കെ.യു. ജോസിന്റെ (കുറിച്ചി എവിഎച്ച്എസ് റിട്ട. അധ്യാപകൻ) ഭാര്യ പയറ്റുപാക്ക പുതിയിടത്ത് ശോശാമ്മ ജോസ് (83) അന്തരിച്ചു.

**ഞീഴൂർ:** സെന്റ് ജോസഫ് ഓഫ് ക്ലൂണി സന്യാസ സമൂഹാംഗം സിസ്റ്റർ കോളിറ്റ് (85) സേലം പ്രൊവിഷൻ ഹൗസിൽ അന്തരിച്ചു.

**മങ്കൊമ്പ്:** കളത്തിൽ അഗസ്റ്റിൻ മാത്യു (92) അന്തരിച്ചു.

**കല്ലൂപ്പാറ:** ഐക്കരപ്പടി കാളിയാങ്കവായ മുണ്ടുപാലത്തിങ്കൽ തങ്ങളത്തിൽ ജെയിംസ് മാത്യു (59) അന്തരിച്ചു.

## കെ.പി. രാമകൃഷ്ണൻ നായർ

**മൂവാറ്റുപുഴ:** വാളാനിക്കാട്ട് കെ.പി. രാമകൃഷ്ണൻ നായർ (91) അന്തരിച്ചു. ഭാര്യ: വിമല. മക്കൾ: വിനയൻ (ദൂരദർശൻ), വിനോദ് (യുഎസ്). മരുമക്കൾ: ബീന, ദീപ്തി.

## ഉമ്മൻ ടി. ഉമ്മൻ



**ഹൂസ്റ്റൺ:** ചെന്നിത്തല തൂമ്പാട്ട് വിള ബഥേലിൽ പരേതരായ കെ.ഒ. ഉമ്മന്റെയും ശോശാമ്മയുടെയും മകൻ ഉമ്മൻ ടി. ഉമ്മൻ (70) ഹൂസ്റ്റണിൽ അന്തരിച്ചു. ഭാര്യ ലിസി ഉമ്മൻ കോന്നി വകയാർ കുഴുമുറിയിൽ കുടുംബാംഗമാണ്. മക്കൾ: ജൂലി, ജെനി, ജെമി. സഹോദരങ്ങൾ: പാസ്റ്റർ റ്റി.ഒ. ജേക്കബ്, റ്റി.ഒ. ജെയിംസ്, റ്റി.ഒ. ജോൺസൻ (ഹൂസ്റ്റൺ), ജോളി ജോയ്സ് (ഹൂസ്റ്റൺ), റ്റി.ഒ. സാജൻ (യുഎഇ).

**പാലാ:** സലേഷ്യൻ സഭാംഗം ഫാ. പി.ജെ. ഏബ്രഹാം (90) അന്തരിച്ചു. കവീക്കുന്ന് പനയ്ക്കച്ചാലിൽ പരേതനായ ഔസേപ്പിന്റെ മകനാണ്.

**റോം:** ഡോട്ടേഴ്സ് ഓഫ് സെന്റ് ഫ്രാൻസിസ് ഡിസാലസ് സന്യാസിനീ സമൂഹത്തിന്റെ മുൻ സുപ്പീരിയർ ജനറൽ മദർ കൊറോദ മഞ്ഞാനി (86) ഇറ്റലിയിലെ ലൂഗോയിൽ അന്തരിച്ചു.

**മേവെള്ളൂർ:** എറണാകുളം-അങ്കമാലി അതിരൂപത വൈദികനായ ഫാ. ഫിലിപ്പ് വാഴപ്പറമ്പിൽ (80) അന്തരിച്ചു.

## സി.എം. ജോർജ്

**പൂവരണി:** ഈറ്റത്തോട്ടുകുന്നേൽ സി.എം. ജോർജ് (വർക്കിച്ചൻ-75) അന്തരിച്ചു. ഭാര്യ ചെമ്മലമറ്റം വടക്കേൽ ഏലമ്മ ജോർജ്. മക്കൾ: സജീവ് ജോർജ്, സജിനി ജോബി (യുഎസ്), എബി ജോർജ് (അയർലൻഡ്). മരുമക്കൾ: എലിസബത്ത് കദളിക്കാട്ടിൽ (രാമപുരം), ജോബി തോമസ് പഴയപറമ്പിൽ പൂവരണി (യുഎസ്), സീതു ചെറിയാൻ കിഴക്കേക്കര താഴത്ത് കുടക്കച്ചിറ (അയർലൻഡ്).

**കൊടുങ്ങൂർ:** ചർച്ച് ഓഫ് ഗോഡ് കേരള റീജൻ സീനിയർ ശുശ്രൂഷകൻ കോട്ടയ്ക്കൽ പാസ്റ്റർ കെ.ഡി. മാത്യു (85) അന്തരിച്ചു.

**കുമ്പനാട്:** ഇരവിപേരൂർ സെ. ജോൺസ് എച്ച്എസ് മുൻ അധ്യാപകൻ കുമ്പനാട് ചിറ്റേഴത്ത് വി.എം. ചാക്കോ (93) അന്തരിച്ചു.

## ആനന്ദവല്ലിയമ്മ

**അങ്കമാലി:** പോലീസ് റിട്ട. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് മേനാച്ചേരിൽ എം.ബി. ആനന്ദവല്ലിയമ്മ (80) അന്തരിച്ചു. വാപ്പാലശേരി മേലേത്ത് കുടുംബാംഗമാണ്. ഭർത്താവ് പരേതനായ എം.എം. വർഗീസ്. മക്കൾ: ആശ സുരേഷ് (യുഎസ്), ഡോ. രശ്മി വർഗീസ് (അസി. പ്രഫസർ സെ. സേവ്യേഴ്സ് കോളജ് ആലുവ), മനു വർഗീസ് (സൗദി). മരുമക്കൾ: വി. സുരേഷ് (യുഎസ്), അഡ്വ. എൽദോസ് എം. വർഗീസ് (കൊച്ചി), നിംസി (മൈക്രോ ബയോളജിസ്റ്റ്).

**അതിരമ്പുഴ:** ചെത്തിക്കളം മാത്യു ജോസഫിന്റെ ഭാര്യയും അതിരമ്പുഴ സെ. മേരീസ് ഗേൾസ് ഹൈസ്കൂൾ അധ്യാപികയുമായിരുന്ന കെ.ടി. അന്നമ്മ (അന്നക്കുട്ടി-74) അന്തരിച്ചു.

## ലൂക്കാ ജോസഫ്

**കാഞ്ഞിരമറ്റം:** നാഗമറ്റത്തിൽ ലൂക്കാ ജോസഫ് (കുഞ്ഞേപ്പ്-103) അന്തരിച്ചു. ഭാര്യ: കാഞ്ഞിരമറ്റം പഴേപറമ്പിൽ പരേതയായ മേരി ജോസഫ്. മക്കൾ: പെണ്ണമ്മ തോമസ് കുന്നേലേമുറിയിൽ (യുഎസ്), സിസ്റ്റർ രശ്മി, ചിന്നമ്മ ജെയിംസ്, ഫിലോമിന ജോസഫ്, ലൂക്കോസ് ജോസഫ് (യുകെ), പുഷ്പമ്മ സജി, സജിമോൻ ജോസഫ് (പ്രധാനാദ്ധ്യപകൻ), പരേതരായ റോസമ്മ സെബാസ്റ്റ്യൻ, ജോസ് ജോസഫ്, ലിസി. മരുമക്കൾ: തോമസ് കുന്നേലേമുറിയിൽ (യുഎസ്), പരേതനായ സെബാസ്റ്റ്യൻ ചെരിപുറം കാഞ്ഞിരമറ്റം, ജെയിംസ് തണ്ണിപ്പാറ (കൊഴുവനാൽ), മാത്യു പുല്ലാട്ട് (തീക്കോയി), ഷീല ജോസ് പ്ലാത്തോട്ടം (തിരുവല്ല), ദീപാ ജോസഫ് കളപ്പുര (യുകെ), സജി ഫിലിപ്പ് താഴത്തുകുന്നേൽ (ഏറ്റുമാനൂർ), കൊച്ചുറാണി പുറത്തോലിൽ (അധ്യാപിക, കോതല).

**തിരുവനന്തപുരം:** പ്രശസ്ത പിന്നണിഗായകൻ പരേതനായ കമുകറ പുരുഷോത്തമന്റെ ഭാര്യ തിരുവട്ടാർ കമുകറ ശ്രീഭവനിൽ രമണി പുരുഷോത്തമൻ (88) അന്തരിച്ചു.

**തൃശൂർ:** ശ്രീകേരള വർമ കോളജ് റിട്ട. ഇംഗ്ലീഷ് അദ്ധ്യാപകൻ അയ്യന്തോൾ സിവിൽ ലെയ്ൻ ചുങ്കം ഇറക്കത്ത് കിഴക്കി വീട്ടിൽ പ്രഫ. എം. മോഹൻദാസ് (മോഹൻ ഡി. നായർ -74) അന്തരിച്ചു.

**തൃശൂർ:** ഗവ. എൻജിനീയറിങ് കോളജ് റിട്ട. അദ്ധ്യാപിക പ്രഫ. പി.കെ. രാധാമണി അമ്മ (85) അന്തരിച്ചു.

**കുറുപ്പംപടി:** മധ്യകേരളത്തിലെ ആദ്യകാല കൊമ്പുവാദ്യ കലാകാരൻ നൂലേലി എടയാക്കുടി പുരുഷോത്തമൻ നായർ (ഓടയ്ക്കൽ പുരുഷോത്തമൻ നായർ (96) അന്തരിച്ചു.

**ഏറ്റുമാനൂർ:** കുരീക്കൊമ്പിൽ മത്തായി ദേവസ്യ (85) അന്തരിച്ചു.

## സെബാസ്റ്റ്യൻ മത്തായി

**നീലൂർ:** വെള്ളമരുതുങ്കൽ സെബാസ്റ്റ്യൻ മത്തായി (ദേവസ്യാച്ചൻ-87) അന്തരിച്ചു.ഭാര്യ അന്തിനാട് വെള്ളിയാംകണ്ടത്തിൽ റോസമ്മ. മക്കൾ: മാത്യു, ജോസഫ്, സാബു, ലിസി, ലൈല, ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, മിനി, തോമസ് (യുഎസ്), ഉണ്ണി. മരുമക്കൾ: മേഴ്സി തറയിൽ (പെരുമ്പാവൂർ), എത്സിക്കുട്ടി അമ്പാട്ട്, ലിസി മണക്കാട് (ഇരുവരും പാണ്ടിപ്പാറ), ജോയി കുറ്റിയാനിക്കൽ (ഇരട്ടയാർ), ഏപ്പച്ചൻ പുത്തൻപുരയിൽ (തുടങ്ങനാട്), സണ്ണി നെയിക്കുഴിയിൽ (മങ്കുവ), ജിൻസി പുളിക്കക്കുന്നേൽ ചേർപ്പുങ്കൽ (യുഎസ്), ജിനു തോട്ടപ്പള്ളിയിൽ പെരിങ്ങുളം (ജർമ്മനി).

**പുറ്റടി:** കോട്ടയം ആദം ടവറിൽ പ്രവർത്തിക്കുന്ന ഗോസ്പൽ ഫോർ ദി ഡിസേബിൾ ഇൻ ഇന്ത്യ (ജിഎഫ്ഡിഐ) ചേറ്റുകുഴി ഗ്രേസ് റിഹാബിലിറ്റേഷൻ സെന്റർ എന്നിവയുടെ സ്ഥാപകൻ പാസ്റ്റർ സി.കെ. കുര്യൻ (78) അന്തരിച്ചു.

## അച്ചാമ്മ ചെറിയാൻ



**ഒക്കലഹോമ:** വാഴൂർ കിളിയൻതൊട്ടിയിൽ പരേതനായ പാസ്റ്റർ ടി.സി. ചെറിയാന്റെ ഭാര്യ അച്ചാമ്മ ചെറിയാൻ (88) ഒക്കലഹോമയിൽ അന്തരിച്ചു. തലപ്പാടി കുറ്റിക്കാട്ടു പടിഞ്ഞാറേക്കര കുടുംബാംഗമാണ്. മക്കൾ ചെറിയാൻ കെ. ചെറിയാൻ (രാജൻ (യുഎസ്), പാസ്റ്റർ ജോൺ കെ. ചെറിയാൻ (വാഴൂർ). മരുമക്കൾ: അന്ന ചെറിയാൻ (യുഎസ്), എബിമോൾ ജോൺ (ഇടക്കര).

**ആലുവ:** കാലിക്കറ്റ് സർവകലാശാല സൈക്കോളജി വിഭാഗം റിട്ട. അദ്ധ്യാപകൻ മൊണാസ്ട്രി ലൈൻ പോളച്ചിറക്കൽ പടിഞ്ഞാറേവീട്ടിൽ ഡോ. ഉമ്മൻ തരകൻ (88) അന്തരിച്ചു.

**പാലാ:** റോസ്ഭവൻ ആരാധനാമഠാംഗം സിസ്റ്റർ ഡിക്രൂസ് കുഴുപ്പിമാലിൽ (89) അന്തരിച്ചു.

**കോട്ടയം:** എസ്ബിടി റിട്ട. മാനേജർ അരീപ്പറമ്പ് ശിവശൈലത്തിൽ എൻ. മഹാദേവ അയ്യർ (75) അന്തരിച്ചു.

**തൃശൂർ:** കൊച്ചി രാജകുടുംബത്തിലെ വലിയ തമ്പുരാൻ കേരള വർമ കുഞ്ഞുക്കുട്ടൻ തമ്പുരാൻ (96) അന്തരിച്ചു.

**കൂർക്കഞ്ചേരി:** സംഗീത സംവിധായകൻ ഗോപി സുന്ദറിന്റെ മാതാവ് ചക്കാമഠത്തിൽ ലിവി (65) അന്തരിച്ചു.

## പി.എം. ഉമ്മൻ

**തൃശൂർ:** സതേൺ യൂണിയൻ ഫാർമസ്യൂട്ടിക്കൽസ് റിട്ട. ഉദ്യോഗസ്ഥൻ ചെമ്പൂക്കാവ് ടാഗോർ നഗർ 36-ൽ കുമ്പളാംപൊയ്ക പടിക്കമണ്ണിൽ പി.എം. ഉമ്മൻ (92) അന്തരിച്ചു. ഭാര്യ പരേതയായ കുഞ്ഞുമോൾ. മക്കൾ: മാത്യു ഉമ്മൻ (മുൻ ജോ. ഡയറക്ടർ, കൃഷിവകുപ്പ്), ജീന (യുഎസ്). മരുമക്കൾ: സ്നേഹ മാത്യു (റിട്ട. അദ്ധ്യാപിക), റെനി (യുഎസ്).

## മറിയാമ്മ വർഗീസ്

**ഇടയാറന്മുള:** തുരുത്തിമല അമ്പാട്ട് മറിയാമ്മ വർഗീസ് (94) അന്തരിച്ചു. ഭർത്താവ് പരേതനായ എ.ടി. വർഗീസ്. മക്കൾ: പാസ്റ്റർ എ.വി. ജോസഫ്, പാസ്റ്റർ എ.വി. മാത്യു, എ.വി. അലക്സ് (ഇരുവരും യുഎസ്), ലളിത, എത്സി. മരുമക്കൾ: ആലീസ്, മോളി, ഷീന (ഇരുവരും യുഎസ്), പൊന്നച്ചൻ, പരേതനായ സാമുവൽ.

**കോട്ടയം:** വിജയപുരം രൂപതാ വൈദികൻ ഫാ. ആന്റണി കനകമംഗലം (77) അന്തരിച്ചു.

**സൗത്ത് പാമ്പാടി:** ടൂറിസം വകുപ്പ് റിട്ട. ഡെപ്യൂട്ടി ഡയറക്ടർ മലയമറ്റത്തിൽ എം.സി. വർഗീസ് (കൊച്ചുമോൻ-65) അന്തരിച്ചു.

**കുമ്പനാട്:** ഓമല്ലൂർ പഞ്ചായത്ത് റിട്ട. സെക്രട്ടറി വെള്ളിക്കര മോഡിയിൽ എം.എ. ജെയിംസ് (74) അന്തരിച്ചു.

**ഞീഴൂർ:** നെടുമറ്റത്തിൽ എൻ.എം. ജോർജ് (വക്കച്ചൻ-89) അന്തരിച്ചു.

**ആർപ്പൂക്കര:** പുളിക്കപ്പറമ്പിൽ അച്ചാമ്മ തോമസ് (97) അന്തരിച്ചു.

## ഓമന വർഗീസ്

**ചങ്ങനാശേരി:** വടക്കേക്കര മാവേലിൽ പരേതനായ വി. വർഗീസിന്റെ ഭാര്യ ഓമന വർഗീസ് (75) അന്തരിച്ചു. വടക്കേക്കര പാലാത്ര കുടുംബാംഗമാണ്. മക്കൾ: ബെന്നി വർഗീസ്, ബീന വർഗീസ്, ബിന്ദു റെജി, ബെന്നൻ വർഗീസ് (യുഎസ്). മരുമക്കൾ: സണ്ണി ലോപ്പസ് മുട്ടം, റെജിമോൻ ഫ്രാൻസിസ് പാലയ്ക്കൽ ഇത്തിത്താനം, ലൗലി ആന്റണി പുതുക്കുടിയിൽ, റീന വർഗീസ് പഴൂർ (ആർപ്പൂക്കര).

**പാലാ:** മേരി ഇമ്മാക്കുലേറ്റ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട് (ലീജിയൻ ഹോം പാലാ) അംഗം സിസ്റ്റർ ആനിയമ്മ ജോസഫ് (85) അന്തരിച്ചു.

**അയ്മനം:** വനം വകുപ്പ് റിട്ട ഉദ്യോഗസ്ഥൻ പൂന്ത്രക്കാവ് കളപ്പുരയ്ക്കൽ പി.എ. സുകുമാരൻ (91) അന്തരിച്ചു.

**പാമ്പാടി:** കരിങ്ങണാമറ്റം പരേതനായ സുബേദാർ കെ.കെ. കുര്യന്റെ ഭാര്യ ഏലിയാമ്മ കുര്യൻ (കുഞ്ഞൂഞ്ഞമ്മ-93) അന്തരിച്ചു.

**ചേർപ്പുങ്കൽ:** അമ്പാട്ട് ബെന്നിയുടെ ഭാര്യ സലോമി ബെന്നി (51) അന്തരിച്ചു.

## മേരിക്കുട്ടി ജോസഫ്

**എടത്വ:** മരിയാപുരം മേരിക്കുട്ടി ജോസഫ് (92) അന്തരിച്ചു. തായങ്കരി മാടപ്പുരയ്ക്കൽ കുടുംബാംഗമാണ്. ഭർത്താവ്: പരേതനായ ഗ്രിഗറി ജോസഫ്. മക്കൾ: ലീലാമ്മ, രാജു (വിമുക്ത ഭടൻ), കുഞ്ഞുമോൾ, എൽസമ്മ, ജോസ്മോൻ (യുഎസ്), മിനിമോൾ (യുകെ). മരുമക്കൾ: വക്കച്ചൻ കല്ലുത്ര, ലിസമ്മ മൂഴൂർ പത്തിനഞ്ചിൽ (ഇരുവരും ചമ്പക്കുളം), ചാക്കപ്പൻ കുരീത്ര (പുളിങ്കുന്ന്), മിൻസി കറുകയിൽ പച്ച (യുഎസ്), തോമസുകുട്ടി മേനോൻവീട് കരുമാടി (യുകെ), പരേതനായ ജോസ് കോടുകുളഞ്ഞി (തിരുവല്ല).

## ഏലിയാമ്മ വർഗീസ്



**ന്യൂയോർക്ക്:** ചെങ്ങന്നൂർ പുത്തൻകാവ് മാങ്കൂട്ടത്തിൽ പരേതനായ വർഗീസ് ഈപ്പന്റെ ഭാര്യ ഏലിയാമ്മ വർഗീസ് (എൽസി-84) ന്യൂയോർക്കിൽ അന്തരിച്ചു. ആറന്മുള തറയിൽ കുടുംബാംഗമാണ്. മക്കൾ: അനിത, അനീഷ്.

**മേലുകാവുമറ്റം:** പാലാ തിരുഹൃദയ മഠാംഗം സിസ്റ്റർ തോമസ് അകിനാസ് കല്ലറയ്ക്കൽ (89) അന്തരിച്ചു.

**തിരുവല്ല:** ഇരുവള്ളിപ്ര കരിമ്പിൻകാലയിൽ ഈശോ വർഗീസ് (മോനിച്ചൻ-78) അന്തരിച്ചു.

**കുറുപ്പന്തറ:** എടാട്ടുകാലായിൽ കളരിയ്ക്കൽ ഏബ്രഹാം കെ. ജോൺ (65) അന്തരിച്ചു.

## റോസമ്മ ജോസഫ്

**കൂത്താട്ടുകുളം:** കുറവിലങ്ങാട് വാടകനാൽ റോസമ്മ ജോസഫ്(88) അന്തരിച്ചു. ഭർത്താവ് പരേതനായ ജോസഫ്. മക്കൾ: മോളി (മുംബൈ), ഗ്രേസമ്മ (യുഎസ്), ആനി, പരേതനായ ജോഷി. മരുമക്കൾ: സുധ, വില്ലി, ജോണി, ജോസ്.

**കൈനടി:** തൈപ്പറമ്പ് വീട്ടിൽ സരോജിനി നാരായണൻ (93) അന്തരിച്ചു.

**ചങ്ങനാശേരി:** കുന്നേൽ പുതുപ്പറമ്പിൽ വി.എസ്. ഹനീഫ് (78) അന്തരിച്ചു.

**തെള്ളകം:** വലിയകാഞ്ഞിരത്തിങ്കൽ മേരി (89) അന്തരിച്ചു.

**നീറിക്കാട്:** കളപ്പുരയ്ക്കൽ തടത്തേൽ തോമസ് രാജന്റെ ഭാര്യ (കെസിഡബ്ല്യുഎ കോട്ടയം അതിരൂപതാ മുൻ സെക്രട്ടറി) ബീന രാജൻ (68) അന്തരിച്ചു.

**അതിരമ്പുഴ:** മുണ്ടകപ്പാടം കൊച്ചുകാട്ടൽ മാത്യു ദേവസ്യ (74) അന്തരിച്ചു.

## COMMERCIAL BUILDING FOR SALE AT KURAVILANGAD, KOTTAYAM

കുറവിലങ്ങാട് ജംഗ്ഷനിൽ M.C Road സൈഡിൽ 30 സെന്റ് സ്ഥലത്തോട് കൂടി 3 നിലയിലുള്ള commercial building (Aprx. 10,000 ചതുരശ്ര അടി) വില്പനയ്ക്ക്. NRI-കാർക്ക് മുൻഗണന. Owners retiring! Great investment opportunity! Mostly rented by banks!

**Serious buyers please contact**

**(USA) 1 (407) 312 9926 OR 1908 764 0342 OR**

**E-mail: medqis@gmail.com**

## LOOKING FOR LIVE-IN CAREGIVER IN DETROIT

Looking for a female caregiver for an 84 year old woman. (Preferably Malayalam speaking) in Detroit to assist with her daily activities. If you are interested,

**please contact**

**Joji Varughese 586-610-9932**

**for more information.**

## LAND FOR SALE

**ARUNOOTTIMANGALAM, 5KM NORTH OF KADUTHURUTHY, KOTTAYAM DISTRICT**

1.8 acres near st. joseph's church, facing main rd. ( 270ft), back borders old paddy field so well water available.

**Contact:** USA- **630-209-5535,**
KERALA- **9447572102**

## HOUSING PLOTS FOR SALE AT MONIPPALLY

മോനിപ്പള്ളി-ഇലഞ്ഞി റൂട്ടിൽ കല്ലിടുക്കി കവലയ്ക്കു സമീപം മെയിൻ റോഡിൽ നിന്നും 30 മീറ്റർ അകത്തായി പഞ്ചായത്ത് റോഡിന്റെ സൈഡിൽ 70 സെന്റും 54 സെന്റും ഉള്ള രണ്ട് പ്ലോട്ടുകൾ വില്പനയ്ക്ക്.

**Whatsapp +1 630 903 7680**

Two residential plots of 70 cents and 54 cents at Monippally (just 30 Mtrs from Monippally-Elanji Road and on the side of Panchayat Rd) for immediate sale. Serious buyers please contact

**Cell/Whatsapp +1 630 903 7680**

### Favors Received



*Inserted by: Firm Believer, Houston*

### Favors Received



*Inserted by: Firm Believer, Houston*

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Boston*

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Boston*

### Favors Received



*Inserted by: Firm Believer, New York*

### Favors Received



*Inserted by: Firm Believer, New York*

### Favors Received



*Inserted by: Firm Believer, Chicago*

### Favors Received



*Inserted by: Firm Believer, Chicago*

**Visit Our Website: www.keralaexpress.com for Classified Advt.**

## സാമ്പത്തിക സർവേയിൽ കേരളത്തിനു പ്രശംസ

ന്യൂഡൽഹി: സാമ്പത്തിക സർവേയിൽ കേരളത്തിനു പ്രശംസ. മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വ്യവസായങ്ങൾ കുറവാണെങ്കിലും വ്യവസായ വളർച്ചയുടെ പകുതിയോളം സംഭാവന ചെയ്യുന്ന നിർമാണ രംഗത്ത് കേരളത്തിന്റെ പ്രവർത്തനം മികച്ചതാണ്. കണ്ടൽ സംരക്ഷണത്തെയും പ്രത്യേകം പ്രശംസിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിലെ ഇരട്ടയാർ ഗ്രാമപഞ്ചായത്തിലെ ഹരിതകർമസേനയുടെ പ്രവർത്തനങ്ങളെ റിപ്പോർട്ടിൽ പ്രശംസിച്ചിട്ടുണ്ട്. കാർഷിക സുസ്ഥിരതയിലും കേരളം മുന്നിലാണ്. സ്വയം സഹായ സംഘങ്ങൾക്കു കൃഷിചെയ്യുന്നതിനായി ഭൂമി പാട്ടത്തിനു നൽകുന്ന സംവിധാനം മികച്ചതാണ്. സേവനമേഖലയിൽ മുൻനിരയിൽ നിൽക്കുന്ന സംസ്ഥാനങ്ങളുടെ കൂട്ടത്തിലും കേരളത്തെ പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. വാണിജ്യ, ധനകാര്യ, റിയൽ എസ്റ്റേറ്റ് മേഖലകളിലും കേരളം മുന്നിൽത്തന്നെ. ജൻ ഔഷധി പദ്ധതിയിലും കേരളത്തിനു നേട്ടം കൈവരിച്ചതായി സർവേയിൽ പറയുന്നു.

## ഗുജറാത്ത് കലാപത്തിന്റെ ഇര സാകിയ ജാഫ്രി അന്തരിച്ചു

അഹമ്മദാബാദ്: 2002-ലെ ഗുജറാത്ത് കലാപത്തിനിടെ കൊല്ലപ്പെട്ട മുൻ കോൺഗ്രസ് എംപി എഹ്സാൻ ജാഫ്രിയുടെ ഭാര്യസാകിയ ജാഫ്രി (86) അന്തരിച്ചു. ഗുജറാത്ത് കലാപത്തിൽ കൊല്ലപ്പെട്ടവർക്ക് നീതി ഉറപ്പാക്കാനുള്ള പോരാട്ടത്തിൽ സാകിയ ജാഫ്രി മുൻനിരയിലുണ്ടായിരുന്നു.



ഗോധ്രാനന്തര കലാപത്തിനിടെ മുസ്‌ലിം ഭൂരിപക്ഷ മേഖലയായഗുൽബർഗ് സൊസൈറ്റിയിലാണ് എഹിസാൻ ജാഫ്രി അടക്കം 69 പേർ കൊല്ലപ്പെട്ടത്. 2002 ഫെബ്രുവരിയിൽ ഗോധ്രയിൽ വെച്ച് സബർമതി എക്സ്പ്രസിന് ഒരുസംഘം ആളുകൾ തീവെച്ചതിനെത്തുടർന്ന് 59 കർസേവകർ കൊല്ലപ്പെട്ടു. ഇതേത്തുടർന്ന് ഗുജറാത്തിൽ കലാപം കത്തിപ്പടരുകയായിരുന്നു. ഗോധ്രാനന്തര കലാപത്തിലെ വൻ ഗൂഢാലോചനയും ഉദ്യോഗസ്ഥരുടെ അനാസ്ഥയും പോലീസിന്റെ വീഴ്ചയും ചൂണ്ടിക്കാണിച്ചാണ് സാകിയ സുപ്രീം കോടതിയെ സമീപിച്ചത്. അന്ന് ഗുജറാത്തിൽ മുഖ്യമന്ത്രിയായിരുന്ന നരേന്ദ്ര മോദിക്കെതിരെ കുറ്റപത്രം സമർപ്പിക്കണമെന്നും സാകിയ ആവശ്യപ്പെട്ടിരുന്നു.

എന്നാൽ സാകിയയുടെ പരാതി തള്ളിയ കോടതി എസ്ഐടിയുടെ അന്തിമ റിപ്പോർട്ട് സ്വീകരിച്ചു. ഇതിനെതിരെ സാകിയ ഗുജറാത്ത് ഹൈക്കോടതിയെ സമീപിച്ചെങ്കിലും ഹർജി തള്ളി.

തുടർന്ന് സാകിയ സുപ്രീം കോടതിയെ സമീപിച്ചെങ്കിലും 2022-ൽ എസ്ഐടി റിപ്പോർട്ട് സുപ്രീംകോടതി അംഗീകരിക്കുകയാണുണ്ടായത്.

1969-ലെ അഹമ്മദാബാദ് കലാപകാലത്തും സാകിയയുടെ വീടിനു നേർക്ക് ആക്രമണമുണ്ടായിരുന്നു. കലാപകാരികൾ വീട് കൊള്ളയടിക്കുകയും തീവെക്കുകയും ചെയ്തു. കലാപത്തിൽ 700 പേരാണ് കൊല്ലപ്പെട്ടത്.

## മാവോയിസ്റ്റ് രവിയും ലക്ഷ്മിയും കീഴടങ്ങി

കണ്ണൂർ: ഒളിവിലായിരുന്ന മാവോയിസ്റ്റ് നേതാക്കളായ കോട്ടഹോണ്ട രവിയും ലക്ഷ്മിയും കർണാടകയിൽ സർക്കാരിനു മുന്നിൽ കീഴടങ്ങി. ഫോറം ഫോർ പീസ് അംഗങ്ങൾക്കൊപ്പം ചിക്കമംഗളൂർ ജില്ലാ പോലീസ് സൂപ്രണ്ട് ഓഫീസിലെത്തി. രവീന്ദ്ര ജില്ലാ ഡെപ്യൂട്ടി കമ്മീഷണർ സി.എൻ. മീന നാഗരാജിന്റെ സാന്നിദ്ധ്യത്തിൽ ഇവർ കീഴടങ്ങുകയായിരുന്നു.

കേരളത്തിലും രവിക്കെതിരായ കേസുകൾ നിലവിലുണ്ട്. കർണാടകയിൽ മാത്രം രവിക്കെതിരെ 14-ഓളം കേസുകളാണുണ്ടായിരുന്നത്. പുനരധിവാസ പാക്കേജ് അനുസരിച്ച് ഏഴു ലക്ഷം രൂപയാണ് രവിക്ക് ലഭിക്കുക.

ഉഡുപ്പിയിൽ മറ്റൊരു മാവോയിസ്റ്റ് ലക്ഷ്മിയാണ് കീഴടങ്ങിയത്. കർണാടകയിൽ മൂന്നോളം കേസുകളാണ് ലക്ഷ്മിക്കെതിരെയുള്ളത്. കേരളത്തിൽ ഇവരുടെ പേരിൽ കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല. ആന്ധ്ര കേന്ദ്രീകരിച്ചായിരുന്നു ലക്ഷ്മി പ്രവർത്തിച്ചിരുന്നത്.

## കാരിത്താസ് ആശുപത്രിക്ക് ദേശീയ പുരസ്കാരങ്ങൾ

കോട്ടയം: മൂന്ന് ദേശീയ പുരസ്കാരങ്ങൾ കരസ്ഥമാക്കി കാരിത്താസ് ആശുപത്രി ആതുര ചികിത്സാ മേഖലയിൽ മുന്നേറ്റം തുടരുന്നു. ഡിജിറ്റൽ ഹെൽത്ത്, ഹോസ്പിറ്റൽ ഓപ്പറേഷൻസ് (നോൺ ക്ലിനിക്കൽ), എമർജൻസി സർവീസസ് എന്നീ മേഖലകളിലാണ് കാരിത്താസ് ആശുപത്രി പുരസ്കാരങ്ങൾ നേടിയത്. ഒരേസമയം വിവിധ മേഖലകളിൽ മൂന്നു പുരസ്കാരങ്ങൾ ലഭിക്കുന്ന ഇന്ത്യയിലെ ആദ്യത്തെ ആശുപത്രിയായി കാരിത്താസ് ആശുപത്രി മാറപ്പെട്ടു. അസോസിയേഷൻ ഓഫ് ഹെൽത്ത് കെയർ പ്രൊവൈഡേഴ്സ് (ഇന്ത്യ)യുടെ നേതൃത്വത്തിൽ രാജ്യത്താകമാനമുള്ള ആശുപത്രികളിൽ നിന്ന് മികച്ച പ്രവർത്തനങ്ങൾ നടത്തുന്ന ആശുപത്രികളാണ് ഈ പുരസ്കാരത്തിന് അർഹമാകുന്നത്. ആരോഗ്യപൂർണ്ണമായ ഒരു ഇന്ത്യയെ നിർമ്മിച്ചെടുക്കുന്നതിനായി താഴെത്തട്ടിലുള്ള കമ്യൂണിറ്റികളുടെയും വ്യക്തികളുടെയും ആരോഗ്യം മെച്ചപ്പെടുത്തുന്നതിനായി പ്രവർത്തിക്കുന്ന സംഘടനയാണ് അസോസിയേഷൻ ഓഫ് ഹെൽത്ത് കെയർ പ്രൊവൈഡേഴ്സ്.

ഇന്ത്യയിലാകമാനമുള്ള ഏകദേശം 20,000 ആശുപത്രികളെ പ്രതിനിധീകരിക്കുന്ന സംഘടനയാണ് ഇത്. സാധാരണക്കാരുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനും ആരോഗ്യപൂർണ്ണമായ ഇന്ത്യ കെട്ടിപ്പടുക്കുന്നതിനും സർക്കാരുമായും സമൂഹവുമായും സഹകരിച്ചു പ്രവർത്തിക്കുന്നതിനും ആരോഗ്യ സംരക്ഷണ ദാതാക്കളുടെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും വേണ്ടിയാണ് ഇത്തരം പുരസ്കാരങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നത്. ഓരോ ആശുപത്രിയുടെയും വികസനത്തിനും രോഗീപരിചരണത്തിനും ഊന്നൽ നല്കിക്കൊണ്ടുള്ള പരിശ്രമങ്ങൾക്കാണ് പ്രാധാന്യം നല്കേണ്ടതെന്ന് അസോസിയേഷൻ ഓഫ് ഹെൽത്ത് കെയർ പ്രൊവൈഡേഴ്സ് ഇൻ ഇന്ത്യ (എഎച്ച്പിഐ) കരുതുന്നതായി എഎച്ച്പിഐ കേരള ചാപ്റ്റർ പ്രസിഡണ്ട് ഡോ. എം.ഐ സഹദുള്ള അഭിപ്രായപ്പെട്ടു. ദേശീയ ആരോഗ്യ മേഖലയിൽ കാരിത്താസ് ആശുപത്രിയുടെ പങ്ക് വിളിച്ചോതുന്ന അവസരമായി ഇതു മാറപ്പെട്ടു എന്ന് ആശുപത്രിയുടെ ഡയറക്ടർ ഫാ. ബിനു കുന്നത്ത് അഭിപ്രായപ്പെട്ടു.

പുരസ്കാരദാന ചടങ്ങിൽ അസോസിയേഷൻ ഓഫ് ഹെൽത്ത് കെയർ പ്രൊവൈഡേഴ്സ് ഇൻ ഇന്ത്യ രക്ഷാധികാരി ഡോ. അലക്സാണ്ടർ തോമസ്, ഡയറക്ടർ ജനറൽ ഡോ. ഗിരിധർ ഗനി, എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജോൺസൺ വാഴപ്പിള്ളി, ലോക്നാഥ് ബെഹ്റ ഐപിഎസ് (റിട്ട.), ചലച്ചിത്രതാരം ലക്ഷ്മി ഗോപാലസ്വാമി എന്നിവർ സന്നിഹിതരായിരുന്നു.




പുരസ്കാരദാന വേദിയിൽ അസോസിയേഷൻ ഓഫ് ഹെൽത്ത് കെയർ പ്രൊവൈഡേഴ്സ് ഇൻ ഇന്ത്യ രക്ഷാധികാരി ഡോ. അലക്സാണ്ടർ തോമസ്, റിട്ട. ഡിജിപി ലോക്നാഥ് ബെഹ്റ ഐപിഎസ്, ചലച്ചിത്രതാരം ലക്ഷ്മി ഗോപാലസ്വാമിയും ചേർന്ന് ആശുപത്രി ജോയിന്റ് ഡയറക്ടർമാരായ ഫാ. സ്റ്റീഫൻ തേവർപറമ്പിലിനും, ഫാ. ജിസ്മോൻ മാത്തിലിനും ചീഫ് ഓപ്പറേറ്റിങ് ഓഫീസർ ഡോ. അജിത്ത് വേണുഗോപാലിനും പുരസ്കാരം സമ്മാനിക്കുന്നു. ഡയറക്ടർ ജനറൽ ഡോ. ഗിരിധർ ഗനി, എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജോൺസൺ വാഴപ്പിള്ളി എന്നിവർ സമീപം.

## അന്വേഷണത്തിന് വിജിലൻസ്

(ഒന്നാം പേജിൽ നിന്നും)

ചീഫ് കസ്റ്റംസ് കമ്മീഷണർ മനോജ് കെ. അറോറ, സംസ്ഥാന പോലീസ് മേധാവിക്ക് കത്ത് നൽകിയിരുന്നു. കരിപ്പൂർ വിമാനത്താവളം വഴിയുള്ള സ്വർണക്കടത്ത് കേസുമായി ബന്ധപ്പെട്ട് കോഴിക്കോട് കസ്റ്റംസ് സൂപ്രണ്ട് സന്ദീപ് നെയിന്റെ ക്വാർട്ടേഴ്സിൽ നടന്ന വിജിലൻസ് റെയ്ഡാണ് കസ്റ്റംസിനെ പ്രകോപിപ്പിക്കുന്നത്.

കേന്ദ്ര സർക്കാർ ജീവനക്കാരുടെ അഴിമതി കേരളത്തിൽ കൂടുതലാണെന്ന് സർക്കാർ വിലയിരുത്തിയിരുന്നു. ഇതേത്തുടർന്നാണ് കേന്ദ്ര സർക്കാർ ജീവനക്കാരെയും വിജിലൻസിന്റെ നിരീക്ഷണത്തിലാക്കിയത്. കൊച്ചിയിൽ നിന്നു കേന്ദ്ര തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥനെ കൈയോടെ പിടികൂടുകയും ചെയ്തു. കസ്റ്റംസ് ചീഫ് കമ്മീഷണറുടെ കത്ത് സർക്കാരിന്റെ ശ്രദ്ധയിലും വന്നെങ്കിലും നടപടിയുമായി മുമ്പോട്ട് പോകാനാണു വിജിലൻസിന് സർക്കാർ നൽകുന്ന നിർദേശം. അഴിമതിക്കാരായ കേന്ദ്ര ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടിയെടുക്കാൻ വിജിലൻസ് ഡയറക്ടർ യോഗേഷ് ഗുപ്തയും നിർദേശിച്ചു.

ജനുവരി 18-നാണ് കോഴിക്കോട് കസ്റ്റംസ് സൂപ്രണ്ട് സന്ദീപ് നെയിന്റെ ക്വാർട്ടേഴ്സിൽ വിജിലൻസ് റെയ്ഡ് നടന്നത്. പത്ത് വിജിലൻസ് ഉദ്യോഗസ്ഥർ രാവിലെ ഏഴു മുതൽ വൈകിട്ട് നാലുവരെ ക്വാർട്ടേഴ്സ് റെയ്ഡ് ചെയ്തു. കരിപ്പൂർ വിമാനത്താവളം വഴിയുള്ള സ്വർണക്കടത്ത് കേസുമായി ബന്ധപ്പെട്ടായിരുന്നു പരിശോധന. ഉദ്യോഗസ്ഥന്റെ ഇലക്ട്രോണിക് ഉപകരണങ്ങളടക്കം കൊണ്ടുപോയെന്നും തിരിച്ചു നൽകിയിട്ടില്ലെന്നും ആരോപണമുണ്ട്. അതേസമയം, നിലപാടിൽ ഉറച്ചു നിൽക്കുകയാണ് വിജിലൻസ്.

കേന്ദ്ര സർക്കാർ ജീവനക്കാരുടെ വീടുകളിലെ പരിശോധന നിയമം പാലിച്ചാണെന്നും അത് തുടരുമെന്നും വിജിലൻസ് വ്യക്തമാക്കി. കോടതിയുടെ അനുമതിയോടെയാണ് പരിശോധന നടത്തിയത്. നിയമപ്രകാരം അന്വേഷണ ഉദ്യോഗസ്ഥന് ഏതുസ്ഥലത്തും പരിശോധിക്കാമെന്ന് വിജിലൻസ് വ്യക്തമാക്കി.

## യുവതി ഭർതൃവീട്ടിൽ മരിച്ച സംഭവത്തിൽ ഭർത്താവ് അറസ്റ്റിൽ

മഞ്ചേരി: യുവതിയെ വീട്ടിൽ മരിച്ച നിലയിൽ കണ്ടെത്തിയ സംഭവത്തിൽ ഭർത്താവ് അറസ്റ്റിൽ. മഞ്ചേരി ഗവ. മെഡിക്കൽ കോളജ് ആശുപത്രിയിലെ സ്റ്റാഫ് നേഴ്സും



പ്രബിന്റെയും വിഷ്ണുജയുടെയും വിവാഹചിത്രം

എളങ്കൂർ പേലേപ്പുറം സ്വദേശിയുമായ കാപ്പിൽത്തൊടി പ്രബിനെ (32) യാണു പോലീസ് അറസ്റ്റ് ചെയ്തത്.

ഈയിടെ ഇയാളെ കസ്റ്റഡിയിലെടുത്തിരുന്നു. ഫെബ്രുവരി രണ്ടിന് ഉച്ചയോടെ അറസ്റ്റ് രേഖപ്പെടുത്തുകയായിരുന്നു. ഗാർഹിക പീഡനം, ആത്മഹത്യാ പ്രേരണ കുറ്റം എന്നീ വകുപ്പുകൾ ചുമത്തിയാണ് കേസ്. പൂക്കോട്ടുപാടം മാനിയിൽ പാലൊലി വാസുദേവന്റെ മകൾ വിഷ്ണുജ (26) ആണ് മരിച്ചത്. ഭർതൃവീട്ടിൽ വിഷ്ണുജ കടുത്ത മാനസിക പീഡനം അനുഭവിച്ചിരുന്നതായും വിവാഹം കഴിഞ്ഞ് ആഴ്ചകൾക്കകം ജോലിയില്ലാത്തതിന്റെ പേരിലും സൗന്ദര്യം കുറവാണെന്നും പറഞ്ഞ് പ്രബിൻ പീഡനം തുടങ്ങിയെന്നാണ് അവരുടെ കുടുംബം പറയുന്നത്. സംഭവത്തിൽ പ്രബിന്റെ ബന്ധുക്കളെ പോലീസ് സ്റ്റേഷനിലേക്ക് വിളിച്ചുവരുത്തി മൊഴിയെടുത്തിരുന്നു. ജനുവരി 30-ന് വൈകിട്ട് 5.30-ന് ആണ് വിഷ്ണുജ മരിച്ച വിവരം ബന്ധുക്കൾ അറിയുന്നത്. ഭർതൃവീട്ടിലെ കിടപ്പുമുറിയിലെ ജനലിൽ തൂങ്ങിമരിച്ച നിലയിലായിരുന്നു. 2023 മേയിലായിരുന്നു ഇരുവരുടെയും വിവാഹം. ബിരുദ പഠനത്തിന് ശേഷം എച്ച്ഡിസി കോഴ്സ് പൂർത്തിയാക്കി ബാങ്കിങ് പരീക്ഷയ്ക്ക് തയാറെടുക്കുകയായിരുന്നു. മലപ്പുറം ഡിവൈഎസ്പി ടി.എസ്. സിനോജിനാണ് അന്വേഷണ ചുമതല.

### ശബരി എയർപോർട്ട്:
# സാമൂഹികാഘാത റിപ്പോർട്ടിന് വിദഗ്ധസമിതിയുടെ അംഗീകാരം

കോട്ടയം: എരുമേലിയിൽ ശബരി എയർപോർട്ട് നിർമാണത്തിനു മുന്നോടിയായി തൃക്കാക്കര ഭാരത് മാതാ കോളജ് സോഷ്യൽ വർക്സ് വിഭാഗം തയാറാക്കി സർക്കാരിനു സമർപ്പിച്ച സാമൂഹികാഘാത പഠന റിപ്പോർട്ടിന് സർക്കാർ നിയോഗിച്ച വിദഗ്ധസമിതിയുടെ അംഗീകാരം.

പദ്ധതി വരുമ്പോൾ വീടും കിടപ്പാടവും നഷ്ടപ്പെടുന്നവരുടെ പുനരധിവാസ നടപടികൾ ഉടൻ ആരംഭിക്കണമെന്ന് സാമൂഹികനീതി വകുപ്പ് മുൻ അഡീഷണൽ ഡയറക്ടർ പ്രതാപൻ ചെയർമാനായ സമിതി നിർദേശിച്ചു. ശബരി എയർപോർട്ട് കേരളത്തിന്റെ സാമ്പത്തിക, സാമൂഹിക മുന്നേറ്റത്തിന് ഏറെ നേട്ടം ചെയ്യുമെന്നും സമിതി അഭിപ്രായപ്പെട്ടു.

എയർപോർട്ടിന് ഏറ്റെടുക്കുന്ന ചെറുവള്ളി എസ്റ്റേറ്റിൽ ജോലിയും വരുമാനവും നഷ്ടമാകുന്ന തൊഴിലാളികളുടെ പുനരധിവാസത്തിന് പ്രത്യേകം പാക്കേജ് നടപ്പാക്കണം. നാലും അഞ്ചും തലമുറകളായി എസ്റ്റേറ്റിൽ ടാപ്പിംഗും മറ്റ് ജോലികളും ചെയ്തുവരുന്ന തൊഴിലാളികളെ മറ്റിടങ്ങളിലേക്ക് മാറ്റുമ്പോൾ ജീവിതം ക്ലേശകരമാകാനിടയുണ്ട്. തൊഴിൽ തർക്കത്തെത്തുടർന്ന് എസ്റ്റേറ്റ് ജോലിയിൽനിന്ന് മാറ്റിനിർത്തിയവരെയും പാക്കേജ് പരിധിയിൽ ഉൾപ്പെടുത്തണം.

നിലവിൽ തൊഴിലാളികൾക്ക് മാസം ആറായിരം രൂപവരെ ചികിത്സാ സഹായം അനുവദിക്കുന്നത് എസ്റ്റേറ്റ് ഏറ്റെടുത്ത് തൊഴിലാളികൾ പുറത്തുപോയാലും തുടരുംവിധം പരിഷ്കരിച്ച നഷ്ടപരിഹാര പാക്കേജാണ് തയാറാക്കേണ്ടത്. സ്ഥലം ഏറ്റെടുക്കുമ്പോൾ പുതിയ സ്കൂളും വേണ്ടത്ര സ്ഥലവും പകരം നൽകണമെന്ന കാരിത്തോട് നോയൽ എൽപി സ്കൂളിന്റെ അഭ്യർഥനയും പരിഗണിക്കണം.

ആരാധനാകേന്ദ്രങ്ങൾ പൊളിച്ചുമാറ്റേണ്ടതിനാൽ പകരം സംവിധാനം ആരായണം. ജോലിയും വരുമാനവും നഷ്ടമാകുന്നവർക്ക് എയർപോർട്ട് നിർമാണത്തിലും തുടർന്നും ജോലി നൽകുന്നതിൽ മുൻഗണന നൽകണമെന്നും വിദഗ്ധ സമിതി നിർദേശിച്ചു. ചെറുവള്ളി എസ്റ്റേറ്റിലെ താമസക്കാരായ 238 കുടുംബങ്ങൾക്കും സ്ഥലം വിട്ടുകൊടുക്കേണ്ടിവരുന്ന 352 കുടുംബങ്ങൾക്കും പുനരധിവാസം വേണ്ടിവരുമെന്നാണ് സാമൂഹികാഘാത പഠന റിപ്പോർട്ട് വിശദമാക്കുന്നത്. ഏഴ് ആരാധനാലയങ്ങളും രണ്ട് സ്കൂളുകളും ഒരു ആശുപത്രിയും ഒരു റേഷൻ കടയും ഒരു ലേബർ ഓഫീസും പദ്ധതിയുടെ പരിധിയിൽ വരും.

ആഘാത പരിധിയിൽ ഉൾപ്പെടുത്താതെ വന്ന കരിമ്പിൻതോട്, മണിമല പ്രദേശവാസികളുടെ ആകുലതകൾക്കും പരിഹാരമുണ്ടാകണം. അടുത്ത ഘട്ടമായി 2013-ലെ സർക്കാർ മാനദണ്ഡം അടിസ്ഥാനമാക്കി സ്ഥലം ഏറ്റെടുക്കൽ, നഷ്ടപരിഹാരം, പുനരധിവാസം സംബന്ധിച്ച പുതിയ നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കും.

# ഒഡീഷയിലെ ദാരിങ്ബാഡിക്കാർക്ക് കേരളം 'ഗൾഫ്'

കൊച്ചി: ഒഡീഷയിലെ കാന്ധമാൽ ജില്ലയിലെ ദാരിങ്ബാഡി ഉറ്റുനോക്കുന്നത് കേരളത്തിലേക്കാണ്. ദാരിങ്ബാഡി ബ്ലോക്കിലെ കുടിയേറ്റത്തൊഴിലാളികളിൽ 58 ശതമാനംപേരും ജോലിചെയ്യുന്നത് കേരളത്തിൽ.

മികച്ച വേതനവും തൊഴിലവസരങ്ങളുമാണ് കേരളത്തിലേക്കുള്ള തൊഴിൽകുടിയേറ്റം കൂടാൻ കാരണം. കുടിയേറ്റത്തൊഴിലാളികളിൽനിന്നായി ഒരു വർഷം 35 കോടി രൂപയോളം ദാരിങ്ബാഡിയിലേക്ക് എത്തുന്നുണ്ടെന്നാണ് കണക്ക്.

ഗ്രാമ വികാസ് എന്ന സംഘടനയും അന്യസംസ്ഥാന തൊഴിലാളികൾക്കിടയിൽ പ്രവർത്തിക്കുന്ന സെന്റർ ഫോർ മൈഗ്രേഷൻ ആൻഡ് ഇൻക്ലൂസീവ് ഡവലപ്മെന്റും (സിഎംഐഡി) ചേർന്നാണ് പഠനം നടത്തിയത്.

ദാരിങ്ബാഡിയിൽ ഒരു കുടുംബത്തിന്റെ മാസവരുമാനം ശരാശരി 3000 രൂപ മാത്രമാണ്. അതേസമയം, ഒരു കുടിയേറ്റ തൊഴിലാളിക്ക് ശരാശരി 10750 രൂപ മാസവരുമാനം ലഭിക്കുന്നുണ്ടെന്ന് സിഎംഐഡി എക്സിക്യൂട്ടീവ് ഡയറക്ടർ ബിനോയ് പീറ്റർ ചൂണ്ടിക്കാട്ടുന്നു.

നിർമാണത്തൊഴിൽ, ഹോട്ടലുകളിലും കടകളിലുമുള്ള ജോലികൾ എന്നിവയാണ് ഭൂരിഭാഗം പേരും ചെയ്യുന്നത്.

# ബഹിരാകാശ നടത്തത്തിൽ സുനിതയ്ക്കു റിക്കാർഡ്

ഹൂസ്റ്റൺ: നാസയുടെ ഇന്ത്യൻ വംശജയായ ബഹിരാകാശ സഞ്ചാരി സുനിത വില്യംസ് ബഹിരാകാശ നടത്തത്തിൽ റിക്കാർഡ് കുറിച്ചു. ജനുവരി 30-ന് സഹസഞ്ചാരി ബുച്ച് വിൽമറിനൊപ്പം സുനിത 5.5 മണിക്കൂർ ബഹിരാകാശത്തു ചെലവഴിച്ചു.

സുനിതയുടെ ഒമ്പതാം ബഹിരാകാശ നടത്തമായിരുന്നു ഇത്. ഒമ്പത് നടത്തത്തിലുമായി 62 മണിക്കൂർ ആറു മിനിറ്റ് അവർ ബഹിരാകാശത്തു ചെലവഴിച്ചിട്ടുണ്ട്. ഇതോടെ ഏറ്റവും കൂടുതൽ സമയം ബഹിരാകാശനടത്തം ചെയ്തവരിൽ നാലാം സ്ഥാനത്തായി സുനിത.



അന്താരാഷ്ട്ര ബഹിരാകാശ സ്റ്റേഷനിലെ റേഡിയോ ആന്റിനയുടെ അറ്റകുറ്റപ്പണിക്കായിട്ടായിരുന്നു സുനിതയും ബുച്ച് വിൽമറും 30-ന് ബഹിരാകാശത്തു ചെലവഴിച്ചത്. ബഹിരാകാശ നടത്തത്തിൽ ഒന്നാം സ്ഥാനം റഷ്യയുടെ അനത്തോളി സോലോവ്യേവിനാണ്. അദ്ദേഹം 16 ദൗത്യങ്ങളിലായി 82 മണിക്കൂർ 22 മിനിറ്റ് ബഹിരാകാശത്തു ചെലവഴിച്ചിട്ടുണ്ട്.

സുനിതയും ബുച്ച് വിൽമറും കഴിഞ്ഞവർഷം ജൂൺ മുതൽ അന്താരാഷ്ട്ര ബഹിരാകാശ സ്റ്റേഷനിൽ കുടുങ്ങിയിരിക്കുകയാണ്. ബോയിംഗ് കമ്പനി വികസിപ്പിച്ച സ്റ്റാർലൈനർ പേടകത്തിന്റെ പ്രഥമ പരീക്ഷണത്തിന്റെ ഭാഗമായി എത്തിയതായിരുന്നു ഇവർ. ഏതാനും ദിവസത്തിനുശേഷം മടങ്ങാനായിരുന്നു പദ്ധതി. പക്ഷേ, പേടകത്തിനു തകരാറുണ്ടായതോടെ മടക്കം നീളുന്നു. മാർച്ചിൽ ഇരുവരെയും ഭൂമിയിലെത്തിക്കാനാണു നാസയുടെ പദ്ധതി.

# ക്രമസമാധാനത്തിന്റെ പേരിൽ മതസ്വാതന്ത്ര്യം നിഷേധിക്കാനാകില്ല

ചെന്നൈ: ക്രമസമാധാനനിലയെ ബാധിച്ചേക്കുമെന്ന ആശങ്കയുടെപേരിൽ മതസ്വാതന്ത്ര്യം നിഷേധിക്കാൻ സാധിക്കില്ലെന്ന് മദ്രാസ് ഹൈക്കോടതി. ബൈബിൾ പഠനകേന്ദ്രത്തിന് അനുമതി നിരസിച്ചതിനെതിരെ കന്യാകുമാരി എരിച്ചമാമ്മൂടുവിളൈ സി.എസ്.ഐ സെക്രട്ടറി ജേക്കബ് സക്കറിയ സമർപ്പിച്ച ഹർജി പരിഗണിക്കവെയാണ് ജസ്റ്റിസ് ആർ.എം.ടി. ടീക്കാ രാമൻ, ജസ്റ്റിസ് എൻ. സെന്തിൽ കുമാർ എന്നിവരുടെ ബെഞ്ചിന്റെ നിരീക്ഷണം. മറ്റ് മതവിഭാഗത്തിൽപ്പെട്ടവരുടെ എതിർപ്പിനെത്തുടർന്നാണ് കളക്ടർ, ബൈബിൾ പഠനകേന്ദ്രത്തിന് അനുമതി നിഷേധിച്ചത്. ക്രമസമാധാനനിലയെ ബാധിക്കാൻ സാധ്യതയുണ്ടെന്ന ആർഡിഒയുടെയും ജില്ലാ പോലീസ് സൂപ്രണ്ടിന്റെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരുന്നു ഇതെന്ന് സർക്കാർ അഭിഭാഷകൻ വിശദീകരിച്ചുവെങ്കിലും കോടതി തള്ളി. ഹർജിക്കാരന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്താണ് പഠനകേന്ദ്രം ആരംഭിക്കുന്നതെന്ന് കോടതി ചൂണ്ടിക്കാട്ടി.

### സാമ്പത്തിക പ്രതിസന്ധി:
# പട്ടികജാതി വിഭാഗങ്ങൾക്കുള്ള പദ്ധതികൾ വെട്ടിക്കുറച്ചു

തിരുവനന്തപുരം: പട്ടിക വിഭാഗങ്ങൾക്കുള്ള 20 പദ്ധതികളിലെ വിവിധതരം സഹായങ്ങൾക്കു നീക്കിവെച്ചിരുന്ന 1.370 കോടിയിൽ 500 കോടി രൂപ സർക്കാർ വെട്ടിക്കുറച്ചു. ലൈഫ് മിഷൻ വഴിയുള്ള ഭവനപദ്ധതിയും ഇതിൽ ഉൾപ്പെടും. ഏറ്റവും പരിഗണന അർഹിക്കുന്ന വിഭാഗമെന്നതു പോലും കണക്കിലെടുക്കാതെയാണ് കടുത്ത സാമ്പത്തിക പ്രതിസന്ധിയെത്തുടർന്നുള്ള ഈ കടുംവെട്ട്.

ഭവനപദ്ധതിക്ക് ബജറ്റിൽ വകയിരുത്തിയ 300 കോടി രൂപയിൽ കുറവു വരുത്തിയതോടെ വിഹിതം 120 കോടി രൂപയാകും.

ഇതിനു പുറമേ, ഹൗസിങ് ബോർഡ് മുഖേന നടപ്പാക്കുന്ന എം.എൻ. സ്മാരക ലക്ഷംവീട് പദ്ധതിക്കു നീക്കിവെച്ച തുകയിലും കുറവുവരുത്തി. മൂന്ന് കോടി രൂപ മൂന്നിലൊന്നായാണു കുറച്ചത്. ഈ പദ്ധതി ഉൾപ്പെടെ ഹൗസിങ് ബോർഡ് നടപ്പാക്കേണ്ട 36.50 കോടി രൂപയുടെ പദ്ധതികൾക്ക് ലഭിക്കുക 16 കോടി രൂപയായിരിക്കും.

പിന്നാക്ക വിഭാഗ വികസന കോർപറേഷന്റെ കീഴിലുള്ള സ്ഥാപനങ്ങൾ നടത്തുന്ന വിവിധ ക്ഷേമ പദ്ധതികൾക്കുള്ള ഓഹരി മൂലധനമായി ഒൻപത് കോടി രൂപ ബജറ്റിൽ അനുവദിച്ചിരുന്നു. ഈ തുക ആവശ്യപ്പെട്ട് കോർപറേഷൻ സർക്കാരിനെ സമീപിച്ചപ്പോഴാണ് തുക ഒന്നരക്കോടിയായി കുറച്ച വിവരം അറിയുന്നത്. സാമ്പത്തിക ഞെരുക്കത്തിന്റെ ഭാഗമായി 10 കോടിക്കു മുകളിലുള്ള പദ്ധതികളിൽ ആവശ്യമില്ലാത്തവ ഒഴിവാക്കാനും 10 കോടിക്കു താഴെയുള്ളവയുടെ തുക പകുതിയായി കുറയ്ക്കാനുമാണു മന്ത്രിസഭ തീരുമാനിച്ചിരുന്നത്. എന്നാൽ, ക്ഷേമപദ്ധതികളിലെല്ലാം കൈവെക്കുകയാണിപ്പോൾ. 10 കോടിക്കു താഴെ ഭരണാനുമതി നൽകിയ പല പദ്ധതികളും പൂർണമായി ഒഴിവാക്കി.

# ന്യൂസിലൻഡിലെ തരാനാകി പർവതത്തിന് വ്യക്തിത്വ പദവി

വെല്ലിംഗ്ടൺ: ന്യൂസിലൻഡിലെ തരാനാകി പർവതത്തിന് ഒരു വ്യക്തിക്കു ലഭിക്കുന്ന അവകാശങ്ങൾ നൽകി സർക്കാർ. ഒരു മനുഷ്യനുള്ള അധികാരങ്ങൾ, കടമകൾ, ഉത്തരവാദിത്വങ്ങൾ, ബാധ്യതകൾ എന്നിവ പർവതത്തിനു നൽകുന്ന നിയമം ജനുവരി 30-നാണ് പാസാക്കിയത്.



ന്യൂസിലൻഡിലെ തരാനാകി പർവതം

ന്യൂസിലൻഡിലെ ഗോത്രവിഭാഗമായ മാവോരികൾ പാവനമായി കരുതുന്ന പർവതമാണിത്. ന്യൂസിലൻഡിലെ വടക്കൻ ദ്വീപിലുള്ള 2518 മീറ്റർ ഉയരമുള്ള മൗണ്ട് തരാനാകി പ്രമുഖ വിനോദസഞ്ചാര കേന്ദ്രമാണ്. തരാനാകി മൗംഗ എന്നും പർവതം അറിയപ്പെടുന്നു.

# ഹൈറിച്ച് തട്ടിപ്പ്കേസ്; മരവിപ്പിച്ച നടപടി സ്ഥിരപ്പെടുത്തി കോടതിവിധി

കണ്ണൂർ: കേരളത്തിലെ ഏറ്റവും വലിയ മണിചെയിൻ തട്ടിപ്പെന്ന് വിശേഷിപ്പിക്കാവുന്ന ഹൈറിച്ച് തട്ടിപ്പ് കേസിൽ കോടതിയുടെ സുപ്രധാന വിധി. പ്രതികളുടെയും കമ്പനിയുടെയും സ്വത്തുക്കൾ മരവിപ്പിച്ച ബഡ്സ് അതോറിറ്റിയുടെ നടപടി തൃശൂർ തേർഡ് അഡീഷണൽ കോടതി സ്ഥിരപ്പെടുത്തിക്കൊണ്ടാണു വിധിയുണ്ടായത്.

കഴിഞ്ഞ വർഷം നവംബറിലാണ് പർച്ചേസ് കൺസയിൻമെന്റ് അഡ്വാൻസ് എന്നപേരിൽ കമ്പനി വാങ്ങിക്കുന്ന പതിനായിരവും അതിന്റെ ഗുണിതങ്ങളും ഒടിടി ബോണ്ട് എന്നപേരിൽ വാങ്ങിക്കുന്ന അഞ്ചുലക്ഷവും അനധികൃത നിക്ഷേപം സ്വീകരിക്കൽ ആണെന്നുകണ്ട് ബഡ്സ് അതോറിറ്റി കമ്പനിയുടെ ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിച്ചത്. പിന്നീട്, മുൻ എംഎൽഎ അനിൽ അക്കര നൽകിയ പരാതിയിൽ ഇഡിയും കേസെടുത്ത് ഹൈറിച്ച് ഉടമ പ്രതാപനെ അറസ്റ്റ് ചെയ്ത് ജയിലിലടച്ചിരുന്നു. ഇഡിയുടെ കേസിൽ കൊച്ചി പിഎംഎൽഎ കോടതിയിൽ കുറ്റപത്രം സമർപ്പിച്ച് വിചാരണ നടക്കുന്ന ഘട്ടത്തിൽ കമ്പനിയുടെ ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിച്ച നടപടി തൃശൂർ ബഡ്സ് കോടതി സ്ഥിരപ്പെടുത്തിയതിനെതിരെ ഹൈറിച്ച് ഹൈക്കോടതിയിൽ ഹർജി നൽകി. തുടർന്ന് ബഡ്സ് അതോറിറ്റി നടത്തിയ മരവിപ്പിക്കൽ നടപടിയിൽ ശക്തമായ വാദപ്രതിവാദങ്ങളാണ് നടന്നത്.

അക്കൗണ്ടുകൾ സ്ഥിരപ്പെടുത്തലിനുള്ള അപേക്ഷ ബഡ്സ് അതോറിറ്റി നൽകാൻ 12 ദിവസം താമസിച്ചുവെന്ന് ചൂണ്ടിക്കാണിച്ച് ഹൈക്കോടതി ബഡ്സ് കോടതി ഉത്തരവ് റദ്ദാക്കിയെങ്കിലും പുതിയ നടപടികൾ സ്വീകരിക്കുന്നതിനു തടസമില്ലെന്നും കോടതി വ്യക്തമാക്കിയിരുന്നു. തുടർന്ന് അന്നുതന്നെ ബഡ്സ് അതോറിറ്റി വീണ്ടും ഹൈറിച്ചിന്റെ ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിച്ചു. ഇതിനെ ചോദ്യം ചെയ്ത് ഹൈറിച്ച് സുപ്രീം കോടതിയിൽ പോയെങ്കിലും സുപ്രീം കോടതി ഇടപെടാൻ തയാറായില്ല. പിന്നീട് ഹൈക്കോടതിയിൽ ഹർജി നൽകിയതിനെത്തുടർന്ന് ബാങ്ക് അക്കൗണ്ട് മരവിപ്പിച്ച നടപടിയിൽ തീരുമാനങ്ങളെടുക്കാൻ ബഡ്സ് കോടതിയെ ചുമതലപ്പെടുത്തുകയായിരുന്നു. ഇതേത്തുടർന്നുള്ള നടപടികളാണ് തൃശൂർ തേർഡ് അഡീഷണൽ സെഷൻസ് കോടതിയിൽ നടന്നുവന്നിരുന്നത്. പതിനായിരത്തിന്റെ ഗുണിതങ്ങളായി അഡ്വാൻസ് എന്ന പേരിൽ വാങ്ങിക്കുന്നതു സ്വകാര്യ ഉടമസ്ഥതയിലുള്ള കമ്പനിയായതിനാൽ ഇത് അനധികൃത നിക്ഷേപമാണെന്നായിരുന്നു സർക്കാർ വാദം.

## മലയാളി നേഴ്സ് രമ്യ ശശിക്ക് അന്താരാഷ്ട്ര അവാർഡ്

കോട്ടയം: മാനവിക മൂല്യങ്ങൾ ഉൾക്കൊണ്ട് രോഗികളെ പരിചരിക്കുന്ന നേഴ്സുമാർക്ക് 'ഡെയ്സി ഫൗണ്ടേഷൻ'ഏർപ്പെടുത്തിയ അന്താരാഷ്ട്ര അംഗീകാരമായ ഡെയ്സി അവാർഡ് മലയാളി നേഴ്സ് രമ്യ ശശിക്ക് ലഭിച്ചു. സൗദി ഖോബേറിലുള്ള അൽ മുഖാസത്ത് ആശുപത്രിയിൽ 13 വർഷമായി നേഴ്സാണ് രമ്യ. അഭിപ്രായ വോട്ടെടുപ്പിലൂടെയാണ് പുരസ്കാര ജേതാവിനെ തെരഞ്ഞെടുത്തത്. വെളിയന്നൂർ ഉറുമ്പനാനിയിൽ യു.ജി. ശശിയുടെയും തങ്കമണി ശശിയുടെയും മകളാണ് രമ്യ. കൂത്താട്ടുകുളം മംഗലത്തുതാഴം മീത്തലയിൽ പറമ്പത്ത് വൈശാഖാണ് ഭർത്താവ്. മക്കൾ: വേദ് വി. നാരായണൻ, ധ്യാൻ വി. നാരായണൻ.

## തട്ടുകടയിൽ സംഘർഷം: പോലീസ് ഉദ്യോഗസ്ഥനെ ചവിട്ടിക്കൊന്നു

ഏറ്റുമാനൂർ: അക്രമിയുടെ ചവിട്ടേറ്റ് പോലീസ് ഉദ്യോഗസ്ഥന് ദാരുണാന്ത്യം. എംസി റോഡിൽ തെള്ളകം മാതാ ആശുപത്രിക്കു സമീപം തട്ടുകടയിലുണ്ടായ സംഭവത്തിൽ കോട്ടയം വെസ്റ്റ് പോലീസ് ഓഫീസർ മാഞ്ഞൂർ ചിറയിൽ വീട്ടിൽ ശ്യാം പ്രസാദ് (44) ആണ് മരിച്ചത്.

സംഭവവുമായി ബന്ധപ്പെട്ട് പെരുമ്പായിക്കാട് സ്വദേശി ജിബിൻ ജോർജി (27) നെ പോലീസ് പിടികൂടി. നിരവധി ക്രിമിനൽ കേസുകളിൽ പ്രതിയാണ് ഇയാൾ. ഫെബ്രുവരി രണ്ടിന് രാത്രി 12 മണിയോടെയാണ് സംഭവം. തട്ടുകടയിൽ ജിബിൻ പ്രശ്നമുണ്ടാക്കുമ്പോഴാണ് ഡ്യൂട്ടി കഴിഞ്ഞ് വീട്ടിലേക്ക് മടങ്ങുംവഴി ശ്യാം പ്രസാദ് ഇവിടെ എത്തിയത്. ശ്യാം പ്രസാദ് പോലീസ് ഉദ്യോഗസ്ഥനാണെന്നു മനസിലാക്കിയ ജിബിൻ യാതൊരു പ്രകോപനവുമില്ലാതെ ആക്രമിക്കുകയായിരുന്നു.

മർദനത്തിൽ താഴെ വീണ ശ്യാം പ്രസാദിന്റെ നെഞ്ചിൽ ഇയാൾ ചവിട്ടി. ചവിട്ടിൽ നെഞ്ചിനേറ്റ മാരക പരുക്കാണ് മരണത്തിന് കാരണമായതെന്നാണ് പ്രാഥമിക നിഗമനം.

രാത്രിയിൽ പട്രോളിംഗ് ഡ്യൂട്ടിയുടെ ഭാഗമായി ഇതുവഴി എത്തിയ കുമരകം എസ്എച്ച്ഒ കെ.എസ്. ഷിജിയുടെ പോലീസ് വാഹനം കണ്ട് പ്രതി ഓടി രക്ഷപ്പെടാൻ ശ്രമിച്ചു. പിന്നാലെ ഓടിയ പോലീസ് ഇയാളെ പിടികൂടുകയായിരുന്നു. പ്രതിയുമായി പോലീസ് സംഘം സംഭവസ്ഥലത്തെത്തുമ്പോൾ ശ്യാം പ്രസാദ് കുഴഞ്ഞു വീണു. ഉടൻ തന്നെ കാരിത്താസ് ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും പുലർച്ചെ രണ്ടു മണിയോടെ മരണം സംഭവിച്ചു.

സംഭവമറിഞ്ഞ് ജില്ലാ പോലീസ് മേധാവി ഷാഹുൽ ഹമീദ് അടക്കം ഉയർന്ന പോലീസ് ഉദ്യോഗസ്ഥർ സംഭവസ്ഥലത്തും ആശുപത്രിയിലും എത്തി. രാവിലെ ഇൻക്വസ്റ്റ് നടപടികൾ പൂർത്തീകരിച്ച് മൃതദേഹം ബന്ധുക്കൾക്ക് വിട്ടുനൽകി. മാഞ്ഞൂർ ചിറയിൽ (തട്ടാംപറമ്പിൽ) പരേതനായ കൃഷ്ണൻകുട്ടിയുടെയും ജാനകിയുടെയും മകനാണ് ശ്യാം. ഭാര്യ: അമ്പിളി. മക്കൾ: ശ്രീലക്ഷ്മി, ശ്രീഹരി, സേതുലക്ഷ്മി.

## സുരേഷ് ഗോപിയുടെ പ്രസ്താവന വിവാദമായി

(ഒന്നാം പേജിൽ നിന്നും)

"ആദിവാസി വിഭാഗത്തിൽനിന്നുള്ള ഒരാളെ മാത്രമേ ആദിവാസി വകുപ്പ് മന്ത്രിയാക്കാൻ കഴിയൂ എന്നത് നമ്മുടെ നാടിന്റെ ശാപമാണ്. ആദിവാസി സമൂഹത്തിനു പുറത്തുള്ള ഒരാളെ അവരുടെ ക്ഷേമത്തിനായി നിയമിക്കണമെന്നത് എന്റെ സ്വപ്നവും പ്രതീക്ഷയുമാണ്. ഒരു ബ്രാഹ്മണനോ നായിഡുവോ ചുമതലയേൽക്കട്ടെ. കാര്യമായ മാറ്റമുണ്ടാകും.

ആദിവാസി വകുപ്പ് മന്ത്രിസ്ഥാനം എനിക്കു തരണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദിയോട് അഭ്യർത്ഥിച്ചതാണ്. പക്ഷേ, വകുപ്പ് വിഭജനത്തിൽ ചില മുൻവിധികളുണ്ടല്ലോ" എന്നും തൃശൂരിൽ നിന്നുള്ള എംപി പറഞ്ഞു.

നിലവിൽ, ഒഡീഷയിൽ നിന്നുള്ള പ്രമുഖ ഗോത്രമുഖമായ ബിജെപി നേതാവ് ജുവൽ ഓറമാണ് മോദി മന്ത്രിസഭയിൽ ഗോത്രകാര്യ വകുപ്പ് കൈകാര്യം ചെയ്യുന്നത്.

സുരേഷ് ഗോപി പരാമർശം കേരളത്തിലുടനീളം വ്യാപക വിമർശനങ്ങൾക്ക് വഴിമാറി. അതോടെ, പ്രസ്താവന ഇഷ്ടപ്പെട്ടില്ലെങ്കിൽ പിൻവലിക്കുന്നുവെന്ന് അദ്ദേഹം തിരുത്തി. "നല്ല ഉദ്ദേശത്തോടെയാണ് ഞാൻ സംസാരിച്ചത്. വേർതിരിവ് മാറ്റണമെന്നാണ് ഉദ്ദേശിച്ചതും. പക്ഷേ, പരാമർശം വളച്ചൊടിച്ചു.

ഞാൻ ഹൃദയത്തിൽ നിന്നാണ് പ്രസംഗിച്ചത്. വകുപ്പു വിതരണത്തിലെ ജാതിവിവേചനം അവസാനിപ്പിക്കുക എന്നത് മാത്രമാണ് ഉദ്ദേശിച്ചത്. ഒരു ഗോത്രവിഭാഗത്തിൽ നിന്നുള്ള സ്ത്രീയെ രാഷ്ട്രപതിയായി നിയമിച്ച പാർട്ടിയുടെ ഭാഗമാണ് ഞാൻ"- സുരേഷ് ഗോപി വിശദീകരിച്ചു.

## 12.75 ലക്ഷം വരെ വാർഷിക വരുമാനത്തിന് നികുതിയില്ല

(ഒന്നാം പേജിൽ നിന്നും)

സംസ്ഥാനങ്ങൾക്ക് 50 വർഷത്തേക്ക് പലിശരഹിത വായ്പ. 36 ജീവൻരക്ഷാ മരുന്നുകൾക്ക് കസ്റ്റംസ് ഡ്യൂട്ടി ഒഴിവാക്കി. ഇൻഷ്വറൻസ് മേഖലയിൽ നേരിട്ടുള്ള വിദേശനിക്ഷേപം 74-ൽ നിന്ന് 100 ശതമാനമാക്കി ഉയർത്തി. സംസ്ഥാനങ്ങളുടെ സഹകരണത്തോടെ ഇന്ത്യയിലെ 100 ജില്ലകളിൽ പങ്കാളിത്തത്തോടെ പ്രൈം മിനിസ്റ്റർ ധൻ-ധാന്യ കൃഷി യോജന നടപ്പാക്കും. ആസാമിൽ 12.7 ലക്ഷം മെട്രിക് ടൺ ശേഷിയുള്ള യൂറിയ പ്ലാന്റ് നിർമിക്കും. ബീഹാറിൽ മഖാന ബോർഡ് രൂപവത്കരിക്കും. അഞ്ചു വർഷത്തിനകം ഗവ. സ്കൂളുകളിൽ 50,000 അടൽ ടിങ്കറിംഗ് ലാബുകൾ സ്ഥാപിക്കും. എല്ലാ ഗവ. സെക്കൻഡറി സ്കൂളുകളിലും ഗ്രാമീണമേഖലകളിലെ പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും ബ്രോഡ്ബാൻഡ് കണക്ടിവിറ്റി ലഭ്യമാക്കും. ഹോം സ്റ്റേകൾക്കു മുദ്ര ലോൺ. സംസ്ഥാനങ്ങളുമായി സഹകരിച്ച് 50 വിനോദസഞ്ചാരകേന്ദ്രങ്ങൾ വികസിപ്പിക്കും. ഇന്ത്യയിലെ മെഡിക്കൽ കോളജുകളിൽ 10,000 സീറ്റുകൾ വർധിപ്പിക്കും. അടുത്ത അഞ്ചു വർഷത്തിനുള്ളിൽ 75,000 മെഡിക്കൽ സീറ്റുകൾ സൃഷ്ടിക്കും. മൂന്നു വർഷത്തിനുള്ളിൽ എല്ലാ ജില്ലാ ആശുപത്രികളിലും ഡേ കെയർ കാൻസർ സെന്ററുകൾ സ്ഥാപിക്കും. എഐ പഠനത്തിന് സെന്റർ ഓഫ് എക്സലൻസ് സ്ഥാപിക്കുന്നത് 500 കോടി. ഇന്ത്യാ പോസ്റ്റിനെ വലിയ ലോജിസ്റ്റിക് കമ്പനിയാക്കും. ഇന്ത്യയിലെ ഒന്നര ലക്ഷം പോസ്റ്റ് ഓഫീസുകൾ വഴിയാണ് പദ്ധതി നടപ്പാക്കുക. 7.7 കോടി കർഷകർക്ക് കിസാൻ ക്രെഡിറ്റ് കാർഡുകൾ. വായ്പാപരിധി അഞ്ചു ലക്ഷമാക്കി ഉയർത്തി. ബീഹാറിൽ ഗ്രീൻഫീൽഡ് വിമാനത്താവളങ്ങൾ. അങ്കണവാടികൾക്കായി പ്രത്യേക പദ്ധതി. അമ്മമാർക്കും കുഞ്ഞുങ്ങൾക്കും പോഷകാഹാര പദ്ധതി. സ്റ്റാർട്ടപ്പുകളുടെ വളർച്ചയ്ക്ക് 10,000 കോടി. വനിതാ സംരംഭകർക്ക് രണ്ടുകോടി രൂപവരെ വായ്പ. ഇന്ത്യയെ കളിപ്പാട്ടങ്ങളുടെ ആഗോള കേന്ദ്രമാക്കും. പാദരക്ഷ നിർമാണ മേഖലയിൽ 22 ലക്ഷം തൊഴിലവസരം. ആണവമേഖലയിൽ സ്വകാര്യ പങ്കാളിത്തം. കാൻസർ പോലുള്ള ഗുരുതര രോഗചികിത്സയ്ക്കുള്ള 36 ജീവൻരക്ഷാ മരുന്നുകൾക്ക് സമ്പൂർണ നികുതിയിളവ് നൽകുമെന്ന് ധനമന്ത്രി പ്രഖ്യാപിച്ചു. ഇതോടൊപ്പം 37 മരുന്നുകൾക്കും 13 രോഗീസഹായ പദ്ധതികൾക്കും നികുതി പാടെ ഒഴിവാക്കി. ആറ് ജീവൻരക്ഷാ മരുന്നുകളുടെ നികുതി അഞ്ചു ശതമാനമാക്കി കുറച്ചു.

പയർ വർഗങ്ങളുടെ ഉത്പാദനം കൂട്ടി സ്വയംപര്യാപ്തത ലക്ഷ്യമിട്ട് ആറു വർഷത്തെ പദ്ധതി പ്രഖ്യാപിച്ചു. ഉത്പാദനം കുറഞ്ഞ 100 ജില്ലകൾക്കായി പിഎം ധൻ ധന്യ കൃഷി യോജന പദ്ധതിയാണു പുതിയ മറ്റൊന്ന്. കിസാൻ ക്രെഡിറ്റ് കാർഡിൽനിന്നുള്ള വായ്പാപരിധി മൂന്നിൽനിന്ന് അഞ്ചു ലക്ഷം രൂപയാക്കി ഉയർത്തി. ഇതൊഴികെ, കർഷകരുടെ വരുമാനവർധനയ്ക്കും കാർഷികോത്പന്നങ്ങളുടെ ന്യായവിലയ്ക്കും സഹായകമായ പദ്ധതികളോ, കാർഷിക കടാശ്വാസമോ ബജറ്റിലില്ല.

സംസ്ഥാനങ്ങൾക്ക് 50 വർഷത്തേക്ക് പലിശരഹിത വായ്പയാണു മറ്റൊരു സുപ്രധാന തീരുമാനം. പത്ത് വർഷത്തിനുള്ളിൽ 100 ചെറുവിമാനത്താവളങ്ങൾ നിർമിക്കും. നിർമിതബുദ്ധിക്കായി 500 കോടി രൂപ മുടക്കി മികവിന്റെ കേന്ദ്രങ്ങൾ തുടങ്ങും. 2025 സാമ്പത്തികവർഷത്തിലെ ധനക്കമ്മി ജിഡിപിയുടെ 4.8 ശതമാനമായും 2026 സാമ്പത്തികവർഷത്തിൽ 4.4 ശതമാനമായും കുറയുമെന്ന് കണക്കാക്കിയിട്ടുണ്ട്.

ദരിദ്രർ, യുവാക്കൾ, കർഷകർ, സ്ത്രീകൾ എന്നിവർക്കാണു ബജറ്റിൽ പ്രധാന പരിഗണനയെന്ന് ധനമന്ത്രി പറഞ്ഞു. സാമ്പത്തിക വളർച്ചയുടെ പ്രധാന വഴികളായി കൃഷി, എംഎസ്എംഇ നിക്ഷേപം, കയറ്റുമതി എന്നിവയ്ക്കാകും ഊന്നൽ. വികസിത ഭാരതമെന്ന ലക്ഷ്യത്തിലേക്ക് അടുക്കുന്നതാണ് ബജറ്റെന്ന് പ്രധാനമന്ത്രി മോദി പറഞ്ഞു. എന്നാൽ ഫെബ്രുവരി അഞ്ചിന് വോട്ടെടുപ്പു നടക്കുന്ന ഡൽഹിയിലെ ശമ്പളക്കാരായ വോട്ടർമാരെയും മാസങ്ങൾക്കകം തെരഞ്ഞടുപ്പ് നടക്കുന്ന ബീഹാറിലെ വോട്ടർമാരെയും ലക്ഷ്യമിട്ടുള്ള രാഷ്ട്രീയമാണു ബജറ്റിലെന്ന് പ്രതിപക്ഷം കുറ്റപ്പെടുത്തി.

## ഓർമാ അന്താരാഷ്ട്ര പ്രസംഗമത്സരം

(18-ാം പേജിൽനിന്നും)

അലക്സ് കുരുവിള (മാനേജിങ് ഡയറക്ടർ കാർനെറ്റ് ബുക്സ്), ഡോ. ആനന്ദ് ഹരിദാസ് MD, MMI, FACC (സ്പെഷലിസ്റ്റ് ഇൻ ക്ലിനിക്കൽ കാർഡിയോവാസ്കുലർ മെഡിസിൻ), ഡോ. ജയരാജ് ആലപ്പാട്ട് (സീനിയർ കെമിസ്റ്റ്), ഷൈൻ ജോൺസൺ (റിട്ട. എച്ച്.എം. എസ്എച്ച് ഹയർ സെക്കൻഡറി സ്കൂൾ, തേവര) എന്നിവരാണ് ഡയറക്ടർമാർ. എബി ജെ. ജോസ് (ചെയർമാൻ മഹാത്മാഗാന്ധി നാഷണൽ ഫൗണ്ടേഷൻ)-സെക്രട്ടറി ഷാജി അഗസ്റ്റിൻ-ഫിനാൻഷ്യൽ ഓഫീസർ, മിസ് എയ്മിലിൻ റോസ് തോമസ് (യു എൻ സ്പീച്ച് ഫെയിം ആൻഡ് യൂണിവേഴ്സിറ്റി ഓഫ് പെൻസിൽവാനിയ സ്റ്റുഡന്റ്)-യൂത്ത് കോ-ഓർഡിനേറ്റർ.

സജി സെബാസ്റ്റ്യൻ (പ്രസിഡണ്ട്), ക്രിസ്റ്റി ഏബ്രഹാം (ജനറൽ സെക്രട്ടറി), ജോസ് ആറ്റുപുറം (ട്രസ്റ്റീ ബോർഡ് ചെയർമാൻ), റോഷൻ പ്ലാമൂട്ടിൽ (ട്രഷറർ), പബ്ലിക് ആൻഡ് പൊളിറ്റിക്കൽ അഫെയർ ചെയർ വിൻസെന്റ് ഇമ്മാനുവൽ, ഓർമാ കേരള ചാപ്റ്റർ പ്രസിഡണ്ട് കുര്യാക്കോസ് മണിവയലിൽ എന്നീ ഓർമാ രാജ്യാന്തര ഭാരവാഹികളും ടീമിലുണ്ട്. സിനർജി കൺസൾട്ടൻസിയിലെ ബെന്നി കുര്യൻ, സോയി തോമസ് എന്നിവരാണ് പ്രസംഗ പരിശീലനങ്ങൾക്ക് നേതൃത്വം നല്കുന്നത്. ജോർജ് കരുണയ്ക്കൽ, പ്രഫ. ടോമി ചെറിയാൻ എന്നിവർ മെന്റേഴ്സായി പരിപാടികൾക്ക് നേതൃത്വം നല്കുന്നു.

ഓർമയൊരുക്കുന്ന അന്താരാഷ്ട്ര പ്രസംഗമത്സരത്തിന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി നിരവധി പ്രൊമോട്ടർമാരുടെയും അനേകം ബിസിനസ് സ്പോൺസർമാരുടെയും പിന്തുണയുണ്ട്.

2009-ൽ അമേരിക്കയിലെ ഫിലാഡൽഫിയയിലാണ് ഓർമാ ഇന്റർനാഷണൽ എന്ന ഓവർസീസ് റസിഡന്റ് മലയാളീസ് അസോസിയേഷൻ പ്രവർത്തനമാരംഭിക്കുന്നത്. ആറു റീജിയണുകളിലായി നിരവധി പ്രൊവിൻസുകളും അവയ്ക്കു കീഴിൽ ചാപ്റ്ററുകളും യൂണിറ്റുകളുമായി ലോകം മുഴുവൻ വ്യാപിച്ചുകിടക്കുന്ന ഒരു അന്താരാഷ്ട്ര സംഘടനയായി ഓർമ വളർന്നുകൊണ്ടിരിക്കുന്നു.

SUBSCRIPTION FORM

I.D. # ________ Date ________ Expiration Date ________

Name ________

Address ________

City ________ State ________ Zip ________

Phone: ________ Email: ________

Signature: ________

❑ Enclosing $ 200.00 for five years.
❑ Enclosing my subscription of $ 54.00 for one year.
❑ Enclosing my subscription of $99.00 for two years.
❑ Please don't send newspaper to my address.

Take Advantage Of Our New Low Rates

| Yearly | 2 Years | 5 Years |
|---|---|---|
| $ 54 00 | $ 99 00 | $ 200 00 |

Payment Method ❑ Cheque Cheque # ________

❑ Visa ❑ Mastercard ❑ Discover ❑ AMEX. Exp. Date ________

CARD ACCOUNT NUMBER

SEC. CODE:

Please make the Cheque payable to

KERALA EXPRESS

3425 CLEVELAND ST, SKOKIE, ILLINOIS 60076

630 728 7956 FAX : 773 304 1917

Subscription fee non-refundable

# THANNIKKARY VACATION HOME

**S.H.MOUNT P.O., KOTTAYAM 686006, KERALA**

FEATURES:
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by,
All Bedrooms are AC with attached bathrooms



For booking:
ABRAHAM THANNIKARI
USA - 630 491-6165
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com



പ്രശസ്ത ക്രിസ്തീയ ഗാനകാവ്യരചയിതാവും ക്രൈസ്തവ സാഹിത്യകാരിയുമായ
സിസ്റ്റർ സൂസൻ ബി. ജോൺ ഫ്ളോറിഡ
രചിച്ച് പാരഡൈസ് ഓഡിയോ മിനിസ്ട്രീസ് പുറത്തിറക്കിയ
ഓഡിയോ വീഡിയോ ഗാനങ്ങൾ




പുസ്തകം ലഭിക്കുന്നതിനായി
ബന്ധപ്പെടുക
Paradise Audio Ministries Bookstall
26th
North American Church of God
PREPARE CONFERENCE, ATLANTA, GA

www.facebook.com/susan.babu.52493



USA - FL
Sis. Susan B. John
Cell: 954 465 5758
Email: susanbabu627@yahoo.com
www.paradiseaudioministries.com

YouTube channel: susan b. john



Paradise
Audio Ministries FL

INDIA
Br. Jimu Saji: 0091 9048803011
Pr. Peter P. John: 0091 9447339991
Br. John David: 0091 7025474120

YouTube Watch Many More



# Grace CONVENTION CENTER
Punnamoodu, Mavelikara



Celebrate your Dreams With Us...

DESTINATION Wedding Package in KERALA

**Rate : $ 25,000 /- (Dollars Only)**

(This package Includes 500 pax - guest)

| SERVICES | EVENTS |
|---|---|
| PHOTOGRAPHY | WEDDING PLANNING, |
| STAGE DECORATION | ENGAGEMENT |
| CATERING SERVICE: (Kerala sadhya, Christian Meals, Dum Biriyani, North Indian Food) | FUNERAL SERVICE, |
| FUSION, TALLMAN SECURITY, | BETROTHAL, BAPTISM, |
| PREMIUM CARS, ENTERTAINMENT | BIRTHDAY PARTIES, |
| CHURCH CHOIR, ANCHORING | HOUSE WARMING |
| LED WALL, LIVE STREAMING | BUSINESS CONFERENCE |
| | GET TOGETHER Etc; |



TOLL FREE 1800-572-5667
FOLLOW US NOW
+91 9188751000
+91 9633949676,+91 8547805929
info@graceconventioncenter.com
www.graceconventioncenter.com
For Location And Feedback
Kindly scan the QR

GRACE CONVENTION CENTER
Celebrate your Dreams with Us

"നീതിമാന്റെ ഓർമ്മ വാഴ്‌വിനായി തീരും" (സദൃ. 10:7)

## പരിശുദ്ധ ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവയുടെ

## 93–ാം

# ഓർമ്മപ്പെരുന്നാൾ



**St. Mark's Knanaya Church - Chicago**
**361 Marion Ave, Aurora, IL - 60505**

2025 ഫെബ്രുവരി 8, 9 തീയതിതളിൽ






മോറാൻ മോർ ഇഗ്നാത്തിയോസ് അപ്രേം ദ്വിതീയൻ പാത്രിയർക്കീസ് ബാവ



യൽദോ മോർ തീത്തോസ് മെത്രാപ്പോലീത്ത




ആയൂബ് മോർ സിൽവാനോസ് മെത്രാപ്പോലീത്ത



വെ. റവ. സ്കറിയ തെലാപ്പള്ളിൽ കോർ എപ്പിസ്കോപ്പ



റവ. ഫാ. മാത്യു കരുത്തലക്കൽ



റവ. ഫാ. തോമസ് മേപ്പുറത്ത്




റവ. ഫാ. ലിജു പോൾ



റവ. ഫാ. അനീഷ് സ്കറിയ തെലാപ്പള്ളിൽ



ദെയ്റോയോ അബ്രോഹോം യാഖൂബ്



റവ. ഡീക്കൻ സുമിത് ലിജു

**വിശുദ്ധ കുർബാനയിൽ ഓർക്കാനുള്ള പേരുകൾ അതാത് പള്ളികളിൽ നൽകേണ്ടതാണ്. പെരുന്നാൾ ദിവസം പാച്ചോർ നേർച്ചയായി സമർപ്പിക്കാൻ സൗകര്യമുണ്ട്.**

**Contacts** / Joji Kuriakose 847 571 4965, Jojo K. Joy 224 610 9652, Rodney Simon 630 730 8218

പ്രിയരെ,

മഞ്ഞിനിക്കരയിൽ കബറടങ്ങിയിരിക്കുന്ന പരിശുദ്ധ **ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവയുടെ 93–ാമത് ഓർമ്മപ്പെരുന്നാൾ** ചിക്കാഗോയിലെ സെന്റ് പീറ്റേഴ്സ്, സെന്റ് ജോർജ്, സെന്റ് മാർക്സ് ക്നാനായ എന്നീ യാക്കോബായ സുറിയാനി ഓർത്തഡോക്സ് ഇടവകകളുടെ സംയുക്താഭിമുഖ്യത്തിൽ **2025 ഫെബ്രുവരി 8, 9 (ശനി, ഞായർ)** തീയതികളിൽ സെന്റ് മാർക്സ് ക്നാനായ പള്ളിയിൽവെച്ച് പൂർവ്വാധികം ഭംഗിയായി കൊണ്ടാടുവാൻ കർത്താവിൽ പ്രത്യാശിക്കുന്നു. വിശ്വാസികളേവരും നേർച്ച കാഴ്ചകളോടെ പരിശുദ്ധന്റെ ഓർമ്മപ്പെരുന്നാളിൽ സംബന്ധിച്ച് അനുഗ്രഹം പ്രാപിപ്പാൻ ദൈവനാമത്തിൽ താൽപ്പര്യപ്പെടുന്നു.

**For Perunnal Council**
**V. Rev. Skariya Thelappillil Cor-Episcopos**
**Rev. Fr. Thomas Mapurath**
**Rev. Fr. Mathew Karuthalackal**
**Rev. Fr. Liju Paul**
**Rev. Fr. Anish Skariya Thelappillil**

## കാര്യപരിപാടികൾ

**02 Sunday, February 2025**

12.30 pm : Flag Hoisting at **St. Mark's Knanaya Church**

**08 Saturday, February 2025**

05.30 pm : Procession (Weather permitting)
06.30 pm : Evening Prayer
07.15 pm : Gospal message
Church Choir Fest, Benediction & Dinner

**09 Sunday, February 2025**

09.00 am : Morning Prayer
09.45 am : **Holy Tri Mass (വി. മൂന്നിന്മേൽ കുർബാന)**
Chief celebrant: **H.E. Dr. Ayub Mor Silvanos**
(Metropolitan of America, Canada & Europe Region of the Knanaya Archdiocese)
11.30 am : Benediction, Chendamelam
12.30 pm : Luncheon
02.00 pm : Flag lowering

*BEST WISHES FROM*

**STANLY & MERCY KALARIKAMURIYIL**













Printed at **GRACE PRINTING**, Skokie, Illinois and Published by Grace Publications Inc. Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**